മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത്

വികസന റിപ്പോർട്ട്



"മജ്ജയും മാംസവുമാർന്ന
ഇമ്മട്ടിലൊരാൾ ഈ ഭൂമിയിൽ
ജീവിച്ചിരുന്നതായി
വരുംതലമുറ വിശ്വസിക്കില്ല"

എന്താണ് വികസനം ?

നീതിപൂർവ്വകമായ വിതരണത്തിൽ അധിഷ്ഠിതമായതും
സ്ഥായിയായതുമായ സമ്പത്തിന്റെ ക്രമാനുഗതമായ ഉൽപ്പാദനത്തെയാണ്
വികസനം എന്നു പറയുന്നത്.
ഇത് സമയബന്ധിതമായിരിക്കുകയും വേണം.

മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത്

സമഗ്ര വികസന രേഖ



മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ

കെ. ഗോപാലപിള്ള
1953 - 1963

ഗോപാലൻമുതലാളി
1963 - 1979

പി. കെ. നടരാജൻ
1979 - 1988

എൻ. ശിവദാസൻ
1988 - 1995

എം. . ജോസുകുട്ടി
(ജില്ലാ പഞ്ചായത്ത്
അംഗം)

കെ. കെ. ബ്രഹ്മാനന്ദൻ
(ബ്ലോക്ക് പഞ്ചായത്ത്
വൈ.പ്രസിഡന്റ്)

കെ. ദിവാകരൻ
(കൺവീനർ
ജനകീയാസൂത്രണം)



മാർഗ്ഗനിർദ്ദേശികളും സഹായികളും

സർവ്വശ്രീ.കെ.കെ.ബ്രഹ്മാനന്ദൻ
(ബ്ലോക്ക് പഞ്ചാ. വൈ.പ്രസിഡന്റ്, ചിറ്റുമല)
എൻ.ബാഹുലേയൻ
(Rtd. H.M., V.S.U.P.S)
സഹദേവൻ
(Rtd. B.D.O.)
എൻ.സോമനാഥ പണിക്കർ
(Rtd. Agr. Officer)
കെ.തങ്കപ്പൻ
(Rtd. Engineer)
കെ.അശോക് കുമാർ
(President M.S.C.B.)
വാസവൻ കൊന്നയിൽ
ഭവാനന്ദൻ
(Rtd. Teacher)
മോശ പെരുങ്ങാലം
കെ.മധു
(പഞ്ചാ. വൈ.പ്രസിഡന്റ്)
ആർ.അനിറ്റ
(ഗ്രാമ പഞ്ചാ.സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ)
ആർ.സരളാമണി
(ഗ്രാമ പഞ്ചാ. മെമ്പർ)
എൻ.ഗോപി
(ഗ്രാമ പഞ്ചാ. മെമ്പർ)
എം.പുഷ്പ്പമ്മ
(ഗ്രാമ പഞ്ചാ. മെമ്പർ)
ആർട്ടിസ്റ്റ് രഘു, മൺറോത്തുരുത്ത്
എം.ബി.കിഷോർ കുമാർ, പട്ടംതുരുത്ത്
കെ.ഷാജി കണ്ടാംകാണി

◆

കമ്പ്യൂട്ടർ ടൈപ്പ്സെറ്റിംഗ് & ലെഔട്ട്
മാസ് കമ്പ്യൂട്ടർ ഗ്രാഫിക്സ്, കൊല്ലം.
✆ 740120

◆

പ്രിന്റിംഗ്
ചമയം, അഞ്ചാലുംമൂട്, കൊല്ലം
✆ 552287

◆

പഞ്ചായത്ത് ഭരണസമിതി



അഡ്വ: ബി. ശിവപ്രസാദ്
(പ്രസിഡന്റ്)



കെ. മധു
(വൈസ് പ്രസിഡന്റ്)

ആർ. അനിറ്റ
(ചെയർ പേഴ്സൺ, സ്റ്റാൻഡിംഗ് കമ്മിറ്റി)

അംഗങ്ങൾ

ആർ. സരളാമണി
അഡ്വ. വി. ദേവരാജൻ
എസ്. മണിലാൽ
എൻ. ഗോപി
എം. പുഷ്പമ്മ

മൺറോതുരുത്ത് (കവിത)

നമ്മുടെ മുത്തച്ഛന്മാരിവിടെ വസിക്കും
നൂറാമാണ്ടിൻമുമ്പിവിടുത്തെ
കാര്യംകേട്ടാലെത്ര വിചിത്രം !
ഇന്നിക്കാണും കരകളുമില്ല, ങ്ങേറിയ
ഭാഗം കായലുതന്നെ, ങ്ങതിനിടയിൽ
ച്ചിലദ്വീപുകൾ കാണാം അങ്ങിങ്ങായി.
പുഞ്ചനിലത്തിൻ കൊക്കുകൾ കൊറ്റും
നോക്കിയിരിക്കും പോലതുതോന്നും
പുറമേ നിന്നിഹ നോക്കുന്നളവിൽ
പശ്ചിമഭാഗേ ഔന്നത്യത്തിൽ
പെരുങ്ങാലമതിന്നുത്തരദിശി
മലയിൽഭാഗം ദൃശ്യമതാകും
പെരുമൺകായൽ കടന്നുവരുമ്പോൾ
തെക്കേയറ്റം പേഴുകളൊന്നും
കാണാനില്ലെന്നാകിലുമിന്നും ചൊല്ലും
പേഴും ചേർന്നുവരുന്ന തുരുത്ത്
അതിനോടുചേർന്നാണെന്നേ തോന്നൂ
ദൂരക്കാഴ്ചയിലെന്നാൽ
ചേരാതെങ്ങനെ നിൽക്കും
പട്ടൻതന്റെ തുരുത്തും കാണാം.
നീറ്റിന്നിടയിൽകാണും ചെറിയതുരുത്ത്
നീറ്റിൻതുരുത്തുമതെന്നിഹ ചൊൽവൂ!
പൂർവ്വോത്തരദിശിയിൽ പൊലിമയിൽ നിൽക്കും
വില്ലീമംഗലയവളൊടുചേർന്നഥ
വീതികുറഞ്ഞവരമ്പുകളാറ്റിൻ
തീരത്തൂടെ നീണ്ടുകിടപ്പൂ നെന്മേനിയു
മിവുടുന്നനുബന്ധമതായ്.
കാടും മടയും മാറാതുള്ളൊരു
കണ്ടാംകാണിയുമതിനൊടുതഴുകി
ക്കായലുമാറും പുണർന്നുനിലയ്ക്കും
കിടപ്പൂറവും കാണുന്നല്ലോ ?
വർഷംതോറും, വർഷംകൂടീ-
ട്ടാറ്റിലെ വെള്ളത്തള്ളൽമൂലം
കായൽനികന്നത് കരയാകുമ്പോൾ
കൺപൊട്ടികളും വണ്ടൽ ചുണ്ടയു-
മോരപറച്ചൽ കാനനസന്തതി
നികരം വന്നതു വളരും കാടുമതാകും
കാടുതെളിച്ചത് നാടാക്കീട്ട്
കൂടുംകെട്ടി താമസമാകും.
ആറ്റിലിറങ്ങി ചെളികുത്തിയും
ആറ്റിലെ മണ്ണത് വാരിയെടുത്തും
കൊറ്റിന്നുള്ളത് തെറ്റാതന്നേ
നേടിയിരുന്നു.
കാലംമാറി, കോലംമാറി, കാര്യ
മിതാകെ പാടേമാറി
പദ്ധതിയെട്ടും ബത വഞ്ചിയുമൂന്നി
നടക്കുന്നിന്നും ലജ്ജിതരായിനമ്മളിവിടെ!



കാട്ടുംതലയ്ക്കൽ ഗോപി

ശിൽപികൾ

അഡ്വ: ബി.ശിവപ്രസാദ്
(ഗ്രാമപഞ്ചാ. പ്രസിഡന്റ്)

കെ.ദിവാകരൻ
(കൺവീനർ, ജനകീയ ആസൂത്രണം)

കെ.ശാന്തകുമാർ D.R.P

കെ.ബിനു D.R.P

ഡി.വിമല D.R.P

ഡി.സരോജൻ L.R.P

ബി.രവികുമാർ D.R.P

സമൂഹത്തിന്റെ ഒട്ടാകെയുള്ള നന്മയ്ക്കുവേണ്ടി സാമൂഹ്യനിയന്ത്രണങ്ങൾക്ക് വഴങ്ങുന്നത് വ്യക്തിയെയും അവൻ അംഗമായ സമൂഹത്തെയും സമ്പന്നമാക്കുന്നു.

-ഗാന്ധിജി-

അധികാരവികേന്ദ്രീകരണത്തിന്റെ മന്ത്രധ്വനി മുഴങ്ങവെ ഈ ഐതിഹാസിക യജ്ഞത്തിൽ നമുക്ക് പങ്കാളികളാകാം. നാടിന്റെ ശ്രേയസ്സിന് നമ്മുടെ കർമ്മശേഷി കാഴ്ചവയ്ക്കാം.

താളുകളിലൂടെ.....

ആമുഖം 13
ഇന്നലെകളിലേയ്ക്ക് ഒരു എത്തിനോട്ടം 15
ഭൂപ്രകൃതി-ജലപ്രകൃതി-ജനപ്രകൃതി 18
കൃഷിയും ജലസേചനവും 27
മത്സ്യമേഖല 31
മൃഗസംരക്ഷണം 35
വ്യവസായം 38
വിദ്യാഭ്യാസം 40
കുടിവെള്ളവും പൊതുജനാരോഗ്യവും പരിസരശുചിത്വവും 47
ഗതാഗതം, ഊർജ്ജം 50
പാർപ്പിടവും സാമൂഹ്യക്ഷേമവും 53
സംസ്ക്കാരം 55
വനിത 57
സഹകരണം 59
പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം 63
വിഭവസമാഹരണം 65
സന്ദേശം 68



പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര് ..... മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്ത്

ഉൾപ്പെടുന്ന വില്ലേജ് ..... മൺറോത്തുരുത്ത്

ബ്ലോക്ക് പഞ്ചായത്ത് ..... ചിറ്റുമല

ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ ..... മൺറോതുരുത്ത്

ജില്ലാ പഞ്ചായത്ത് ഡിവിഷൻ ..... കുണ്ടറ

ജില്ലാ പഞ്ചായത്ത് ..... കൊല്ലം

താലൂക്ക് ..... കൊല്ലം

അസംബ്ലി മണ്ഡലം ..... കുണ്ടറ

വിസ്തീർണ്ണം ..... 13.6 ച.കി.മി

അതിരുകൾ ..... വടക്കുകിഴക്ക്, കിഴക്കേക്കല്ലട പഞ്ചായത്ത്
കിഴക്ക് പേരയം പഞ്ചായത്ത്, തെക്ക്, പെരിനാട് പഞ്ചായത്ത്
തെക്കുപടിഞ്ഞാറ് തെക്കുംഭാഗം പഞ്ചായത്ത്
പടിഞ്ഞാറ് തേവലക്കര പഞ്ചായത്ത്
വടക്ക് പടിഞ്ഞാറേ കല്ലട പഞ്ചായത്ത്

ജനസംഖ്യ 10,350

ജനസാന്ദ്രത 763

പുരുഷന്മാർ 5,252

സ്ത്രീകൾ 5,128

വാർഡുകൾ 8

പ്രസിഡന്റിന്റെ പേര് ..... ബി.ശിവപ്രസാദ്

വൈസ് പ്രസിഡന്റിന്റെ പേര് ..... കെ.മധു

സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ ..... ആർ.അനിറ്റ

ആമുഖം

കേരളത്തിന്റെ 9-ാം പദ്ധതി ജനകീയപങ്കാളിത്തത്തോടെ നടപ്പിലാക്കുവാനാണ് സംസ്ഥാനഗവൺമെന്റിന്റെയും പ്ലാനിംഗ് ബോർഡിന്റെയും തീരുമാനം. പദ്ധതി ആസൂത്രണംമുതൽ അതിന്റെ നടത്തിപ്പും മോനിട്ടറിംഗും ഉൾപ്പെടെയുള്ള എല്ലാക്കാര്യങ്ങളും പ്രാദേശികമായി ചെയ്യണമെന്നതാണ് ഇതുകൊണ്ട് വിവക്ഷിക്കുന്നത്.

കഴിഞ്ഞ 8 പഞ്ചവത്സര പദ്ധതികളുടെയും ആസൂത്രണത്തിലും നടത്തിപ്പിലും ജനകീയപങ്കാളിത്തം തീരെയുണ്ടായിരുന്നില്ല എന്നുകാണാം. കേന്ദ്ര സംസ്ഥാന പ്ലാനിംഗ് വിഭാഗങ്ങളിലെ വിദഗ്ധരും ഭരണകർത്താക്കളും ചേർന്ന് പദ്ധതികൾക്ക് രൂപംനൽകുകയും അതിൻപ്രകാരം വകയിരുത്തുന്ന തുക വിവിധവകുപ്പുകൾക്കായി തിരിച്ചു നൽകുകയും ചെയ്തിരുന്നു. ഇത്തരത്തിൽ മുകളിൽനിന്ന് പദ്ധതികൾ താഴേത്തട്ടിലേയ്ക്ക് അടിച്ചേൽപ്പിക്കുന്ന രീതിയാണ് അവലംബിച്ചിരുന്നത്. പദ്ധതികൾ പലതും പൂർത്തിയായപ്പോൾ നാം തയ്യാറാക്കിയ ബാലൻസ്ഷീറ്റിൽ ഭക്ഷ്യസ്വയം പര്യാപ്തത, വിദ്യാഭ്യാസസ്ഥാപനങ്ങളുടെ എണ്ണപ്പെരുപ്പം, ശാസ്ത്രസാങ്കേതികസ്ഥാപനങ്ങൾ, വ്യവസായശാലകൾ തുടങ്ങി നേട്ടങ്ങളുടെ പട്ടിക ഒരുവശത്തും പട്ടിണിയുടെയും ദാരിദ്ര്യത്തിന്റെയും തൊഴിലില്ലായ്മയുടെയും വികൃതമുഖം മറുവശത്തും ദർശിക്കാനാകും.

നാം ഇന്നുവരെ അനുവർത്തിച്ചുവന്ന ആസൂത്രണരീതിയുടെ പ്രധാന വൈകല്യങ്ങൾ എന്താണ് ? ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതിക്കോ ജനങ്ങളുടെ ആശയാഭിലാഷങ്ങൾക്കോ അനുയോജ്യമായ പദ്ധതികളല്ല പലപ്പോഴും നടപ്പിലാക്കപ്പെടുന്നത്. അഴിമതി, കാലവിളമ്പം എന്നിവ കേന്ദ്രീകരണത്തിന്റെ മുഖമുദ്രകളാണ്. സ്ഥലജലവിഭവങ്ങളുടെ സാദ്ധ്യതകളും, പാഴായിപ്പോകുന്ന അദ്ധ്വാനശേഷിയും കൂട്ടിയിണക്കി നാടിന് അനുയോജ്യമായ പദ്ധതികൾ പരസ്പരബന്ധിതമായി നടപ്പിലാക്കുന്നതിനുപകരം ഓരോ വകുപ്പും പരസ്പരബന്ധമില്ലാത്ത പദ്ധതികൾ നടപ്പിലാക്കി. ജനപങ്കാളിത്തം ഒരുഘട്ടത്തിലും ഉറപ്പാക്കിയില്ല എന്നതുതന്നെ പദ്ധതികൾ ജനങ്ങളിൽനിന്നും അന്യവൽക്കരിക്കപ്പെടുന്നതിന് കാരണമായി.

ഈ പശ്ചാത്തലത്തിലാണ് കേരളത്തിന്റെ വികസനം ചർച്ചചെയ്യപ്പെടുന്നത്. അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയാണ് നമ്മുടെ സംസ്ഥാനം ഇന്ന് അഭിമുഖീകരിക്കുന്നത്. കൃഷി, വ്യവസായം, ബീഡി, കൈത്തറി, കയർ തുടങ്ങിയ പരമ്പരാഗതവ്യവസായങ്ങൾ എന്നിവ ഇന്ന് തകർച്ചയുടെ വക്കിലാണ്. വിദ്യാഭ്യാസം ആരോഗ്യം തുടങ്ങിയ സേവനമേഖലകളിൽ നാം പടുത്തുയർത്തിയ സാമൂഹ്യനേട്ടങ്ങളും ഇന്ന് ഭീഷണിയെ നേരിടുന്നു. കേരളത്തിലെ കാർഷിക വ്യവസായമേഖലകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുകയും സേവനതുറകളുടെ ഗുണമേന്മ ഉറപ്പുവരുത്തുകയും ചെയ്യാതെ ഇനി കേരളസമൂഹത്തിന് ഒരടി മുന്നോട്ടുപോകാൻ സാദ്ധ്യമല്ല.

9-ാം പദ്ധതിയുടെ അടങ്കൽത്തുകയുടെ 35-40%ത്തോളംതുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാദേശികമായി തയ്യാറാക്കുന്ന സ്കീമുകൾക്കുവേണ്ടി ചെലവാക്കപ്പെടും. പഞ്ചായത്ത്സമിതിയുടെ നേതൃത്വത്തിൽ ജനകീയ അടിസ്ഥാനത്തിലുള്ള ചർച്ചകളിലൂടെ പദ്ധതി രൂപപ്പെടുത്തുകയും അതിന്റെ മുൻഗണനാക്രമം നിശ്ചയിക്കപ്പെടുകയും ചെയ്യും. ജനങ്ങളിൽ ഒരു പുതിയ വികസന കാഴ്ചപ്പാട് ഉണ്ടാക്കിയെടുക്കാനും നിരാശാബോധം മാറ്റിയെടുത്ത് അവരിൽ ശുഭാപ്തിവിശ്വാസവും ശുഭപ്രതീക്ഷയും ദിശാബോധവും സൃഷ്ടിക്കുവാനും ഈ പ്രവർത്തനത്തിലൂടെ കഴിയണം. ഇത്തരത്തിൽ വികസന പ്രവർത്തനങ്ങൾക്ക് മാനുഷികവിഭവമടക്കം പ്രാദേശികവിഭവസമാഹരണത്തിനുള്ള വഴിതുറക്കുകയും അതുവഴി കാര്യക്ഷമമായി വികസനപ്രവർത്തനങ്ങൾ നടത്തുവാനും കഴിയണം.

സാക്ഷരത അടക്കം ഒട്ടേറെ രംഗങ്ങളിൽ മിക്കപ്പോഴും ലോകത്തിനുതന്നെ മാതൃകയായിട്ടുള്ള ഈ കൊച്ചുകേരളം ജനകീയാസൂത്രണപരിപാടിയിലൂടെ വീണ്ടും ലോകത്തിന് മാതൃകകാട്ടാൻ പോവുകയാണ്. പാഴാകുന്ന അദ്ധ്വാനശേഷിയെ മുലധനമായി പുതിയൊരു സാമൂഹ്യസൃഷ്ടിയ്ക്കായുള്ള ഈ ജനമുന്നേറ്റത്തിൽ നമുക്കൊരുമിച്ച് പങ്കാളികളാകാം.

ഇതിന്റെ ഒന്നാംഘട്ട പ്രവർത്തനം എന്നനിലയിൽ നടന്ന ജില്ലാതല പരിശീലനപരിപാടിയിൽ ഈ പഞ്ചായത്തിൽനിന്നും ഡിസ്ട്രിക്ട് റിസോഴ്സ് പേഴ്സൺ (DRP) മാരായി അഞ്ചുപേർ പങ്കെടുക്കുകയുണ്ടായി. തുടർന്ന് സെപ്റ്റംബർ 14ന് നടന്ന പഞ്ചായത്ത്തല ശിൽപ്പശാലയിൽ 78ഓളം പേർ പങ്കെടുത്ത്, സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 2വരെ

നടന്ന വിശേഷാൽ ഗ്രാമസഭകൾക്ക് നേതൃത്വംനൽകി. ഗ്രാമസഭകളിൽ ശരാശരി 150 ആളുകളുടെ പങ്കാളിത്തമുണ്ടായിരുന്നു. രണ്ടാംഘട്ട ജില്ലാതല പരിശീലപരിപാടി നവം. 8,9,10 തീയതികളിൽ കൊറ്റങ്കര പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലും പഞ്ചായത്തല ശിൽപ്പശാല നവം. 16-ാം തീയതി V.S.U.P.S. ലും വച്ച് നടന്നു. തുടർന്നുള്ള പ്രവർത്തനം വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനോടനുബന്ധിച്ചുള്ളതായിരുന്നു. ഇതിന്റെ മുന്നോടിയായി വിവിധ ഡിപ്പാർട്ടുമെന്റുകളിൽനിന്നും നടപ്പുപദ്ധതിക ളുടെ വിവരശേഖരണം നടത്തി. തുടർന്ന് നവം. 20-ാം തീയതി പഞ്ചായത്തിന്റെ ഭൂപ്രകൃതി വിലയിരുത്തുന്നതിനായുള്ള പഠനപര്യടനവും നടത്തുകയുണ്ടായി.

ഗ്രാമസഭയിലൂടെ ഉയർന്നുവന്ന പ്രശ്നങ്ങൾ, സ്ഥിതിവിവരക്കണക്കുകൾ, പഠനപര്യടനംവഴി ലഭിച്ച വിവരങ്ങൾ, പഴയതലമുറയിൽപ്പെട്ടവരുമായി നടത്തിയ കൂടിക്കാഴ്ചകൾ, മറ്റ് വിദഗ്ധ ഉപദേശങ്ങൾ എന്നിവയാണ് ഈ വികസന റിപ്പോർട്ടിന് ആധാരമായിട്ടുള്ളത്. സ്ഥിതിവിവരക്കണക്കുകളുടെ അപര്യാപ്തത, മണ്ട്രോത്തുരുത്തിന്റെ മുൻകാലചരിത്രത്തിന്റെ ലഭ്യതക്കുറവ് തുടങ്ങിയ കാരണങ്ങൾമൂലം ഈ റിപ്പോർട്ടിൽ ഏറെ പോരായ്മകൾ കണ്ടേക്കാം. എന്നിരുന്നാലും ഈ റിപ്പോർട്ടിന്മേൽ വികസനസെമിനാറിൽ ഉണ്ടാകുന്ന ഗൗരമേറിയതും ആഴത്തിലുള്ളതുമായ ചർച്ചകൾവഴി ഈ പോരായ്മകൾ പരിഹരിക്കാൻ കഴിയുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ഇത്തരത്തിലുള്ള വിലയേറിയ അഭിപ്രായങ്ങൾക്കും ഏവരുടെയും സജീവപരിഗണനയ്ക്കും അംഗീകാരത്തിനുമായി ഈ വികസനറിപ്പോർട്ട് സമർപ്പിക്കുന്നു.

ഇന്നലകളിലേക്കുള്ള ഒരു എത്തിനോട്ടം

ഏതൊരു പ്രവർത്തനത്തിന്റേയും സാധ്യതകൾ അവലോകനം ചെയ്യാൻ ശ്രമിക്കുമ്പോൾ അതിന്റെ ഇന്നലകളെ കുറിച്ചുള്ള അറിവ് അനിവാര്യമായ ഒന്നാണ്. അതുകൊണ്ട് തന്നെ മൺട്രോത്തുരുത്തിന്റെ വികസനരേഖയുടെ കരടു രൂപപ്പെടുത്തുവാനുള്ള ശ്രമത്തിന്റെ ഭാഗമായി ഈ ഗ്രാമത്തിന്റെ ചരിത്രപാശ്ചാത്തലത്തെക്കുറിച്ച് ഒരു അന്വേഷണം നടത്തുവാനാണ് ഇവിടെ മുതിരുന്നത്. കഴിഞ്ഞ ശതകങ്ങളിലെ ചരിത്രം നമുക്ക് പകർന്നുതരാൻ കാലം ആരേയും അവശേഷിപ്പിച്ചിട്ടില്ല. ഈ ഗ്രാമത്തിന്റെ ചരിത്രം ആരും തന്നെ ഇതിന് മുമ്പ് ക്രോഡീകരിച്ചിട്ടുമില്ല. പിന്നെ ആശ്രയിക്കാൻ കഴിയുന്നത് വാമൊഴിയായി തലമുറകൾ പകർന്ന അറിവും താളിയോല ഗ്രന്ഥങ്ങൾ ഉൾപ്പെടെ മറ്റു പലരചനകളിലും ഈ പ്രദേശത്തെ കുറിച്ചു നടത്തിയിട്ടുള്ള നാമമാത്രമായ പരാമർശങ്ങളുമാണ് ഇവിടെ വിഷയമാക്കുന്നത്.

ആയിരത്തിലേറെ വർഷത്തെ പ്രാചീനത ഈ ഗ്രാമത്തിന് അവകാശപ്പെടാൻ കഴിയും 'ഉണ്ണുനീലി സന്ദേശ'ത്തിൽ ഉണ്ണുനീലിക്ക് വഴി നിർദ്ദേശിക്കുമ്പോൾ പരുമൺ അമ്പലത്തിന് സമീപം ഉള്ള ഒറ്റക്കൽവഴി പള്ളിയാതുരുത്ത് ക്ഷേത്രത്തിലെത്താമെന്നും അതുവഴി കുതിരമുനമ്പ് ശിങ്കാരപ്പള്ളി വഴി അതിർത്തിയിൽ പുന്നയ്ക്കൽ കിഴക്കുവശത്തുകൂടി-ത്രേസ്യാമ്മ പള്ളികടന്ന് വടക്കോട്ട്പോകുന്നതിന് നിർദ്ദേശിച്ചതായി താളിയോലഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. മേൽപ്പറയുന്ന പുന്നയ്ക്കൽ കുടുംബം സ്റ്റേറ്റ് കോൺഗ്രസ്സ് നേതാവായിരുന്ന ശ്രീ കുമ്പളത്ത് ശങ്കുപ്പിള്ളയുടെ അച്ഛൻ ജനിച്ചവീടാണ്. മറ്റൊരുത്തുരുത്ത് പഞ്ചായത്താഫീസ് സ്ഥിതിചെയ്യുന്നതിന്റെ വടക്കുവശത്തുള്ള രണ്ടാമത്തെ പുരയിടത്തിന് പള്ളിപ്പുരയിടം എന്ന് ഇപ്പോഴും പറയുന്നതുതന്നെ ത്രേസ്യാമ്മ പള്ളിയുടെ വിശ്വാസ്യത വെളിപ്പെടുത്തുന്നു. കല്ലടയാറിന്റേയും അഷ്ടമുടിക്കായലിന്റേയും നടുവിൽ ചെറിയ ദ്വീപുകളായി കണ്ടിരുന്ന ഈ ഭൂവിഭാഗത്തെ അതിർത്തിയെന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. വേലുത്തമ്പിദളവയ്ക്ക് ശേഷം തിരുവിതാംകൂറിലെ ദിവാനായിരുന്ന ഉമ്മിണിതമ്പി പൊതുവെ ജനങ്ങൾക്ക് അപ്രിയനായിരുന്നതിനാൽ റാണി ഗൗരി ലക്ഷ്മീഭായി തമ്പുരാട്ടി ഉമ്മിണിതമ്പിയെ ഉദ്യോഗത്തിൽ നിന്നും നീക്കുകയും ബ്രിട്ടീഷ് റസിഡന്റായിരുന്ന കേണൽ ജോൺ മൺറോയെ 1810 ൽ ദിവാനായി നിയമിക്കുകയും ചെയ്തു. കേണൽ മൺറോ തന്റെ ഗവൺമെന്റ് നിലവിൽവന്നതോടെ മതപഠനശാലകൾ ഏർപ്പെടുത്തുവാനുള്ള നടപടികൾ ആരംഭിച്ചു. ഇതിന്റെ ഭാഗമായി അഷ്ടമുടിക്കായലിനും കല്ലടയാറിനും മദ്ധ്യേയുള്ള തുരുത്ത് കോട്ടയത്തെ ചർച്ച് സൊസൈറ്റിയ്ക്ക് മതപ്രചരണത്തിനായി വിട്ടുകൊടുത്തു. സൊസൈറ്റി ഈ തുരുത്തിന് മറ്റൊരുടെ പേരു നൽകി. അങ്ങനെയാണ് മൺട്രോത്തുരുത്തിന് ഈ പേര് ലഭിച്ചത്. ഇദ്ദേഹത്തിന്റെ ഭരണകാലത്ത് തിരുവിതാകൂറിന് ഏറെ നേട്ടങ്ങൾ കൈവരിക്കാനായി. അടിമക്കച്ചവടം നിർത്തലാക്കിയതും സർക്കാർ ധനം കട്ടുമുടിക്കുന്നത് തടയാൻ ഓഡിറ്റും അക്കൗണ്ടും ഏർപ്പെടുത്തിയതും ദേവസ്വങ്ങളുടെ ഭരണം സർക്കാർ ഏറ്റെടുത്തതും മൺട്രോയുടെ കാലത്താണ്. കല്ലടയാറിൽ മുതിരപ്പറമ്പിൽ നിന്നും വഴിപിരിഞ്ഞ് ഇടിയക്കടവുവഴി തെക്കോട്ട് പോകുന്ന പുത്തനാറ് വെട്ടിയുണ്ടാക്കി മണക്കടവിലെ കൃഷിസൗകര്യം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടി യുണ്ടായതും മൺട്രോയുടെ കാലത്തുതന്നെ. ഈ പുത്തനാറ് വെട്ടുന്നതിന് മുൻപ് കിഴക്കേകല്ലടയുടെ ഭാഗമായി കൊടുവിളയുമായി ചേർന്നിരുന്നതാണ് ഈ ഗ്രാമാംശം ഈ പഞ്ചായത്തിലെ ഒന്നാം വാർഡായ വില്ലിമംഗലം ഇപ്പോഴും കിഴക്കേകരയിലുള്ള മതിരപ്പറമ്പും ചാലപ്പുറവും ചേർന്നതാണ്.

കോട്ടയം ചർച്ച് മിഷൻ സൊസൈറ്റി (C.M.S) ക്ക് വിട്ടുകിട്ടിയ മൺട്രോത്തുരുത്തിനെ അവർ ചെറുഭൂമികളായി തിരിച്ച് കൃഷിക്കാർക്ക് പാട്ടത്തിന് നൽകി വൻ ആദായം കൈപ്പറ്റി കൊണ്ടിരുന്നു. കൃഷിക്കാർ തങ്ങളുടെ കൃഷിഭൂമി ഇടയ്ക്കിടെ കൈമാറ്റം നൽകിയതിനാൽ സൊസൈറ്റിക്ക് പാട്ടം ഈടാക്കുവാൻ കൂടുതൽ കാലതാമസം നേരിടുകയും മിക്കപ്പോഴും കോടതിയുടെ സഹായം ആവശ്യമായിത്തീരുകയും ചെയ്തു. ഈ രീതി സൊസൈറ്റിയ്ക്കും കൃഷിക്കാർക്കും ഒരു പോലെ ക്ലേശകരമാകുകയും ചെയ്തു. ഇതു മനസ്സിലാക്കിയ റാണി സേതുലക്ഷ്മീഭായി 1930 ൽ മൺറോത്തുരുത്തിനെ ചർച്ച് മിഷൻ സൊസൈറ്റിയിൽ നിന്നും തിരിച്ചെടുക്കുകയും കൊല്ലം താലൂക്കിലെ ഒരു പകുതി(വില്ലേജ്) ആക്കുകയും ചെയ്തു. മാത്രമല്ല സർക്കാർ പ്രതിവർഷം 5,000 രൂപ സൊസൈറ്റിക്ക് കൊടുത്തുകൊള്ളണമെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. ഈ കപ്പം 1962 ൽ ലോകസഭയിലെ പ്രതിപക്ഷനേതാവിയിരുന്ന

മൺറോ, കേണൽ ജോൺ (1770–1858)

തിരുവിതാംകൂർ ദിവാൻ (1810–1814).
വേലുത്തമ്പി ദളവയ്ക്ക് ശേഷം
തിരുവിതാംകൂറിലെ ദിവാനായിരുന്ന
ഉമ്മിണിത്തമ്പി പൊതുവിൽ ജനങ്ങൾക്ക്
അപ്രിയനായിത്തീർന്നതിനാൽ
റാണി ഗൗരി ലക്ഷ്മി ഭായി
തമ്പിയെ ഉദ്യോഗത്തിൽനിന്നും നീക്കി,
അന്ന് റസിഡന്റായിരുന്ന
കേണൽ മൺറോയെ
ദിവാനായി നിയമിച്ചു (1810).
സ്ക്കോട്ട്ലൻഡ്കാരനായ ജോൺ മൺറോ
1790–ലാണ് ഇന്ത്യയിൽ വന്നത്.
1810 മുതൽ തിരുവിതാംകൂറിൽ
അദ്ദേഹം റസിഡന്റായി നിയമിക്കപ്പെട്ടു.
1820 മുതൽ മരണംവരെയും
സി.എം.എസിന്റെ രക്ഷാധികാരിയായിരുന്നു.
വിദ്യഭ്യാസ പ്രചരണാർത്ഥം
തിരുവിതാംകൂറിലെ മിഷനറിമാരെ
പ്രോത്സാഹിപ്പിച്ചു.

ശ്രീ. A.K. ഗോപാലൻ (AKG) പാർല മെന്റിൽ ഉന്നയിച്ചതിന്റെഫലമായി അന്നത്തെ

പ്രധാനമന്ത്രിയായിരുന്ന ജവ ഹർലാൽ നെഹ്രു നിർത്തലാക്കു കയും ചെയ്തു.

1952 ൽ തിരുകൊച്ചി സംസ്ഥാ നത്ത് പഞ്ചായത്തുകൾ രൂപീകൃത മായി. 1953 ൽതന്നെ മൺറോത്തു രുത്ത് പഞ്ചായത്ത് നിലവിൽവന്നു. ഭൂമിശാസ്ത്രവും ചരിത്രപരവുമായ പ്രത്യേകതകളും അന്നത്തെ വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. കേശവന്റെ പ്രത്യേക താൽപര്യവുമാണ്. ജനസം ഖ്യയിൽ കുറവാണ് എങ്കിലും ഈ പ്രദേശത്തെ ഒരു പഞ്ചായത്തായി രൂപീകരിക്കുവാൻ കാരണമായത്.

തെങ്ങിൽ നിന്നും കള്ള് ചെത്തി എടുക്കുന്നത് ഇവിടെ വളരെ മുൻപു തന്നെ നിലനിന്നിരുന്നു. ഇതിന് വേണ്ടിവിദഗ്ദരായ ചെത്തുകാർ കൊടുങ്ങല്ലൂരിൽ നിന്നുംഇവിടെ വന്ന് സ്ഥിരതാമസമാക്കിയിരുന്നു. നാഗർകോവിലെ തക്കലയിൽ നിന്നും ചാരുസ്വാമിയെന്ന ഒരാളും സംഘവും പെരുങ്ങാലം ചിറയിൽ ഭാഗത്ത് താമ സിക്കുകയും കള്ളിൽ നിന്നും പഞ്ച സാര ഉണ്ടാക്കുകയുംചെയ്തിരുന്നു. ഈ പഞ്ചസാര ആയുർവേദ ഔഷധ നിർമ്മാണത്തിന് ആവശ്യം വേണ്ട ഒന്നായിരുന്നു.

മരച്ചീനി, കിഴങ്ങുവർഗ്ഗങ്ങൾ ഇവ യാണ് മുൻപ് കൃഷിചെയ്തിരുന്നത്. പ്രധാനമായും ഇത് വിറ്റഴിച്ചിരുന്നത് ശാസ്താംകോട്ട ചന്തയിലായിരുന്നു. ഇവിടെ നിന്നും ആവിശ്യംവേണ്ടിരുന്ന നിത്യോപയോഗസാധനങ്ങൾ വാങ്ങു കയും ചെയ്തിരുന്നു . അതുപോലെ തന്നെ ഇവിടെ നിർമ്മിച്ചിരുന്ന പ്രത്യേ കതരം കയറായ'കോട്ടോകയർ' ഈ ചന്തയിൽ കൊണ്ടുപോയി വിറ്റഴിച്ച് ഉപജീവനമാർഗ്ഗം തേടിയിരുന്നവരും ഉണ്ടായിരുന്നു.

നവോത്ഥാനപ്രസ്ഥാനത്തിന്റ നായകനായ ശ്രീനാരായണഗുരു കൊല്ലവർഷം 1089-ാംമാണ്ടിൽ ഇവിടം സന്ദർശിക്കുകയുണ്ടായി. അതുപോലെ തന്നെ അധസ്ഥിതരുടെ മോചകനായ ശ്രീ അയ്യൻകാളിയും ഇവിടെ വരുകയും ഒരു യോഗത്തിൽ സംസാരിക്കുകയും ചെയ്തിട്ടുണ്ട്

കെട്ടുവള്ളങ്ങളും അതുമായി ബന്ധപ്പെട്ട ഒരു ചരിത്രവും മൺട്രോ ത്തുരുത്തിനുണ്ട്. കയർ ഉൾപ്പെടെ യുള്ള തങ്ങളുടെ വിപണന ഉൽപ്പന്ന ങ്ങൾ പുറംനാടിൽ എത്തിച്ചിരുന്നത് ഈ വള്ളങ്ങൾ വഴിയാണ്. കൂടാതെ കുടുംബസമേതമുള്ള തീർത്ഥയാ ത്രയ്ക്കും വെള്ളപ്പൊക്കകാലങ്ങളിൽ അഭയംകണ്ടെത്തുന്നതിനും ഇത്തരം വള്ളങ്ങൾ ഉപയോഗിച്ചിരുന്നു. ഇവി ടെനിന്നും കൊടുങ്ങല്ലൂർപൂരം കാണു വാൻ ആളുകൾ കുടുംബസമേതം കെട്ടുവള്ളങ്ങളിൽ പോകുന്ന പതിവു ണ്ടായിരുന്നു. സഹോദരങ്ങളും മക്കളും മറ്റ് ബന്ധുക്കളുമെല്ലാം ഉൾപ്പെടുന്ന ഒരു സംഘം ആളുകൾ രണ്ടാഴ്ചയോളം ആവശ്യമായ ഭക്ഷ ണസാധനങ്ങളും മറ്റ് ജീവിതാവശ്യ വസ്തുക്കളും ശേഖരിച്ച് കൊണ്ട് കെട്ടുവള്ളത്തിൽ അഷ്ടമുടി-കായം കുളം കായലുകൾ വഴി ആലപ്പുഴ തോടുകടന്ന് ഇപ്പോൾ ബോട്ട്ജട്ടിയാ യതീർന്ന കൊടുങ്ങല്ലൂർ കോട്ടപ്പുറം എന്നസ്ഥലത്ത് എത്തുന്നു. കോട്ട പ്പുറം ക്ഷേത്രകടവിൽനിന്നും കാൽന ടയായി പൂരം നടക്കുന്നക്ഷേത്രത്തിൽ എത്തുകയും ഉൽസവം കഴിഞ്ഞ് മട ങ്ങുകയും ചെയ്യുന്നു.

കൊല്ലവർഷം 1118 ൽ റീസെ റ്റിൽമെന്റ് വന്നു. ചുറ്റുമുള്ള കരകളു മായി ബന്ധപ്പെടാതെ ഒറ്റപ്പെട്ടുകിടന്നി രുന്ന ഈ ദ്വീപിനെ ഈപ്രദേശ ത്തിന്റെ കിഴക്ക്ഭാഗത്ത് ഇടിയെക്കട വിൽ ഒരു പാലംനിർമ്മിച്ച് മറ്റൊരു കര യുമായി ബന്ധിപ്പിച്ചത് യശ്ശ:ശരീര നായ ശ്രീ. T.K. ദിവാകരന്റെ പ്രത്യേക താല്പര്യംമൂലമാണ്.

ഒറ്റപ്പെട്ടു കഴിഞ്ഞിരുന്ന ഒരു ദ്വീപ് നിവാസികളായിരുന്നെങ്കിലും സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിലും പാശ്ചാത്തലസൗകര്യങ്ങളിലും വളരെ ശ്രദ്ധേയമായ സ്ഥാനവും ചരിത്ര പാശ്ചാത്തലവും ഉള്ള ഒരു പ്രദേശമാ യിരുന്നു ഇത്. ജലഗതാഗതത്തിലൂടെ അന്നത്തെ വെല്ലുവിളികളെ നേരിടാൻ കഴിഞ്ഞിരുന്നെങ്കിൽ ഇന്ന് ഗതാഗത പ്രശ്നം എന്ന ഒറ്റക്കാരണം കൊണ്ട് ഈ ദ്വീപിന്റെ വികസനം വഴിമുട്ടിനി ല്ക്കുന്നതായി നമുക്ക് കാണുവാൻ കഴിയും.

1953 ൽ നടന്ന ഒന്നാമത് തെര ഞ്ഞെടുപ്പിലൂടെ ശ്രീ ഗോപാലപിള്ള ഈ പഞ്ചായത്തിലെ ഒന്നാമത്തെ പ്രസിഡന്റായി അധികാരമേറി. തുടർന്ന് 1963-79 കാലയളവിൽ ശ്രീ ഗോപാലൻ മുതലാളിയും 1979-88 കാലയളവിൽ ശ്രീ P.K നടരാജനും 1988-95 കാലയളവിൽ ശ്രീ. N. ശിവദാ സനും ഇവിടെ പ്രസിഡന്റൻമാരായി രുന്നു



ഭൂ പ്രകൃതി
ജല പ്രകൃതി
ജന പ്രകൃതി






കൊല്ലം ജില്ല
പഞ്ചായത്തുകൾ
0 5 കി.മീ.
പത്തനാപുരം
പിറവന്തൂർ
പുനലൂർ
തെന്മല
ആര്യങ്കാവ്
കുളത്തൂപ്പുഴ
അഞ്ചൽ
ഏരൂർ
കരവാളൂർ
വെളിനല്ലൂർ
ഇടമുളയ്ക്കൽ
ഉമ്മന്നൂർ
ചടയമംഗലം
കുരീപ്പുഴ
കടയ്ക്കൽ
ചിതറ
മേലില
വിളക്കുടി
പൂയപ്പള്ളി
കരീപ്ര
തൃക്കോവിൽവട്ടം
കൊട്ടാരക്കര
പുത്തൂർ
ശാസ്താംകോട്ട
പടിഞ്ഞാറേ കല്ലട
കിഴക്കേ കല്ലട
പോരുവഴി
ശൂരനാട് വടക്ക്
ശൂരനാട് തെക്ക്
കുന്നത്തൂർ
കുലശേഖരപുരം
തൊടിയൂർ
തഴവ
ഓച്ചിറ
ക്ലാപ്പന
ആലപ്പാട്
വെള്ളനാതുരുത്ത്
പന്മന
പെരിനാട്
തേവലക്കര
നീണ്ടകര
ചവറ
തെക്കുംഭാഗം
പടിഞ്ഞാറേ കല്ലട
കുണ്ടറ
കിഴക്കേ കല്ലട
പേരയം
കൊറ്റങ്കര
ഇളമാട്
നെടുവത്തൂർ
തെക്കുംഭാഗം
കുലശേഖരപുരം
ശാസ്താംകോട്ട
പടിഞ്ഞാറേ കല്ലട
കിഴക്കേ കല്ലട
പോരുവഴി
ശൂരനാട് വടക്ക്
ശൂരനാട് തെക്ക്
കുന്നത്തൂർ
തൊടിയൂർ
തഴവ
ഓച്ചിറ
ക്ലാപ്പന
ആലപ്പാട്
പന്മന
പെരിനാട്
തേവലക്കര
നീണ്ടകര
ചവറ
കരുനാഗപ്പള്ളി
തൊടിയൂർ
തഴവ
ഓച്ചിറ
ക്ലാപ്പന
ആലപ്പാട്
വെള്ളനാതുരുത്ത

മൺറോത്തുരുത്ത് പഞ്ചായത്ത്



പഠന പര്യടന ചിത്രം

ഭൂ പ്രകൃതി

കൊല്ലം ജില്ലയിൽ കല്ലടയാറിന്റെയും അഷ്ടമുടിക്കായലിന്റെയും തീരത്തുള്ള എട്ടോളം ചെറുതുരുത്തുകൾ ചേർന്ന 13.6 ച.കി.മി. വിസ്തീർണ്ണമുള്ള ഒരു വലിയ തുരുത്താണ് മണ്ട്രോത്തുരുത്ത് ഗ്രാമപഞ്ചായത്ത്. കൊല്ലം നഗരത്തിൽനിന്നും ഏകദേശം 12 കി.മി വടക്കുഭാഗത്താണ് ഈ പ്രദേശം സ്ഥിതി ചെയ്യുന്നത്. ഭൂമിശാസ്ത്രപരമായി അക്ഷാംശം 76^{o} 35'N നും 76^{o} 38'N ഉം രേഖാംശം 8^{o} 59'E നും 9^{o}E ഉം ഇടയിലായിട്ടാണ് ഈ പ്രദേശം സ്ഥിതിചെയ്യുന്നത്.

പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറായി അഷ്ടമുടിക്കായലും വടക്കുകിഴക്കായി കല്ലടയാറും ഒഴുകുന്നു. പുത്തനാറ് എന്നപേരിൽ മുതിരപ്പറമ്പിൽനിന്നും വെട്ടിയുണ്ടാക്കിയ കല്ലടയാറിന്റെ ശാഖ മണ്ട്രോത്തുരുത്തിനെ ചുറ്റി അഷ്ടമുടിക്കായലിന്റെ ഭാഗമായ കാഞ്ഞിരകോട് കായലിൽ പതിക്കുകയും ഈ പഞ്ചായത്തിനെ പൂർണ്ണമായും ഒരുദ്വീപായി മാറ്റുകയും ചെയ്യുന്നു. യഥാർത്ഥ കല്ലടയാറാകട്ടെ നേരേ വടക്കുപടിഞ്ഞാറോട്ടൊഴുകി ഈ പഞ്ചായത്തിന്റെ പടിഞ്ഞാറേഭാഗമായ അഷ്ടമുടിക്കായലിൽ പതിക്കുന്നു. ഇപ്രകാരം നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ട ഈ പ്രദേശം ഒരു തുരുത്തായി രൂപപ്പെടുന്നു.

ചെറുതോടുകൾ ശാഖോപശാഖകളായി തുരുത്തുകളുടെ ഉൾപ്രദേശത്തോളം കടന്ന് വേറെയും തുരുത്തുകളെ സൃഷ്ടിക്കുന്നു. ഈ തുരുത്തിന്റെ വടക്കുഭാഗത്ത് പടിഞ്ഞാറേ കല്ലട പഞ്ചായത്തും വടക്കുകിഴക്ക് ഭാഗത്തായി കിഴക്കേക്കല്ലട പഞ്ചായത്തും കിഴക്ക് പേരയം പഞ്ചായത്തും തെക്ക് പെരിനാട് പഞ്ചായത്തും, തൃക്കരുവ പഞ്ചായത്തും തെക്കുപടിഞ്ഞാറായി തെക്കുംഭാഗം പഞ്ചായത്തും പടിഞ്ഞാറുഭാഗത്തായി തേവലക്കര പഞ്ചായത്തും അതിർത്തികളാകുന്നു.

ആകെ 8 വാർഡുകളാണ് ഈ പഞ്ചായത്തിലുള്ളത്. വില്ലിമംഗലം, നെന്മേനി വടക്ക്, നന്മേനി തെക്ക്, കൺട്രാംകാണി, പട്ടംതുരുത്ത്, പേഴുംതുരുത്ത്, കിടപ്രം, പെരുങ്ങാലം എന്നിവയാണ്. ഭൂരിപക്ഷം വാർഡുകൾ തമ്മിലും പരസ്പര ബന്ധമലില്ലായ്മ ഇന്നും നിലനിൽക്കുന്നു. യാത്രാസൗകര്യം ഇന്നും ഇവിടെ ഒരു ഗുരുതരമായ പ്രശ്നം തന്നെയാണ്. പല വാർഡുകളിലും ഇന്നും നല്ല നടപ്പാതപോലുമില്ലാത്ത അവസ്ഥ നിലനിൽക്കുകയാണ്. 3.36 കി.മി. ദൈർഘ്യമുള്ള റെയിൽവേപാത പഞ്ചായത്തിന്റെ തെക്കുവടക്കായി കടന്നുപോകുന്നു. കൺട്രാംകാണി വാർഡിലൊഴികെ ബാക്കി എല്ലാ വാർഡിലും കടത്തുവള്ള സൗകര്യമുണ്ട്. ഇതിൽത്തന്നെ ഏറ്റവും അവികസിതവും ഒറ്റപ്പെട്ട് കിടക്കുന്നതുമായ വാർഡായ പെരുങ്ങാലത്തുമാത്രം നാല് കടത്തുകളുണ്ട്. ഒരളവുവരെ ഈ പഞ്ചായത്തിലെ തുരുത്തുകളെ പരസ്പരം ബന്ധിപ്പിക്കുന്നത് ഈ കടത്തുകളാണ്.

കല്ലടയാറിലൂടെ ഒഴുകിവന്ന് നിക്ഷേപിക്കുന്ന എക്കലും മണ്ണും(അവസാദങ്ങൾ) കട്ടിയാകുകയും അവ കാലാന്തരത്തിൽ ഭൂചലനം നിമിത്തം ജലനിരപ്പിൽനിന്നും ഉയർന്ന പ്രദേശങ്ങളാകുകയും ചെയ്തു. ചെറിയ കുന്നുകളും നിരന്ന പ്രദേശങ്ങളും അവയ്ക്കിടയിൽ അങ്ങിങ്ങായി കാണുന്ന വിസ്തൃതി കുറഞ്ഞ താഴ്ന്നപ്രദേശങ്ങളും അടങ്ങിയതാണ് മൺട്രോത്തുരുത്തിന്റെ ഭൂപ്രകൃതി.

ഭൂപ്രകൃതി അനുസരിച്ച് ഈ പഞ്ചായത്തിനെ പ്രധാനമായും മൂന്നായി തരംതിരിക്കാം. ചെറുകുന്നുകൾ താഴ്ന്ന നിരന്ന പ്രദേശങ്ങൾ (വെള്ളം കയറുന്ന പ്രദേശങ്ങൾ, വെള്ളംകയറാത്ത പ്രദേശങ്ങൾ) വെള്ളക്കെട്ട് എന്നിവയാണ്.

ചെറുകുന്നുകൾ

മൺട്രോത്തുരുത്ത് പഞ്ചായത്തിലെ പെരുങ്ങാലം, പട്ടംതുരുത്ത്, പേഴുംതുരുത്ത്, വില്ലിമംഗലം എന്നീ വാർഡുകളിലാണ് ഈ പ്രദേശങ്ങൾ ഉള്ളത്. ഇതിൽ ഏറ്റവുംവലിയ പെരുങ്ങാലം കുന്ന് സമുദ്രനിരപ്പിൽ നിന്നും 18 മീറ്റർ വരെ ഉയർന്ന പ്രദേശമാണ്. ഈ പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 21.5 % ഈ കുന്നുകളാണ് താഴ്ന്ന പ്രദേശങ്ങൾ. (വെള്ളം കയറുന്നതും , കയറാത്തതും)

മൊത്തം ഭൂവിസ്തൃതിയുടെ 44% ഈ പ്രദേശമാണ് സമുദ്രനിരപ്പിൽ നിന്നും 8 മുതൽ 4മീറ്റർ വരെ ഉയരമുള്ളതാണ് ഈ പ്രദേശങ്ങൾ.

ഉപരിതല മണ്ണ്

പ്രധാനമായും രണ്ടുതരം മണ്ണുകളാണ് ഈ പഞ്ചായത്തിൽ കണ്ടുവരുന്നത്. താരതമ്യേന ഉയർന്ന ചെറുകുന്നുകളുള്ള സ്ഥലങ്ങളിൽ വെട്ടുകല്ലിൽ നിന്നും ഉത്ഭവിച്ച ചെമ്മണ്ണാണുള്ളത്. താഴ്ന്ന പ്രദേശങ്ങളിലായി എക്കൽ മണ്ണും കണ്ടുവരുന്നു. കായലിനോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിൽ ചെമ്മണ്ണിന്റേയും എക്കൽ മണ്ണിന്റേയും ഒരു മിശ്രിതം കണുന്നുണ്ട്. വെള്ളക്കെട്ടു പ്രദേശങ്ങളിലെ അടിയിലുള്ള ചെളിവളരെ ഫലഭൂയിഷ്ടിയുള്ളതാണ്. ഈ പ്രദേശങ്ങളിലെ ഭൂമി താഴ്ന്ന് പോകുന്ന ഒരു പ്രത്യേക പ്രതിഭാസം ഇവിടെ കണ്ടുവരുന്നുണ്ട്.

ജലലഭ്യത

തെക്കൻ ഇടനാട് കാർഷിക മേഖലയിൽ ഉൾപ്പെട്ട പ്രദേശമാണ് മൺട്രോത്തുരുത്ത്. വടക്കു കിഴക്കൻ മൺസൂൺകാലത്ത് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ഈ പഞ്ചായത്തു കൂടി ഉൾപ്പെടുന്ന കൊല്ലം ജില്ലയിലാണ്. ഈ പഞ്ചായത്തിലെ ശരാശരി വർഷപാതം ഏറ്റവും കൂടുതൽ ലഭിക്കുന്നത് ജൂലയ് മാസത്തിലും ഏറ്റവും കുറവ് ജനുവരിയിലുമാണ്.

മൺറോത്തുരുത്ത്

ഭൂവിനിയോഗ ഭൂപടം



അവലംബം: വിവരശേഖരണം. സെൻസസ്

ശരാശരി വാർഷിക മഴ 241.6 മില്ലീമീറ്റർ ആണ്. ഫുറ്റവും കൂടുതൽ താപനില അനുഭവപ്പെടുന്ന മാസം ഏപ്രിലും കുറഞ്ഞ താപനില അനുഭവപ്പെടുന്നത് ജനുവരിയിലുമാണ്.

കാലാവസ്ഥാ കലണ്ടർ



ഉപരിതല ജല സ്രോതസ്സുകൊണ്ട് അനുഗ്രഹീതമാണ് മണ്ട്രോത്തുരുത്ത്. കല്ലടയാറും അതുമായി ബന്ധപ്പെട്ട തോടുകളും അഷ്ടമുടിക്കായലും ചേർന്നതാണിത്. കല്ലടയാറിന്റെ ഒരു കൈവഴിയായ പുത്തനാറ് കിഴക്ക് ഭാഗത്തുകൂടി ഒഴുകി അഷ്ടമുടിക്കായലിന്റെ ഭാഗമായ കാഞ്ഞരകോട് കായലിൽ പതിക്കുന്നു. മറ്റ് പ്രധാന കൈവഴികളായ കാരുത്തറതോട്, പൂപ്പാണിത്തോട്, ചിറയിൽത്തോട് എന്നിവ വടക്ക് നിന്നും തെക്കോട്ട് ഒഴുകി അഷ്ടമുടിക്കായലിൽ പതിക്കുന്നു.

മണ്ട്രോത്തുരുത്തിലെ പ്രധാന ഭൂഗർഭ ജലസ്രോതസ്സാണ് കിണറുകൾ. ഇതിൽ ഭൂരിപക്ഷം കിണറുകളും വരൾച്ചക്കാലത്ത് വറ്റുന്നവയാണ് ഇതിന് പ്രധാന കാരണം കിണറുകൾക്ക് താഴ്ചവളരെ കുറവാണ് എന്നതാണ്. എന്നാൽ ആഴത്തിൽ കുഴിക്കുന്ന കിണറുകൾ ഉപ്പുജലം കയറി ഉപയോഗ്യശൂന്യമാവുകയും ചെയ്യുന്നു. ഇവിടെ പട്ടംതുരുത്തിലും വില്ലിമംഗലത്തും കുഴിച്ചിട്ടുള്ള രണ്ടു കുഴൽക്കിണറുകളിലെ വെള്ളത്തിന് ഉപ്പിന്റെ അംശവും ഇരുമ്പിന്റെ അംശവും കൂടുതലാണ്. ഈ പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ മഴയിൽ നിന്നും ലഭിക്കുന്ന ജലം സംഭരിക്കുന്നതിന് യാതൊരു സംവിധാനങ്ങളുമില്ല. മുൻപ് ഈ ഉയർന്ന പ്രദേശങ്ങളിൽ ഉണ്ടായിരുന്ന ഇത്തരം ജല സംഭരിണികളായ ചിറകൾ ഇന്ന് നികത്തപ്പെട്ടിരിക്കുകയാണ്. വറ്റാത്ത കിണറുകൾ ഏറ്റവും കൂടുതലുള്ളത് വില്ലിമംഗലത്തും, വറ്റുന്ന കിണറുകൾ ഏറ്റവും കൂടുതലുള്ളത് പട്ടം തുരുത്തിലുമാണ്. ഈ വാർഡുകളെ കൂടാതെ പേഴുംതുരുത്ത്, കിടപ്രം, പെരുങ്ങാലം എന്നീവാർഡുകളിലും കിണറുകൾ ഉണ്ട്.

കിണറുകളെ സംബന്ധിച്ച വിവരങ്ങൾ:

നം.	വാർഡിന്റെ പേര്	കിണറുകളുടെഎണ്ണം	
		വറ്റുന്നവ	വറ്റാത്തവ
1.	വില്ലിമംഗലം	9	73
2.	നെന്മേനി വടക്ക്	–	9
3.	നെന്മേനി തെക്ക്	–	–
4.	കണ്ട്രാംകാണി	–	–
5.	പട്ടംതുരുത്ത്	36	–
6.	പേഴും തുരുത്ത്	–	19
7.	കിടപ്രം	2	
8.	പെരുങ്ങാലം	10	8
	ആകെ	55	111

ഭൂവിനിയോഗം

ഈ പഞ്ചായത്തിൽ പ്രധാനമായും ഭൂവിനിയോഗം നടത്തുന്നത് കൃഷി ആവിശ്യത്തിലേക്കാണ് ഇതിൽ തന്നെ സിംഹഭാഗവും തെങ്ങുകൃഷിക്കായി ഉപയോഗിക്കുന്നു.

പരിസ്ഥിതി

ഭൂവിനിയോഗവും ഭൂപ്രകൃതിയും മണ്ണിന്റെ ഘടനയും ഒത്തുചേർന്ന് ഒരു പഠനം നടത്തുമ്പോൾ ഈ മേഖലയെ പ്രധാനമായും രണ്ട് പരിസ്ഥിതി മേഖലകളായി തിരിക്കാം. EZ.1,EZ.2. ഇതിൽ EZ.1 എന്ന് പറയുമ്പോൾ സാമാന്യം ഉയർന്ന ചെമ്മണ്ണുള്ള പ്രദേശമാണ്. ഇവിടെ പ്രധാനമായും ഇന്ന് തെങ്ങാണ് കൃഷിചെയ്യുന്നത് നേരത്തെ കുറ്റിക്കാടായ പ്രദേശങ്ങൾ വെട്ടിത്തെളിച്ച് ആദ്യം കിഴങ്ങ് വർഗ്ഗ കൃഷികളാണ് കൃഷിചെയ്തിരുന്നത്. എന്നാൽ ഈ മേഖല തെങ്ങ് കൃഷി കയ്യടക്കിയിരിക്കുകയാണ്. EZ.2 എന്നത് എക്കൽമണ്ണോടു കൂടിയതും മുൻപ് നെൽകൃഷിക്ക് പ്രാധാന്യം ഉള്ളതുമായിരുന്നു. എന്നാൽ ഇതിൽ കുറച്ച് തരിശായും കുറെ ഭാഗം ചെമ്മീൻ കൃഷിക്കായും ഉപയോഗിക്കുന്നു. ഈ മേഖലകളിലെ പ്രത്യേകതകളും പ്രശ്നങ്ങളും, സാധ്യതകളും ചുവടെ ഒരു ചാർട്ടായി കൊടുത്തിരിക്കുന്നു.....



പാരിസ്ഥിതിക മേഖലകൾ, പ്രത്യാഘാതങ്ങൾ സംരക്ഷണ നടപടികൾ

ഭൂപ്രകൃതി	മണ്ണ്	നിമ്നോന്നതി	ജലലഭ്യത	ഭൂവിനിയോഗം	പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ	സംരക്ഷണ നടപടികൾ
EZ 1 ഉയർന്ന സ്ഥലം	മണ്ണ്	20 മീറ്ററിൽ താഴെ	കൂടുതൽ	തെങ്ങ് മിശ്രിതകൃഷി	ആഴത്തിൽ ഉപ്പുവെള്ളം കയ്റുന്നു കാർഷികമേഖലയിലുള്ള ഉത്പാദന കുറവ്	1. ജലനിർഗമന മാർഗ്ഗങ്ങൾ യഥോചിതം നടപ്പിലാക്കുക. 2. ഉപ്പുജലത്തിൽ വളരാൻ അനുയോജ്യമായ വിത്തിനങ്ങൾ ഉപയോഗിക്കുക. 3. ചെമ്മീൻകൃഷി പ്രേത്സാഹിപ്പിക്കുക 4. മണൽവാരൽ നിയന്ത്രിക്കുക വഴി കൂടുതൽ ഉപ്പുവെള്ളം കയറുന്നത് തടയുക 5 തൊണ്ട് അഴുക്കൽ നിയന്ത്രിതമേഖലയിലാക്കുക.
EZ.2 താഴ്ന്ന സ്ഥലം	എക്കൽ മണ്ണ്	2മുതൽ 3 മീറ്റർ വരെ	കൂടുതൽ	നെല്ല്,തെങ്ങ്, ചെമ്മീൻകൃഷി	ഉപ്പുവെള്ളം കയറുന്നു, വെള്ളക്കെട്ട്, കാർഷികോത്പ്പാദനക്ഷമത കുറവ്.	

മൺറൊത്തുരുത്ത്

പരിസ്ഥിതി മേഖലകൾ



N

0 500 മീ.

സൂചിക

EZ 1
EZ 2 പരിസ്ഥിതി മേഖലകൾ

ആവലംബം : വിഭവഭൂപടം. സെസ്.

ജനപ്രകൃതി

ഈ പഞ്ചായത്തിലെ ജനങ്ങളുടെ പൊതു വിവരം ഒരു ചാർട്ടായി താഴെ കൊടുത്തിരിക്കുന്നു.

വാർഡ്	ആകെ താമസയോഗ്യമായ വീടുകൾ	താമസമുള്ള വീടുകൾ	ആകെ ജനസംഖ്യ			ആകെ പട്ടികജാതി ജനസംഖ്യ	
			പുരു.	സ്ത്രീ	ആകെ	പുരു.	സ്ത്രീ
I	271	271	697	610	1307	94	63
II	292	292	655	609	1264	95	95
III	288	288	662	665	1327	86	84
IV	246	246	544	549	1093	111	100
V	343	335	830	912	1742	174	209
VI	164	158	426	382	808	27	24
VII	283	283	639	624	1263	101	103
VIII	321	319	799	777	1576	63	67
ആകെ	2208	2192	5252	5128	10,380	751	745

കിണറുകളെ സംബന്ധിച്ച ബാർ ചാർട്ട്





കൃഷിയും ജലസേചനവും

1950-കളിൽ 57 ഏക്കർ ഇരുപ്പൂനിലവും 170 ഏക്കർ ഒരുപ്പൂനിലവും നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നത് 1995 ആയപ്പോഴേയ്ക്കും ഇരുപ്പൂക്കൃഷി 3 ഏക്കറായും ഒരുപ്പൂക്കൃഷി 5 ഏക്കറായും കുറഞ്ഞു. ഇരുപ്പൂനിലങ്ങൾ കുറയുവാൻ കാരണം ജനസാന്ദ്രത വർദ്ധിച്ചതോടുകൂടി പാർപ്പിടനിർമ്മാണത്തിന് വയലുകൾ നികത്തുന്നതും നെൽക്കൃഷി നഷ്ടമായിത്തുടങ്ങിയതോടെ ലാഭകരമായ തെങ്ങുകൃഷി നടത്തുവാൻ പ്രേരിതരാവുകയും ചെയ്തതാണ്. മഴക്കാലത്ത് കല്ലടയാറ്റിൽക്കൂടി ലഭിച്ചിരുന്ന ജലം ഉപയോഗിച്ച് നടത്തിയിരുന്ന ഒരുപ്പൂക്കൃഷി വളരെ ആദായകരമായിരുന്നെങ്കിലും കല്ലട പദ്ധതിയുടെ ആവിർഭാവത്തോടുകൂടി നീരൊഴുക്കു കുറയുകയും സമുദ്രത്തോടു ചേർന്നുകിടക്കുന്ന അഷ്ടമുടിക്കായലിൽനിന്നുള്ള ഉപ്പുജലത്തിന്റെ കടന്നാക്രമണംമൂലം കൃഷി നശിക്കുവാനും തുടങ്ങി. കൂടാതെ, ഉൽപ്പാദനച്ചെലവിലുണ്ടായ വർദ്ധനവ്, കാർഷികത്തൊഴിലാളികളുടെ അഭാവം, കാർഷിക ആഭിമുഖ്യം ജനങ്ങളിൽ കുറഞ്ഞുവന്നത്, കീടങ്ങളുടെ അനിയന്ത്രിതമായ കടന്നുകയറ്റം തുടങ്ങിയവയും നെൽക്കൃഷി പിന്നോക്കംപോകുന്നതിനും കാരണമായി. തന്മൂലം ഈ പ്രദേശത്തിന്റെ ഒരുഭാഗം കർഷകർ തെങ്ങുകൃഷിക്ക് വിധേയമാക്കി. ശേഷിച്ച ഒരുപ്പൂനിലങ്ങളിൽ MPEDA യുടെയും മറ്റു സംസ്ഥാനഗവൺമെന്റ് ഏജൻസികളുടെയും സഹായത്തോടെ 1987 മുതൽ ശാസ്ത്രീയമായ ചെമ്മീൻ കൃഷി ആരംഭിക്കുകയും അത് വിജയകരമായതിനെത്തുടർന്ന് അവശേഷിച്ചിരുന്ന ഒരുപ്പൂനിലങ്ങളിൽ ഏതാണ്ട് പൂർണ്ണമായും ചെമ്മീൻ കൃഷി വ്യാപിച്ചു.

ഭൂവിനിയോഗം

നം.	ഇനം	വിസ്തീർണ്ണം(ഹെക്ടർ)
1.	നെല്ല് (ഇരുപ്പൂ)	4.00
2.	നെല്ല് (ഒരുപ്പൂ)	2.00
3.	ഒരുപ്പൂ നിലം (തരിശ്ശ്)	68.00
4.	കായൽനിലം	139.00
5.	ചതുപ്പുനിലം	27.00
6.	മരച്ചീനി	3.00
7.	വാഴ	3.00
8.	കിഴങ്ങുവർഗ്ഗങ്ങൾ	2.00
9.	ചെമ്മീൻകൃഷി	40.00
10.	പച്ചക്കറി	1.00
11.	മറ്റുവിളകൾ	2.00
12.	തെങ്ങ്	915.00
13.	കായൽ	314.00
14.	കശുമാവ്	2.00
ആകെ		1522.00

നെൽക്കൃഷി

ആദ്യകാലങ്ങളിൽ ഈ പഞ്ചായത്തിൽ ചേറാടി, ഇളവിത്ത്, U.R-19, അതിഗ്രാഹി എന്നീ ഇനം നെൽവിത്തുകളാണ് കൃഷി ചെയ്തിരുന്നത്. കൂടാതെ, മുണ്ടകൻ നിലങ്ങളിൽ മൂപ്പുകൂടുതലുള്ള കരിമുണ്ടകൻ, ചുവന്ന മുണ്ടകൻ എന്നീയിനിങ്ങളും കൃഷി ചെയ്തിരുന്നു. ഓരുജലത്തിൽ വളരുവാൻ കഴിയുന്ന വെട്ടിവിരിപ്പൻ (ചെന്നെല്ല്) കായൽ പ്രദേശത്തോടു ചേർന്ന പ്രദേശങ്ങളിൽ കൃഷി ചെയ്തിരുന്നു.

1950-കളിൽ ആകെ ഭൂവിസ്തൃതിയുടെ 5.91 ഭാഗം നെൽക്കൃഷിയ്ക്കായി ഉപയോഗിച്ചിരുന്നുവെങ്കിൽ 1996 ൽ ഇത് മൊത്തം ഭൂമിയുടെ 0.21% മായി കുറഞ്ഞു. ഒരുപ്പൂനിലങ്ങളിൽ നവംബർ-ഡിസംസംബർ മുതൽ മേയ്-ജൂൺ വരെ ഓരുജലത്തിന്റെ ആക്രമണമുണ്ടാകുന്നതുകൊണ്ട് ഒക്ടോബറിൽ വിളവെടുക്കാവുന്നതും, മുൻകാലങ്ങളിൽ കൃഷിചെയ്തിരുന്നതുമായ വെട്ടിവിരിപ്പൻ (ചെന്നെല്ല്) ഇനത്തിൽപ്പെട്ട മൂപ്പുകുറഞ്ഞ നെല്ലിനങ്ങൾ കൃഷിചെയ്ത് ഒരുപ്പൂനിലങ്ങളെ കൃഷിയോഗ്യമാക്കാവുന്നതാണ്. കൂടാതെ കൊച്ചിയിലെ വൈപ്പിൻ തീരങ്ങളിൽ കൃഷിചെയ്തുവരുന്ന പൊക്കാളിയിനത്തിൽപ്പെട്ട നെല്ലും പരീക്ഷിക്കാവുന്നതാണ്. തുടർന്ന് ഈ നിലങ്ങളിൽ ഡിസം. മാസംമുതൽ ചെമ്മീൻ കൃഷിയും ലാഭകരമായി നടത്താവുന്നതാണ്. ഇങ്ങനെ നെൽക്കൃഷി പുനരാരംഭിക്കുന്നതിലൂടെ ഏകദേശം 200 ടൺ നെല്ല് ഈ മേഖലയിൽനിന്നും ഉൽപ്പാദിപ്പിക്കുവാൻ കഴിയും. 'ഹോളണ്ട്' സ്ക്കീമിൽ ഉൾപ്പെടുത്തി 1970 കളിൽ നിർമ്മാണം ആരംഭിച്ച് നിർത്തിവച്ചിരിക്കുന്ന പെരുങ്ങാലം-പട്ടംതുരുത്ത് ബണ്ടും മേജർ ഇറിഗേഷൻ സ്ക്കീമിലുള്ള പെരുങ്ങാലം-കോയിവിള ബണ്ടും നിർമ്മിച്ചാൽ ഏകദേശം 300 ഹെക്ടർ കായൽനിലംകൂടി നെൽക്കൃഷിക്ക് ഉപയുക്തമാക്കാവുന്നതാണ്.

നെൽക്കൃഷിയുടെ ഉന്നമനത്തിനായി നൂതന കൃഷി സമ്പ്രദായങ്ങളും ഗുണമേന്മയേറിയ വിത്തിനങ്ങളും പ്രദേശത്തിന് അനുയോജ്യമായരീതിയിൽ പ്രായോഗികമാക്കുന്നതരത്തിലുള്ള ഗൗരവമായ ചർച്ചകളുണ്ടാകേണ്ടിയിരിക്കുന്നു.

തെങ്ങുകൃഷി

മണ്ട്രോത്തുരുത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാർഷികവിളയാണ് തെങ്ങ്. 1950കളിൽ ആകെ ഭൂവിസ്തൃതിയുടെ 33.7% (514 ഹെക്ടർ) സ്ഥലത്തുമാത്രമാണ് തെങ്ങുകൃഷിയുണ്ടായിരുന്നത്. എന്നാൽ ഇന്ന് ഇത് 915 ഹെക്ടറായി വർദ്ധിച്ചിട്ടുണ്ട്. ഇതിനു കാരണം ഫലപുഷ്ടിയുള്ള മണ്ണും അനുയോജ്യമായ കാലാവസ്ഥയുമാണ്. തന്നെയുമല്ല കായൽനിലങ്ങളിൽ കാലാകാലങ്ങളിൽ അടിഞ്ഞുകൂടിയ എക്കൽമണ്ണ് കൂടുതൽ പ്രദേശങ്ങളെ തെങ്ങുകൃഷിക്ക് അനുയോജ്യമാക്കുകയും ചെയ്തു. കൂടാതെ, വിവിധ ഏജൻസികളിൽനിന്നും (ഇതിൽ കാർഷികവികസന ബാങ്ക് വഴി തെങ്ങുകൃഷിക്ക് ലഭിച്ച ദീർഘകാല വായ്പാസഹായം മുഖ്യപങ്ക് വഹിച്ചു.) തെങ്ങ്കൃഷി പുതുതായി ആരംഭിക്കുന്നതിന് ലഭിച്ച സാമ്പത്തിക സഹായവും കർഷകർക്ക് പ്രോത്സാഹനമായി. തെങ്ങ് കൃഷി താരതമ്യേന കൂടുതൽ ലാഭകരമായതും കർഷകരെ ഈരംഗത്തേയ്ക്ക് ആകർഷിക്കുവാൻ കാരണമായി.

1950 കളിൽ പ്രതിവർഷം ഒരു തെങ്ങിൽനിന്നും 52 നാളീകേരം ഉൽപ്പാദിപ്പിച്ചിരുന്നുവെങ്കിൽ ഇപ്പോൾ ഇതാ 42 ആയി കുറഞ്ഞിരിരിക്കുകയാണ്. ഇതിന്റെ പ്രധാനകാരണങ്ങൾ സാന്ദ്രതയിലുണ്ടായ വർദ്ധനയും 1950 ൽ ഒരു ഏക്കറിൽ 60 മുതൽ 70 വരെ തെങ്ങുകൾ കൃഷിചെയ്തിരുന്നുവെങ്കിൽ ഇന്ന് അത് 110 ആയി വർദ്ധിച്ചിരിക്കുന്നു. കീടങ്ങളുടെ കടന്നാക്രമണവും, രോഗബാധയും മൂലം ഉൽപ്പാദനം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. എന്നാൽ സാന്ദ്രതയിലുണ്ടായ വർദ്ധനവുമൂലം മൊത്തം ഉൽപ്പാദനത്തിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും ഇത് സ്ഥായിയല്ല എന്നതാണ് വസ്തുത. കർഷകർക്ക് കൂടുതൽ ആദായം ലഭ്യമാക്കണമെങ്കിൽ ശാസ്ത്രീയ കൃഷിരീതികൾ അവലംബിക്കുകയും തെങ്ങിന്റെ സാന്ദ്രത ഏക്കറിന് 50-60 എണ്ണമായി കുറച്ച് ഇടവിളകൃഷികൂടു വ്യാപിക്കേണ്ടിയിരിക്കുന്നു.

ഡിസംബർ മുതൽ മേയ് വരെ വെള്ളത്തിൽ ഉപ്പിന്റെ കാഠിന്യം വർദ്ധിക്കുന്നതുമൂലം താഴ്ന്ന പ്രദേശങ്ങളിൽ ഈ കാലഘട്ടത്തിൽ ഗണ്യമായ കുറവുണ്ടാകുന്നുണ്ട്. ഉപ്പിന്റെ കാഠിന്യം വർദ്ധിക്കുന്ന വർഷങ്ങളിൽ വേര് കരിഞ്ഞ് തെങ്ങുകളിൽ നല്ലൊരു ഭാഗം ഉണങ്ങിപ്പോവുകയും ചെയ്യുന്നു. ഇതിനു പരിഹാരമായി മുകളിൽ സൂചിപ്പിച്ച പെരുങ്ങാലം-കോയിവിള, പെരുങ്ങാലം-പട്ടംതുരുത്ത് ബണ്ടുകൾ പ്രയോജനപ്പെടുത്താം. രോഗബാധിത തെങ്ങുകൾ പരമാവധി നീക്കം ചെയ്തും അത്യുൽപ്പാദനശേഷിയും രോഗപ്രതിരോധശക്തിയുമുള്ള മേൽത്തരം തെങ്ങിൻതൈകൾ കൃഷിഭവൻവഴി വിതരണം നടത്തുന്ന നിലവിലുള്ള പദ്ധതികൾ കാര്യക്ഷമമായും വ്യാപകമായും നടപ്പിലാക്കുക വഴി ഈ പഞ്ചായത്തിലെ കൃഷി അഭിവൃദ്ധിപ്പെടുത്താം.

മുൻകാലങ്ങളിൽ മിക്കപ്പോഴും ഉണ്ടാകാറുള്ള വെള്ളപ്പൊക്കംമൂലം മണ്ട്രോത്തുരുത്തിന്റെ തീരപ്രദേശങ്ങളിൽ ധാരാളം ജൈവസമ്പത്ത് അടിഞ്ഞുകൂടി തെങ്ങിന് വളമായി മാറുമായിരുന്നു. എന്നാൽ കല്ലട ഡാം നിലവിൽവന്നതോടുകൂടി പ്രകൃത്യായുള്ള ഈ വളപ്രയോഗം നിലച്ചുപോയിരിക്കുകയാണ്. ഇതിനു പരിഹാരമായി ജൈവ-രാസവള പ്രയോഗം കർഷകർ നടത്തുന്നതുമില്ല. ജൈവ വളസമ്പത്ത് വളരെക്കുറഞ്ഞിരിക്കുന്ന ഈ സാഹചര്യത്തിൽ അവ ശേഖരിച്ച് വിതരണം ചെയ്യുന്നതിനുള്ള വിൽപ്പനശാലകളാരംഭിച്ച് കർഷകരെ സഹായിക്കാം. ഇതിന് കൃഷിവകുപ്പും സാമ്പത്തികസ്ഥാപനങ്ങളും യോജിച്ച് പ്രവർത്തിക്കുന്ന ഒരു പൊതുപരിപാടി ആവിഷ്ക്കരിക്കേണ്ടതായിട്ടുണ്ട്. കൂടാതെ, കർഷകസംഘങ്ങൾ ഉണ്ടാക്കി അതുവഴി നാളീകേരത്തിന്റെ സംഭരണത്തനും വിപണത്തിനും ശരിയായ സംവിധാനമുണ്ടാക്കിയാൽ കർഷകരെ ചൂഷണത്തൽനിന്നും രക്ഷിക്കാവുന്നതാണ്. നമ്മുടെ ഗ്രാമത്തിൽ വരൾച്ച അനുഭവപ്പെടുന്ന സമയങ്ങളിൽ ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ വിളവിലുണ്ടാകുന്ന ഉൽപ്പാദനമാന്ദ്യം ഒഴിവാക്കാവുന്നതാണ്. ഇതിനുവേണ്ടി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ സേവനവും വിദഗ്ധ ഉപദേശവും ഉപയോഗപ്പെടുത്താവുന്നതാണ്.

പ്രധാന ഇടവിളകൾ

നം.	വിളകൾ	വിസ്തീർണ്ണം(ഹെക്ടർ)
1.	വാഴ	10.00
2.	കമുക്	3.00
3.	മരച്ചീനി	12.00
4.	കുരുമുളക്	2.00
5.	പച്ചക്കറി	4.00
6.	ഇഞ്ചി, മഞ്ഞൾ	1.00
7.	കിഴങ്ങുവർഗ്ഗങ്ങൾ	2.00
8.	കൈതച്ചക്ക (പൈനാപ്പിൾ)	1.00
9.	മാവ്	3.00
10.	ഗ്രാമ്പൂ	5.00
11.	ജാതി	1.00
12.	കശുമാവ്	1.00
13.	പ്ലാവ്	1.00

കമുക്

വളരെ കുറഞ്ഞുകൊണ്ടിരിക്കുന്ന ഒരു ഇടവിളക്കൃഷിയാണിത്. പഞ്ചായത്തിലെ ഉപ്പുവെള്ളം കയറാത്ത പ്രദേശങ്ങളിൽ ഇത് വ്യാപകമായി കൃഷിചെയ്യാം.

വാഴ

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും ആദായകരമായതും എല്ലാ കർഷകർക്കും സ്വീകാര്യമായതുമായ ഒരു കൃഷിയാണ് വാഴ. 10മാസംകൊണ്ട് വിളവെടുക്കാവുന്ന ഈ കൃഷി ശാസ്ത്രീയമായി ചെയ്താൽ വാഴ ഒന്നിന് ശരാശരി 40 രൂപ ചെലവാകുമെങ്കിൽ 90 രൂപ വിലവരുന്ന ഒരു 'കുല' ലഭിക്കുന്നതാണ്. തെങ്ങിൽ തോപ്പിൽ ഇടവിളയായി കൃഷിചെയ്യുന്നതുകൊണ്ട് ഉയർന്നതോതിൽ ഇതിന് പ്രയോഗിക്കുന്ന ജൈവവളങ്ങൾ മണ്ണിന്റെ ഫലപുഷ്ടി വർദ്ധിപ്പിച്ച് നിലനിർത്തുകയും തെങ്ങിന് ആദായം വർദ്ധിക്കാൻ കാരണമാവുകയും ചെയ്യുന്നു. ആയതിനാൽ ഇടവിളയായി വാഴക്കൃഷിയ്ക്ക് മുന്തിയ പ്രാധാന്യം നൽകേണ്ടതുണ്ട്. രോഗവിമുക്തമായ അത്യുൽപ്പാദനശേഷിയുള്ള നടീൽവസ്തുക്കളും കീടനാശിനികളും രാസവളങ്ങളും കർഷകർക്ക് ലഭിക്കുന്നതിനുവേണ്ട സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കാവുന്നതാണ്. താഴ്ന്ന പ്രദേശങ്ങളിൽ ഡിസംബർ മാസത്തിൽ കൃഷിചെയ്താൽ സെപ്തംബർ മാസത്തിൽ വിളവെടുക്കാം. ഇത് പരമാവധി സ്ഥലത്ത് നടപ്പിലാക്കാൻ ശ്രമിച്ചാൽ ഓണക്കാലങ്ങളിലുണ്ടാകുന്ന വിലവർദ്ധനവിന് നിയന്ത്രണമുണ്ടാക്കുന്നതിനും കർഷകർക്ക് കൂടുതൽ ലാഭമുണ്ടാകുന്നതിനും സഹായകമാകും.

മരച്ചീനി

ഈ പഞ്ചായത്തിൽ വളരെ ലാഭകരമായി ചെയ്യുവാൻ കഴിയുന്ന ഒരു കൃഷിയാണിത്. മുമ്പ് വളരെക്കൂടുതൽ സ്ഥലത്ത് ഇവിടെ മരച്ചീനികൃഷി ചെയ്തിരുന്നുവെങ്കിൽ തെങ്ങുകൃഷിയുടെ സാന്ദ്രതയിലുണ്ടായ വർദ്ധനയും എലിശല്യവും കാർഷികമേഖലയിൽ മുൻസൂചിപ്പിച്ച പ്രശ്നങ്ങളും നിമിത്തം പ്രധാനപ്പെട്ട ഒരു കൃഷിയായിരുന്ന മരച്ചീനിക്കൃഷിക്ക് മാന്ദ്യം സംഭവിച്ചിരിക്കുകയാണ്. ഇപ്പോൾ 12 ഹെക്ടറോളം സ്ഥലത്തു മാത്രമേ ഇത് ഇടവിളയായി കൃഷിചെയ്യുന്നുള്ളൂ. ഇത് പരമാവധി സ്ഥലത്തുകൂടി വ്യാപിപ്പിച്ച് കർഷകരുടെ സാമ്പത്തികനേട്ടത്തിനും തൊഴിൽ സാധ്യതയുടെ വർദ്ധനവിനും പ്രയോജനപ്പെടുത്താവുന്നതാണ്.

കുരുമുളക്

നീർക്കെട്ടില്ലാത്ത പ്രദേശങ്ങളിൽ വ്യാപകമായി ഇത് കൃഷിചെയ്യാം. കൂടാതെ ചെടിച്ചട്ടിയിലെ കുരുമുളക് കൃഷി എല്ലാ പ്രദേശങ്ങളിലും വ്യാപകമാക്കാം. ഇതിൽനിന്നും എല്ലാ സമയങ്ങളിലും വിളവ് ലഭിക്കുന്നതതോടൊപ്പം വീടിന് ഒരു അലങ്കാരവുമാണ്.

പച്ചക്കറി

ഭക്ഷണത്തിൽ പച്ചക്കറി ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തേണ്ടതില്ല. കൃഷിചെയ്യുവാനുള്ള സാദ്ധ്യത ഏറെയുണ്ടായിരുന്നിട്ടും നാം പച്ചക്കറി വാങ്ങിയുപയോഗിക്കുന്നത് സ്ഥിരം ശീലവും ഫാഷനുമാക്കിയിരിക്കുന്നു. വാങ്ങുന്ന പച്ചക്കറികളുടെ കുറഞ്ഞ ഗുണനിലവാരത്തെക്കുറിച്ച് നാം ഇനിയും ബോധവാന്മാരായിട്ടില്ല. സ്വന്തമായി ഉൽപ്പാദിപ്പിച്ച് ഉപയോഗിക്കുന്നതുവഴി മേന്മയേറിയ പച്ചക്കറി ഉപയോഗിക്കുവാൻ കഴിയുകയും അതിലൂടെ ആരോഗ്യത്തെ മെച്ചപ്പെടുത്താനാവുകയും ചെയ്യും.

അഞ്ചിനത്തിൽപ്പെട്ട നല്ലയിനം വിത്തുകളുടെ (ചീര, വെണ്ട, മുളക്, വഴുതന, പയർ) പായ്ക്കറ്റുകൾ സാംസ്ക്കാരിക സംഘടനകളോ മഹിളാസമാജനങ്ങളോവഴി എല്ലാവീടുകളിലും വിതരണംചെയ്യുകയും കൃഷിക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങളും മേൽനോട്ടവും നൽകുന്നതരത്തിലുള്ള പരിപാടികൾ ആലോചിക്കേണ്ടതുമുണ്ട്. വാർഡ് തലങ്ങളിൽ ചെറുഗ്രൂപ്പുകൾ ഉണ്ടാക്കുകയും ഈ ഗ്രൂപ്പുകൾ സമയബന്ധിതമായി വീടുകൾ സന്ദർശിക്കുന്നതും കർഷകർക്ക് കൂടുതൽ പ്രയോജനകരമായിരിക്കും. ഇത്തരത്തിലുള്ള ഒരു രൂപരേഖ തയ്യാറാക്കി മണ്ഡ്രോത്തുരുത്തിൽ പച്ചക്കറിക്കൃഷി അഭിവൃദ്ധിപ്പെടുത്താനാകും. അടുക്കളത്തോട്ടങ്ങൾ പലസ്ഥലങ്ങളിലും വിജയകരമായി നടക്കുന്ന അനുഭവങ്ങളുണ്ട്.

ഇഞ്ചി, മഞ്ഞൾ

വളരെ ആദായകരമായി കൃഷിചെയ്യാവുന്ന സുഗന്ധവിളകളാണിത്. മേൽത്തരം വിത്തുകൾ വരുത്തി കർഷകർക്ക് വിതരണംചെയ്ത് ഈ കൃഷി വ്യാപകമാക്കാവുന്നതാണ്.

കൈതച്ചക്ക (പൈനാപ്പിൾ)

പറമ്പിന്റെ അതിരുകളിൽ നല്ലരീതിയിൽ ഇത് കൃഷിചെയ്യാവുന്നതാണ്. കൂടാതെ, തോടിന്റെ കരകളിൽ ഇത് കൃഷിചെയ്താൽ മണ്ണൊലിപ്പ് തടയാവുന്നതാണ്. ഈ കൃഷി ഇവിടെ വളരെ ലാഭകരമായി ചെയ്യാൻ കഴിയും.

കിഴങ്ങുവർഗ്ഗങ്ങൾ

ഈ കൃഷി നമ്മുടെ പഞ്ചായത്തിൽ പൊതുവേ കുറഞ്ഞുവരികയാണ്. വൈദ്യശാസ്ത്രം സസ്യാഹാരം പ്രോത്സാഹിപ്പിക്കുന്ന ഈ സാഹചര്യത്തിൽ പച്ചക്കറിയെപ്പോലെതന്നെ കിഴങ്ങുവർഗ്ഗക്കൃഷിയും കൂടുതൽ പ്രോത്സാഹനമർഹിക്കുന്നു. എല്ലാ പറമ്പുകളിലും പ്രത്യേകിച്ചും ഉയർന്ന പ്രദേശങ്ങളിൽ ഇടവിളയായി ചേന, ചേമ്പ്, കാച്ചിൽ തുടങ്ങിയവ വ്യാപകമായി കൃഷിചെയ്യാൻ കഴിയും.

സസ്യസംരക്ഷണം

കൃഷി വിജയിക്കണമെങ്കിൽ സസ്യസംരക്ഷണനടപടികൾ സമയബന്ധിതമായിത്തിന്നെ നടപ്പിലാക്കേണ്ടതായുണ്ട്. ഇതിനാവശ്യമായ കീടനാശിനികൾ, എതിർപ്രാണികൾ, രാസവസ്തുക്കൾ, സ്പ്രെയറുകൾ, ട്രില്ലറുകൾ എന്നിവ ലഭ്യമാക്കുന്നതോടൊപ്പം ജലസേചനസൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതായുണ്ട്. നമ്മുടെ ഭൂമിയുടെ പ്രത്യേകതയായ പുളിരസം ഒലിച്ചുപോകേണ്ടത് വളരെ അത്യാവശ്യമാണ്. ഇതിനായി തോടുകൾ നിലനിർത്തേണ്ടതും നികന്നുപോയിട്ടുള്ള ഇറിഗേഷൻ തോടുകളുടെ ആഴം വർദ്ധിപ്പിക്കേണ്ടതുമാണ്.

തീരസംരക്ഷണം

കല്ലടയാറിന്റെ കുത്തൊഴുക്കും അതിവേഗത്തിൽപ്പോകുന്ന ബോട്ടുകൾ സൃഷ്ടിക്കുന്ന ഓളങ്ങളും മണൽവാരൽ, ചെളിയെടുപ്പ് എന്നിവയും മൂലം തീരങ്ങൾ ഇടിഞ്ഞ് കൃഷിനാശം സംഭവിച്ചുവരുന്നു. അതുപോലെതന്നെ അഷ്ടമുടിക്കായലിൽനിന്നുള്ള തിരമാലകൾ തീരങ്ങളെ നശിപ്പിക്കുകയും ചെയ്യുന്നു. ഇവയിൽനിന്നുമുള്ള സംരക്ഷണത്തിനായി തീരങ്ങളിൽ ഡമ്പിംഗ് പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

സാധ്യതകൾ

- പെരുങ്ങാലം-പട്ടംതുരുത്ത്, പെരുങ്ങാലം-കോയിവിള ബണ്ടുകൾ നിർമ്മിച്ചാൽ അഷ്ടമുടിക്കായലിൽനിന്നുള്ള ഉപ്പുവേലികയറ്റം തടഞ്ഞ് നെൽക്കൃഷി വ്യാപിപ്പിക്കുകയും അതോടൊപ്പം മറ്റു കൃഷികളെ സംരക്ഷിക്കുകയും ചെയ്യാനാകും.
- ഉപ്പിനെ അതിജീവിക്കുന്നയിനം വിത്തുകളെക്കുറിച്ചുള്ള പ്രചരണവും അവയുടെ ലഭ്യതയും ഉറപ്പാക്കുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുക.
- ശാസ്ത്രീയമായ തെങ്ങുകൃഷിയെക്കുറിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിനും ഇടവിളക്കൃഷികൂടി ചെയ്ത് കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള പ്രചരണപ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതുണ്ട്.
- കേടുവന്നതും രോഗബാധിതവുമായ മുഴുവൻ തെങ്ങുകളും സമയബന്ധിതമായി വെട്ടിമാറ്റി അത്യുൽപ്പാദനശേഷിയും രോഗപ്രതിരോധശക്തിയുമുള്ള തൈകൾ വച്ചുപിടിപ്പിക്കുന്നതിനുവേണ്ടി കർഷകർക്ക് പ്രോത്സാഹനത്തിനായി സാമ്പത്തികസഹായം നൽകുന്ന പദ്ധതികൾ കാര്യക്ഷമായി നടപ്പിൽവരുത്തുവാൻ കഴിയണം.
- ഇവിടെ ഉൽപ്പാദിപ്പിക്കുന്ന നാളീകേരം മുഴുവനും ഇവിടെത്തന്നെ സംഭരിച്ച് സംസ്ക്കരിക്കുന്നതിനുവേണ്ടി ഇവിടെയുള്ള ധനകാര്യസ്ഥാപനങ്ങളും കൃഷിഭവനും കർഷകരും യോജിച്ച് ഒരു സംയുക്തസംരംഭം സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കാവുന്നതാണ്.
- ജലസേചനസൗകര്യം മെച്ചപ്പെടുത്തുന്നതിനായി വാർഡുകൾതോറും കുറഞ്ഞത് ഒരു ട്യൂബ്വെൽ വീതമെങ്കിലും സ്ഥാപിക്കാൻ കഴിയണം.
- വർഷാകാലങ്ങളിൽ ലഭിക്കുന്ന മഴവെള്ളം സംഭരിച്ച് നിലനിർത്തുന്നതിലേയ്ക്ക് ഇവിടുത്തെ ഉയർന്ന സ്ഥലങ്ങളിൽ ചെറിയ കുളങ്ങൾ ഉണ്ടാക്കേണ്ടതാണ്.
- ഇടവിളക്കൃഷി വ്യാപിപ്പിക്കുന്നതിനുവേണ്ടി ഇവയുടെ ശാസ്ത്രീയ പരിചരണ രീതിയെക്കുറിച്ച് കർഷകർക്ക് അറിവ് നൽകുന്നതിനും ഇവയുടെ നല്ലയിനം വിത്തുകൾ സമീപസ്ഥലത്ത് ലഭ്യമാക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിൽവരുത്തേണ്ടതുമാണ്.
- പച്ചക്കറി കൃഷിക്ക് ഒരു മാസ്റ്റർ യൂണിറ്റ് സ്ഥാപിച്ച് അതുവഴി വിത്തും വളവും വിതരണംചെയ്ത് വീടുകളിൽ കൃഷി ചെയ്യിക്കുകയും വിളവെടുപ്പിന്ശേഷം വീട്ടാവശ്യം കഴിഞ്ഞ് അധികംവരുന്നവ ശേഖരിച്ച് മാസ്റ്റർ യൂണിറ്റ് വഴി വിപണനം ചെയ്യാവുന്നതുമാണ്.
- അഗ്രോക്ലിനിക് സ്ഥാപിച്ച് ഇതുവഴി കർഷകർക്ക് ട്രില്ലർ, സ്പ്രെയർ, തെങ്ങുകയറ്റ യന്ത്രം, മറ്റ് കാർഷികോപകരണങ്ങൾ, കീടനാശിനികൾ, രാസവളങ്ങൾ, എതിർപ്രാണികൾ എന്നിവയുടെ സഹായം ലഭ്യമാക്കാവുന്നതാണ്.
- ഈ വില്ലേജിലെ മുഴുവൻ ഇറിഗേഷൻ തോടുകളും ആഴംകൂട്ടുന്നതിനുള്ള പദ്ധതികൾ ആരംഭിക്കേണ്ടതുണ്ട്.
- ചിറയിൽ കടവുമുതൽ അരിനല്ലൂർ കടത്തുകടവുവരെയുള്ള കല്ലടയാറിന്റെ ഇരുതീരങ്ങളിലും ബണ്ട് നിർമ്മിക്കാവുന്നതാണ്. കൂടാതെ, പുത്തനാർ, പുളിമൂട്ടിൽ തോട്, ചിറയിൽ തോട്, പനമ്പിൽ തോട്, പട്ടംതുരുത്ത്, പെരുങ്ങാലം, തെക്കേനെന്മേനി ഇവിടങ്ങളിലെ കായൽത്തീരങ്ങളിലും ഡമ്പിംഗ് പദ്ധതി നടപ്പിലാക്കി തീരങ്ങളെ സംരക്ഷിക്കാവുന്നതാണ്.



മത്സ്യമേഖല

മണ്ട്രോത്തുരുത്ത് പഞ്ചായത്തിൽ കാർഷികമേഖലകഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആളുകൾ ഏർപ്പെടുന്ന ഒരു മേഖലയാണ് മത്സ്യക്കൃഷിമേഖല. കാർഷികമേഖലയെക്കാളും വികസനത്തിന് അനന്തസാദ്ധ്യതകളുള്ള ഈ മേഖല ആളുകൾ ഇനിയും അതിന്റെ ഗൗരവത്തിലെടുത്തിട്ടില്ല. പഞ്ചായത്തിന്റെ കിഴക്ക്, വടക്ക്, പടിഞ്ഞാറായി ഒഴുകുന്ന കല്ലടയാറും അതിന്റെ ഉപശാഖകളും തെക്കുപടിഞ്ഞാറായി സ്ഥിതിചെയ്യുന്ന ഉപശാഖകളും ചേർന്ന അതിവിസ്തൃതമായ ഒരു ജലസമ്പത്തുതന്നെ ഈ പഞ്ചായത്തിനുണ്ട്. ജൂൺ മാസംമുതൽ നവംബർ അവസാനംവരെ കല്ലടയാറിലും അതിന്റെ അതിന്റെ ഉപശാഖകളിലും, അതുമായി ബന്ധപ്പെട്ട ചെറുതോടുകളിലും ശുദ്ധജലമാണ് ലഭിക്കുന്നത്. ഇതിനുശേഷം കായലിൽനിന്നുള്ള ലവണാംശം ക്രമേണ ഈ ഭാഗത്തേയ്ക്കും വ്യാപിക്കും.

കായലിന്റെ സമീപമുള്ള പെരുങ്ങാലം, പട്ടംതുരുത്ത്, തെക്കേനെന്മേനി, ഈ ഭാഗങ്ങളിൽ വെള്ളത്തിന്റെ ലവണാംശം ഈ സമയത്ത് ഏകദേശം 25 പി.പി.റ്റിവരെ എത്തുന്നു. എന്നാൽ ബാക്കിഭാഗങ്ങളിൽ ലവണാംശം 10 മുതൽ 15 പി.പി.റ്റിവരെമാത്രമേ എത്തന്നുള്ളൂ. പൊതുവേ ഈ കാലയളവിൽ ജലത്തിന്റെ പി.എച്ച് ഗുണം 8 മുതൽ 8.5 വരെയാണ്. ഏകദേശം 60 മുതൽ 70 സെ.മീ ജലനിരപ്പ് വ്യത്യാസം വേലിയേറ്റ വേലിയിറക്ക ജലനിരപ്പുകൾ തങ്ങളിലുണ്ടാകാറുണ്ട്.

ഏകദേശം 300 ഓളം ആളുകൾ ഈ പഞ്ചായത്തിൽ മത്സ്യബന്ധനം ഉപജീവനമാക്കിമാറ്റിയവരുണ്ട്. ഇവരിൽ 80% ആൾക്കാർ പെരുങ്ങാലം വാർഡിൽനിന്നും മാത്രമുള്ളവരാണ്. ഇവർ ചെറുവള്ളങ്ങളിൽ വലകളുമായിപ്പോയി മത്സ്യബന്ധനം നടത്തുകയാണ് പതിവ്. മീൻ പിടിക്കുന്നതിനും ചെമ്മീൻ പിടിക്കുന്നതിനും പ്രത്യേകതരം വലകളാണ് ഇവർ ഉപയോഗിക്കുന്നത്. പ്രകൃതിയുടെ പ്രത്യേകതകൾക്കനുസരിച്ച് അഷ്ടമുടിക്കായലിന്റെ വിവിധമേഖലകളിൽ ഇവർ പണിയെടുക്കുന്നു. സാധാരണയായി 3 പേർ ചേർന്ന ഒരു യൂണിറ്റായാണ് വള്ളത്തിൽ മത്സ്യബന്ധനത്തിനായി പോകുന്നത്. എന്നാൽ ചെമ്മീൻ ലഭിക്കുന്ന അവസരങ്ങളിൽ അഷ്ടമുടിക്കായലിന്റെ അനന്തതയിലേയ്ക്ക് പോകുമ്പോൾ ഇവർ മൂന്നുവള്ളങ്ങൾ ചേർന്ന് ഒരു സംഘമായാണ് പ്രവർത്തിക്കുന്നത്. ഇവർ ഒരുമിച്ച് ചെമ്മീൻ പിടിക്കുകയും ഒരുമിച്ച് വിപണനം നടത്തി ലഭിക്കുന്ന പ്രതിഫലം തുല്യമായി വീതിച്ചെടുക്കുകയും ചെയ്യുന്നു. കഴിഞ്ഞ കുറേ കാലങ്ങളായി അഷ്ടമുടിക്കായലിൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരിക്കുകയാണ്. കൂടുതൽ മത്സ്യം ലഭിക്കുന്നതിനുവേണ്ടി തൊഴിലാളികൾ പല അശാസ്ത്രീയമാർഗ്ഗങ്ങളും അവലംബിക്കുന്നുണ്ട്. ഇങ്ങനെയുണ്ടാകുന്ന അമിത അശാസ്ത്രീയമത്സ്യചൂഷണം മൂലം കായലിൽ മത്സ്യസമ്പത്തിന് വൻകുറവാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അശാസ്ത്രീയമത്സ്യബന്ധനരീതികൾ മത്സ്യസമ്പത്തിനുണ്ടാക്കുന്ന നഷ്ടം തടയുന്നതിനാവശ്യമായ നടപടികൾ ഉണ്ടെങ്കിൽത്തന്നെ ഇവ കർശനമായി പാലിക്കപ്പെടുന്നില്ല. അതുപോലെതന്നെ മത്സ്യബന്ധനരംഗത്ത് തൊഴിലാളികൾ മത്സരബുദ്ധ്യാ തങ്ങളുടെ വലയുടെ വിസ്തീർണ്ണത്തിലും ഉപയോഗിക്കുന്ന ഭാരത്തിന്റെ അളവിലും വളരെ വ്യത്യാസങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നത്. ഇത് തൊഴിലാളികളുടെ ആരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്ന ഒരു പ്രശ്നമാണെങ്കിലും ഇതിന്റെ ഗൗരവം തൊഴിലാളികൾ വേണ്ടരീതിയിൽ ഉൾക്കൊണ്ടിട്ടില്ല. അതുകൊണ്ടുതന്നെ ഇവരിൽ കുറച്ചുപേരെങ്കിലും വലയുടെ കണ്ണിയുടെ വലിപ്പം അംഗീകൃതമായതിലും ചെറിയ അളവിലാണ് ഉപയോഗിക്കുന്നത്. ഇങ്ങനെയുള്ള മത്സ്യസമ്പത്തിന്റെ അശാസ്ത്രീയചൂഷണം ഈ മേഖലയിൽ വൻ വിപത്താണ് വരുത്തിവച്ചിരിക്കുന്നത്.

അഷ്ടമുടിക്കായൽ കടലുമായി ച്ചേരുന്ന ഭാഗത്ത് മത്സ്യബന്ധനത്തിനുപയോഗിക്കുന്ന അശാസ്ത്രീയമത്സ്യബന്ധനമാർഗ്ഗമായ കുറ്റിവലകൾ പൂർണ്ണമായി ഒഴിവാക്കിയാൽ മത്സ്യങ്ങളുടെ കടലിലേയ്ക്കും കായലിലേയ്ക്കുമുള്ള യാത്ര സുഗമമാകുകയും അതുവഴി കായലിൽ മത്സ്യസമ്പത്ത് വർദ്ധിക്കുകയും ചെയ്യും. മൺസൂൺകാലത്ത് കടലിൽ നടത്തുന്ന ട്രോളിംഗ് നിരോധനം വളരെ കർശനമാക്കുകയും അത് നാല് മാസ

മായി ദീർഘിപ്പിക്കുകയും ചെയ്താൽ അഷ്ടമുട ക്കായലിലെ മത്സ്യസമ്പത്ത് വളരെയധികം വർദ്ധിക്കുന്നതിന് സഹായകമാകും. മുൻകാലങ്ങളിൽ മരുന്നാത്തുരുത്ത് പ്രദേശത്തെ ജലാശയം പ്രകൃതിദത്തമായ ഒരു മത്സ്യ നഴ്സറിയായിരുന്നു. കല്ലടയാറ് അഷ്ടമുടിക്കായലിൽ ചേരുന്നത് ഇവിടെവച്ചായതിനാൽ ഉപ്പിന്റെ സാന്ദ്രത ഇവിടെ കുറവാണ്. ചെമ്മീനുൾപ്പെടെ ധാരാളം മത്സ്യങ്ങളും ജീവിതചക്രത്തിലെ ആദ്യഘട്ടം കുറഞ്ഞ ലവണാംശത്തിലാണ് പൂർത്തീകരിക്കേണ്ടത്. ആയതിനാൽ ഈ പഞ്ചായത്തിലെ കുറഞ്ഞ ലവണാംശമുള്ള ഭാഗങ്ങളിലായിരുന്നു മുമ്പ് ഇവ വളർന്നിരുന്നതും തുടർന്ന് അടുത്തഘട്ടം ഉയർന്ന ലവണാംശമുള്ള അഷ്ടമുടിക്കായലിൽ പൂർത്തിയാക്കുകയും അതിനുശേഷം കൂടുതൽ ഉയർന്ന ലവണാംശം തേടി കടലിലേയ്ക്ക് പോവുകയുമാണ് ചെയ്തിരുന്നത്. കടലിൽ പ്രത്യുൽപ്പാദനം നടത്തുകയും കുഞ്ഞുങ്ങൾ തിരിച്ച് ഈ ഭാഗത്ത് എത്തിച്ചേരുകയും ചെയ്തിരുന്നു. ഇങ്ങനെ ജീവിതചക്രം പൂർത്തിയാക്കുന്ന ധാരാളം ഇനം മത്സ്യങ്ങൾ ഇന്ന് പ്രതിസന്ധിയിലാണ്. കല്ലടഡാം പണിഞ്ഞതോടുകൂടി കല്ലടയാറിലൂടെ ഒഴുകിവന്നിരുന്ന ജലത്തിന്റെ അളവ് കുറയുകയും ഇത് ഈ പ്രദേശത്ത് സൃഷ്ടിച്ചിരുന്ന കുറഞ്ഞ ലവണാംശമുള്ള ജലം എന്ന സാധ്യത ഇല്ലാതാക്കുകയും അതുവഴി ഇവിടെയുണ്ടായിരുന്ന മത്സ്യനഴ്സറി നശിച്ചുപോവുകയും ചെയ്തതും ഈ പ്രദേശത്തിലെ മത്സ്യസമ്പത്തിൽ ഉണ്ടായിട്ടുള്ള കുറവിന് ഇതുമൊരു കാരണമാണ്.

സാധരണയായി കരിമീൻ, കണമ്പ്, ചെമ്മീൻ, കൊഞ്ച്, ഞണ്ട്, ചിപ്പി, കക്ക, നന്തൽ, ചൂട, കാരൽ തുടങ്ങിയയിനം മത്സ്യങ്ങളാണ് ധാരാളമായി ഇവിടെ കണ്ടുവരുന്നത്. ഇതിൽ ചെമ്മീനും, കൊഞ്ചും ഒഴികെയുള്ളവ പ്രാദേശികവിപണിയിൽത്തന്നെ വിറ്റഴിക്കപ്പെടുന്നു. ഈ പഞ്ചായത്തിൽ മത്സ്യവിപണനത്തിന് ഒരു സംവിധാനമില്ല എന്നത് ഒരു പോരായ്മയായി ഇന്നും അവശേഷിക്കുന്നു. ഏകദേശം 15ഓളം സ്ത്രീകൾ തലച്ചുമടായി വീടുവീടാന്തരം കൊണ്ടുനടന്ന് മത്സ്യവിപണനം നടത്തുകയാണ് ഇന്ന് ചെയ്തുവരുന്നത്. എന്നാൽ വിദേശമാർക്കറ്റിൽ വളരെയേറെ പ്രിയമുള്ള നാരൻ (P.Indicus) കാര (P.Monodon) ചെമ്മീനുകളും ആറ്റുകൊഞ്ചും കയറ്റുമതിക്കാരുടെ ഏജന്റന്മാർവന്ന് ശേഖരിച്ചുകൊണ്ട്പോവുകയാണ് ചെയ്യുന്നത്. ഇതുകാരണം തൊഴിലാളികൾ അമിതചൂഷണത്തിന് വിധേയമാകുന്നു. ഇടനിലക്കാരെ ഒഴിവാക്കി പൊതുവിപണി നടപ്പിലാക്കേണ്ടതാണ്.

ഇവിടെ സുലഭമായി ലഭിക്കുന്ന കക്ക അശാസ്ത്രീയ കക്ക വാരലുകാരണം ഒരു വംശനാശ ഭീഷണിയിലാണ്. അംഗീകൃത ഇനം വലകൾ ഉപയോഗിക്കുന്നതോടൊപ്പം നിരോധനകാലയളവ് കർശനമായി നടപ്പിലാക്കിക്കേണ്ടിയുമിരിക്കുന്നു. കക്കയിൽനിന്നും ലഭിക്കുന്ന മാംസം ധാരാളം ജീവകവും കാത്സ്യവും ധാതുക്കളും അടങ്ങിയതാണ്. എന്നാൽ ഇന്ന് ടൺകണക്കിന് മാംസം ചീയിച്ചുകളഞ്ഞ് ഇതിന്റെ പുറംതോടുമാത്രം ശേഖരിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. ഇതുമൂലം നഷ്ടപ്പെടുന്ന മാംസ്യത്തെക്കുറിച്ച് ജനങ്ങൾ ഇനിയും ബോധവാന്മാരായിട്ടില്ല. അതുപോലെതന്നെ കക്കയിറച്ചി ചീഞ്ഞുണ്ടാകുന്ന പാരിസ്ഥിതികപ്രശ്നങ്ങളും വളരെ ഗൗരവത്തിൽ കാണേണ്ടുന്ന ഒന്നാണ്. ഇത്രയേറെ കക്കയുടെ സമ്പത്ത് ഇവിടെയുള്ളപ്പോൾ ചെമ്മീൻ കർഷകർ അവരുടെ കൃഷിയാവശ്യത്തിനുവേണ്ടുന്ന തീറ്റയ്ക്കുവേണ്ടി കക്കയിറച്ചി ചേർത്തല, വൈക്കം തുടങ്ങിയ പ്രദേശങ്ങളിൽനിന്നും കൊണ്ടുവരുന്നുവെന്ന വിരോധാഭാസം ഇന്നും നിലനിൽക്കുകയാണ്. കുമ്മായ നിർമ്മാണാവശ്യത്തിനുവേണ്ടിമാത്രമായുള്ള കക്ക ഖനനം നിരോധിക്കുകയും കക്ക സംഭരിച്ച് സംസ്ക്കരിച്ചതിനുശേഷം മാത്രമേ കക്കയുടെ പുറംതോട് എടുക്കാവൂ എന്ന് നിയമപരമായി നിഷ്ക്കർഷിക്കേണ്ടിയിരിക്കുന്നു.

ചെമ്മീൻകൃഷി

ഈ പഞ്ചായത്തിൽ വളരെയേറെ വികസനസാദ്ധ്യതയുള്ള ഒരുമേഖലയാണിത്. ഏകദേശം 200 ഹെക്ടർ പ്രദേശം ചെമ്മീൻകൃഷിയ്ക്ക് ഉപയുക്തമാക്കാവുന്നതാണെന്ന് MPEDA, BFFDA, ADAK എന്നീ ഏജൻസികളുടെ സർവ്വേയിൽ തെളിഞ്ഞിട്ടുള്ളത്. ഏതാണ്ട് 1975-76 കാലങ്ങളിൽത്തന്നെ ചെറിയതോതിൽ കർഷകർ മത്സ്യക്കൃഷി ആരംഭിച്ചിരുന്നുവെങ്കിലും അത് വൻതോതിൽ വ്യാപിക്കുകയോ ലാഭകരമാവുകയുണ്ടായില്ല. വേണ്ടത്ര സാങ്കേതികപരിജ്ഞാനമില്ലായ്മ ഇതിനൊരു കാരണമാണ്. പിന്നീട് 1987 ൽ MPEDA ഈ മേഖലയിലെ സാധ്യത വികസിപ്പിക്കുന്നതിനുവേണ്ടി പരിശീലനപരിപാടികൾ സംഘടിപ്പിക്കുകയും കർഷകർക്ക് മരുന്നാത്തുരുത്ത് സർവ്വീസ് സഹകരണബാങ്ക് വഴി വായ്പ ലഭ്യമാക്കുന്നതിന് വേണ്ട സഹായങ്ങൾ ചെയ്യുകയും ചെയ്തു. 1992-93ൽ ഇന്ത്യയിലാദ്യമായി മരുന്നാത്തുരുത്ത് പഞ്ചായത്തിലെ പെരുങ്ങാലം വാർഡിലെ ഒരു ഫാമിന്റെയും MPEDA യുടെയും ഒരു സംയുക്തസംരംഭം എന്നനിലയിൽ തെങ്ങിൻതോട്ടത്തിലെ ഇടത്തോടുകളിൽ അർദ്ധ-ഊർജ്ജിത ചെമ്മീൻ കൃഷി വിജയകരമായി നടത്തുകയുണ്ടായി. ഇത് പഞ്ചായത്തിന്റെ പരിസ്ഥിതിയിലോ കാർഷികമേഖലകളേയോ ബാധിക്കാതെ ചെമ്മീൻകൃഷി വിജയകരമായി വിജ

യകരമായി നടത്തുവാനാകുമെന്ന് തെളിയിക്കുകയുണ്ടായി. എന്നാൽ ഇപ്പോഴും 20% പ്രദേശം മാത്രമേ ഈ മേഖലിയിൽ വികസിപ്പിച്ചെടുത്തിട്ടുള്ളൂ. വളരെയേറെ സാങ്കേതികപരിജ്ഞാനവും സാമ്പത്തികച്ചെലവും ആവശ്യമുള്ള ഒരു മേഖലയാണിത്. എന്നാൽ സാങ്കേതികപരിജ്ഞാനം ലഭിക്കുകയെന്നത് മറ്റേതൊരു തുറുത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം ദുഷ്ക്കരമാണ്. കാരണം, ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികളുടെ ആഫീസുകൾ എല്ലാംതന്നെ വിദൂരസ്ഥലങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. കൃഷിക്കിടയിൽ പെട്ടെന്നുണ്ടാകുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനോ ആവശ്യമായ സഹായങ്ങൾ വേണ്ടസമയത്ത് കർഷകർക്ക് ഇതുമൂലം ലഭിക്കാറില്ല. ഇതുകാരണം കൃഷി ആരംഭിച്ചവർ ഇന്ന് ഒരു പ്രതിസന്ധിയിലെത്തിനിൽക്കുകയാണ്. കൂടാതെ, യാതൊരു മുന്നറിയിപ്പുമില്ലാതെ കല്ലട ഡാമിൽനിന്ന് ഇടയ്ക്കിടെ വെള്ളം തുറന്നുവിടുന്നതിനാൽ പെട്ടെന്ന് വെള്ളത്തിന്റെ ലവണാംശം കുറയുകയും അമ്ലാംശം കൂടുകയും ചെയ്യാറുണ്ട്. ഇതും ഈ മേഖലയിലെ കൃഷിയെ ബാധിക്കുന്ന ഗുരുതരമായ ഒരു പ്രശ്നമാണ്. റിസ്ക് ഫാക്ടർ ഉയർന്ന ഒരു മേഖലയായതിനാൽ ഇൻഷ്വറൻസ് ഏജൻസികൾ ഈ മേഖലയിൽ ഇൻഷ്വറൻസ് സംരക്ഷണം നൽകുന്നതിന് തയ്യാറാകാറില്ല. പൊതുമേഖലാ ബാങ്കിംഗ് ഏജൻസികൾ ഈ മേഖലയിലേയ്ക്ക് വേണ്ടത്ര സഹായം നൽകാൻ തയ്യാറാകുന്നില്ല. (കാനറാ ബാങ്കും, സഹകരണബാങ്കും കുറെ സാമ്പത്തിക സഹായങ്ങൾ നൽകിയിട്ടുണ്ട്.) അതുപോലെതന്നെ ബാങ്ക് വായ്പകൾ നൽകുമ്പോൾ രണ്ടിരട്ടിയും മൂന്നിരട്ടിയും ജാമ്യം ആവശ്യപ്പെടുകയും വൻനിരക്കിലുള്ള പലിശ ചുമത്തുകയും ചെയ്യുന്നു. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാതെ വളരെ വികസനസാദ്ധ്യതയുള്ള ഈ മേഖല ഈ പ്രദേശത്ത് വികസിപ്പിച്ചെടുക്കാൻ കഴിയുകയില്ല.

ഞണ്ട് കൃഷി

ചെമ്മീൻ കൃഷിയെപ്പോലെയോ അതിലുപരിയായോ ലാഭം കൊയ്യാവുന്ന ഒരു മേഖലയാണിത്. നവംബർ അവസാനം മുതൽ ജൂൺ മാസംവരെ കായലുമായി ബന്ധപ്പെട്ടുകിടക്കുന്ന ഈ പഞ്ചായത്തിലെ പ്രദേശങ്ങളായ പെരുങ്ങാലം, പട്ടംതുരുത്ത്, തെക്കേനെന്മേനി എന്നിവിടങ്ങളിലെ ജലത്തിന്റെ ലവണാംശം 20-25 പി.പി.റ്റി വരെയാകുന്നതിനാൽ ഈ സമയങ്ങളിൽ ഈ കൃഷി വ്യാപകമായി ചെയ്യാവുന്നതാണ്. ഇത് പ്രധാനമായും രണ്ടു രീതിയിൽ ചെയ്യാവുന്നതാണ്. അഷ്ടമുടിക്കായലിൽ ധാരാളമായി കണ്ടുവരുന്നതും ലോകവിപണിയിൽ വളരെ പ്രിയമേറിയതുമായ Mud-crab ഇനത്തിൽപ്പെട്ട ഞണ്ടിന്റെ കുഞ്ഞുങ്ങളെ മത്സ്യത്തൊഴിലാളികളുടെ കൈയ്യിൽനിന്നും സ്വീകരിച്ച് ശാസ്ത്രീയമായി ഒരുക്കിയ കുളങ്ങളിൽ നിക്ഷേപിച്ചി പരിപാലനം നടത്തി ഒന്നര-രണ്ട് കിലോഗ്രാം ഭാരം വരെ വളർച്ചയെത്തിച്ച് വിൽക്കാവുന്നതാണ്. രണ്ടാമത്തെ രീതി മത്സ്യബന്ധനത്തിനിടയിൽ ലഭിക്കുന്നതും മാർക്കറ്റിംഗ് സൈസായതും എന്നാൽ പഞ്ഞിപ്പ് (Water) ആയ ഞണ്ടുകളെ ശേഖരിച്ച് 25-30 ദിവസം വരെ കുളങ്ങളിൽ പരിപാലിച്ച് ഈ പഞ്ഞിപ്പ് മാറ്റി വിൽക്കാവുന്നതാണ്. ഇങ്ങനെയുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ച് കർഷകരിൽ അവബോധം സൃഷ്ടിച്ചും ആവശ്യമായ സാങ്കേതിക സാമ്പത്തികസഹായങ്ങൾ നൽകിയും ഈ കൃഷി ഇവിടെ വികസിപ്പിക്കാവുന്നതാണ്.

ചിപ്പി കൃഷി

(Oyster Culture)

ഏകദേശം 10 കിലോമീറ്ററോളം കായൽത്തീരമുള്ളതും 25-30 PPT വരെ ലവണാംശമുള്ള ജലം ലഭിക്കുന്നതുമായ ഇവിടങ്ങളിലെ തീരങ്ങളിൽ ചിപ്പി കൃഷി ചെയ്യാവുന്നതാണ്. എന്നാൽ ഇതിന്റെ സാങ്കേതികവശങ്ങൾ അറിയാത്തതുകാരണവും സാമ്പത്തികസഹായത്തിന്റെ ലഭ്യതയ്ക്കുള്ള തടസ്സങ്ങൾ മൂലവും ഈ കൃഷി ഇന്നിയും ഇവിടെ ആരംഭിച്ചിട്ടില്ല.

മറ്റ് മത്സ്യ കൃഷികൾ

ധാരാളം തോടുകളും ഇടത്തോടുകളുമുള്ള ഒരു പ്രദേശമാണ് മറ്റേതൊരു തുരുത്ത്. താഴ്ന്ന പ്രദേശങ്ങളിൽ ഓരോ വീടിനോടും ചേർന്ന് ഒരു തോടെങ്കിലുമുണ്ടായിരിക്കും. ഈ തോടുകളിൽ വലിയ പരിശീലനവും സാമ്പത്തികച്ചെലവും ഇല്ലാതെതന്നെ വീട്ടമ്മമാർക്കും ചെയ്യാവുന്ന ഒരു കൃഷിയാണിത്. ഈ പ്രദേശങ്ങളിൽ കാണുന്ന മത്സ്യയിനങ്ങളായ കരിമീൻ, കണമ്പ്, തിലോപ്യ തുടങ്ങിയ ഇനങ്ങളും അതോടൊപ്പം താറാവ്, കോഴി, പന്നി, എന്നീ വളർത്തുമൃഗങ്ങളെയും സമ്മിശ്രമായി കൃഷിചെയ്യാവുന്നതാണ്. വീടുകളിലെ ഭക്ഷ്യാവശ്യത്തിനുള്ള മത്സ്യത്തിന്റെയും മാംസത്തിന്റെയും കാര്യത്തിൽ ഇതുമൂലം സ്വയം പര്യാപ്തത നേടുവാൻ കഴിയും.

സാധ്യതകൾ

- മത്സ്യബന്ധനരംഗത്ത് ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന അശാസ്ത്രീയമാർഗ്ഗങ്ങളെക്കുറിച്ച് വിശദമായി പഠനം നടത്തുകയും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും അവയ്ക്കുവേണ്ടുന്ന പ്രചരണങ്ങൾ സംഘടിപ്പിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.
- കായലിൽ മത്സ്യബന്ധനമില്ലാത്ത (Non-Fishing Zone) മേഖലകൾ തിരിക്കുക.
- അടക്കംകൊല്ലി വലകൾ ഉപയോഗിക്കുന്നവർക്കെതിരായി ശക്തമായ നടപടികൾ സ്വീകരിക്കുക.

- കുറ്റിവലകൾ നിരോധിക്കുക.
- കടലിലെ മൺസൂൺകാല ട്രോളിംഗ് കർശനമായി നിരോധിക്കുക.
- ഒരു മത്സ്യമാർക്കറ്റ് ആരംഭിക്കുക.
- ചെമ്മീൻ പ്രാഥമികമായെങ്കിലും സംസ്ക്കരിക്കുന്നതിനുള്ള ശാലകൾ ആരംഭിക്കാവുന്നതാണ്.
- കക്കയുടെ അശാസ്ത്രീയചൂഷണത്തിനെതിരെ കർശനമായ നിയമനടപടികൾ ഉണ്ടാക്കേണ്ടതാണ്.
- കക്കയിറച്ചി, വിലകുറഞ്ഞ മീനുകൾ, ചീനി എന്നിവ ഉപയോഗിച്ച് ചെമ്മീൻ തീറ്റ നിർമ്മിക്കുന്നതിനുള്ള ഒരു ചെറുകിട ഫാക്ടറി ഇവിടെ ആരംഭിക്കുക.
- ഗുണമേന്മയേറിയ ചെമ്മീൻ വിത്തുകൾ കുറഞ്ഞവിലയ്ക്ക് സമീപസ്ഥലത്ത് ലഭിക്കുവാനുള്ള സംവിധാനങ്ങൾ അടിയന്തിരമായി ഉണ്ടാക്കേണ്ടതാണ്.
- ചെമ്മീൻ കൃഷിയുടെ വിജയത്തിനായി "അക്വാകൾച്ചർ റിസർച്ച് & ട്രെയിനിംഗ് സെന്റർ" എന്ന ഒരു സ്ഥാപനം മണ്ണേറ്റുമുഖത്ത് കേന്ദ്രമായി ആരംഭിക്കേണ്ടതാണ്.
- നവംബർ മാസംമുതൽ ജൂൺവരെ കല്ലട ഡാമിൽനിന്നും ശുദ്ധജലം ഒഴുക്കിവിടുന്നത് കർശനമായി തടയേണ്ടതാണ്.
- ചെമ്മീൻ കർഷകർക്ക് ലഘുവ്യവസ്ഥകളിൽ കുറഞ്ഞ പലിശയ്ക്ക് ബാങ്ക് വായ്പകൾ ലഭ്യമാക്കുന്നതിന് ആവശ്യമായ നിയമനടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.
- ചെമ്മീൻകൃഷിക്ക് ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കുക.
- ഞണ്ട് ചിപ്പി എന്നിവയുടെ കൃഷിരീതികൾ സംബന്ധിച്ച് കർഷകർക്ക് സാങ്കേതിക പരിശീലനം നൽകുകയും ആവശ്യമായ സാമ്പത്തികസഹായങ്ങൾ നൽകുകയും ചെയ്യുക.
- വീട്ടുവളപ്പിലെ മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന പദ്ധതികൾക്ക് രൂപം നൽകേണ്ടതാണ്.
- മത്സ്യ കർഷകർക്ക് സാമ്പത്തികസഹായം ലഭ്യമാക്കുന്നതിനുവേണ്ടി "മത്സ്യകർഷക വായ്പാ സഹകരണസംഘം" രൂപീകരിക്കാവുന്നതാണ്.
- ഹോളണ്ട് സ്ക്കീമിലുൾപ്പെടുത്തി മുമ്പ് നിർമ്മാണം ആരംഭിച്ച് നിർത്തിവച്ചിരിക്കുന്ന പെരുങ്ങാലം-പട്ടംതുരുത്ത് ബണ്ടും മേജർ ഇറിഗേഷൻ സ്ക്കീമിൽ ഉൾപ്പെടുത്തി പണിയാരംഭിച്ചിട്ടുള്ള പെരുങ്ങാലം-കോയിവിള ബണ്ടും പൂർത്തിയാക്കിയാൽ ഏതാണ്ട് 300 ഹെക്ടർ ഭാഗം പ്രദേശംകൂടി ചെമ്മീൻകൃഷിയ്ക്കുവേണ്ടി ഉപയോഗിക്കാവുന്നതാണ്





മൃഗ സംരക്ഷണം

ഈ പഞ്ചായത്തിൽ മൃഗസംരക്ഷണരംഗത്ത് കഴിഞ്ഞ 50 വർഷങ്ങളിലെ ചരിത്രം പരിശോധിച്ചാൽ ശരിയായ രീതിയിൽ പാൽഉൽപ്പാദനവും ഉപഭോഗവും വളർന്നിട്ടുണ്ട് എന്നു കാണാവുന്നതാണ്. മണ്ണോത്തുരുത്തിനെ സംബന്ധിച്ച് പാലുൽപ്പാദനമായിരുന്നു കന്നുകാലിവളർത്തലിന്റെ പ്രധാന ഉദ്ദേശ്യമെങ്കിലും അതോടൊപ്പം കാലിവളം ഉപയോഗപ്പെടുത്തി കാർഷികവിളകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കാലിവളർത്തലും കൃഷിയും പരസ്പരം ബന്ധപ്പെടുത്തി വരുമാനം വർദ്ധിപ്പിച്ച അനേകം കുടുംബങ്ങൾ മണ്ണോത്തുരുത്തിൽ അന്നും ഇന്നും നിലവിലുണ്ട്. ഒറ്റനോട്ടത്തിൽ ശ്രദ്ധേയമായ നിരവധി നേട്ടങ്ങൾ മൃഗസംരക്ഷണമേഖലയിലൂടെ നാമമാത്രമായ കുടുംബങ്ങൾ കൈവരിച്ചിട്ടുണ്ട് എങ്കിലും താഴെത്തട്ടിലുള്ള സാധാരണക്കാർ ഇതിലെത്രത്തോളം വിജയിച്ചിട്ടുണ്ട് എന്നതിനെക്കുറിച്ച് പരിശോധിക്കപ്പെടേണ്ടതുണ്ട്. സാധാരണ ഇടത്തരം കർഷകർക്ക് ഉയർന്ന ഉൽപ്പാദനഗുണമുള്ള സങ്കരയിനം കന്നുകാലികളെ ശാസ്ത്രീയമായി പരിപാലിക്കുന്നതിനും പോഷകഗുണമുള്ള തീറ്റ ആവശ്യത്തിന് ഉപയോഗിക്കുവാനും സാധിക്കുന്നില്ല. പോഷകസമൃദ്ധമായ കാലിത്തീറ്റ ചെലവേറിയതാണ് എന്നുള്ളതുകൊണ്ട് സാധാരണ കർഷകന് ഇത് വാങ്ങി തങ്ങളുടെ കാലികൾക്ക് കൊടുക്കുക എന്നത് അപ്രാപ്യമാണ്. ഇങ്ങനെ സങ്കരയിനം കന്നുകാലികളുടെ സംരക്ഷണച്ചെലവ് ഉയർന്നതായതുകൊണ്ട് നാടൻ കന്നുകാലികളെത്തന്നെ ആശ്രയിക്കാൻ ദുർബ്ബലവിഭാഗത്തിലുള്ള കർഷകർ നിർബന്ധിതരായിരിക്കുകയാണ്. അതിനാൽ സാമ്പത്തികമായി ഈ പിന്നോക്കം നിൽക്കുന്ന കർഷകർക്ക് സങ്കരയിനം കന്നുകാലികളെ വളർത്തി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായവും അതുപോലെതന്നെ ശാസ്ത്രീയപരിപാലനരീതികൾ പരിശീലിപ്പിക്കുകയും ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു.

മുൻകാലങ്ങളിൽ നെൽക്കൃഷി വ്യാപകമായതിനാൽ കാലിത്തീറ്റ ഇവിടത്തെ കർഷകർക്ക് ഒരു പ്രശ്നമല്ലായിരുന്നു. ഈ കൃഷി ഇന്നിവിടെ നാമാവശേഷമായിരിക്കുകയാണ്. എന്നാൽ ക്ഷീരകർഷകർക്ക് കുറഞ്ഞ ചെലവിൽ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുമില്ല. പ്രധാനമായി ഈ പ്രദേശത്തുള്ളവർ തീറ്റയ്ക്കായി ഇപ്പോൾ നാടൻ പുല്ലിനങ്ങളെയാണ് ആശ്രയിക്കുന്നത്. തീറ്റപ്പുല്ല് ശാസ്ത്രീയമായി കൃഷിചെയ്യുന്നതിന് അനുയോജ്യമായ ഭൂപ്രദേശമാണിത്. എന്നാൽ, ഇതിനെക്കുറിച്ചുള്ള അറിവില്ലായ്മയും ഇതിന്റെ നേട്ടങ്ങൾ മനസ്സിലാക്കാതിരിക്കുന്നതും ഈ പ്രദേശത്തെ ഇതിന്റെ സാദ്ധ്യത പരമാവധി ചൂഷണം ചെയ്യുന്നതിന് കർഷകർക്ക് കഴിഞ്ഞിട്ടില്ല. ഗവൺമെന്റിൽനിന്നും കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നതിന് ഭാഗികമായി ധനസഹായം ലഭിച്ചിട്ടുണ്ടെങ്കിലും മിക്ക കർഷകരും ഇത് പ്രയോജനപ്പെടുത്തിയിട്ടില്ല എന്നതാണ് വസ്തുത. കാലിത്തീറ്റ ഉൽപ്പാദനപദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലതാമസം വരുന്ന ഒരു സാഹചര്യം. ഇന്ന് നിലനിൽക്കുന്നതിനാൽ സാധാരണകർഷകന് ഇവിടെ കാലിത്തീറ്റ ലഭ്യമാക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. എങ്കിൽമാത്രമേ ഇവിടുത്തെ ഈ സാധാരണക്കാരുടെയിടയിൽ കന്നുകാലിവളർത്തൽ പ്രോത്സാഹിപ്പിക്കാൻ കഴിയൂ.

ഈ പഞ്ചായത്തിൽ ആളുകൾ കന്നുകാലികളെ തെങ്ങിൻതോപ്പുകളിലും മറ്റും കെട്ടിമേയ്ക്കുന്ന ഒരു രീതിയാണ് അനുവർത്തിച്ചുവരുന്നത്. അതുപോലെതന്നെ കന്നുകാലികളെ താമസിപ്പിക്കുന്നതിന് ഭൂരിഭാഗം കർഷകരും വീടുകളോട് ചേർന്ന് കെട്ടിമേയ്ക്കുന്ന ഷെഡുകളാണ് ഉപയോഗിച്ചുവരുന്നത്. എന്നാൽ ഏകദേശം 2% ത്തോളം കർഷകർക്ക് ഓടുമേഞ്ഞ പ്രത്യേക തൊഴുത്തുകളുണ്ട്.

പശു, ആട് എന്നിവയാണ് ഇവിടുത്തെ പ്രധാന വളർത്തുമൃഗങ്ങൾ കൂടാതെ കാള, എരുമ എന്നിവയെയും വളർത്തുന്നുണ്ട്. വളർത്തുപക്ഷികളിൽ പ്രധാനമായും കോഴികളും താറാവുകളുമാണ്. കഴിഞ്ഞ 10 വർഷത്തിനിടയിൽ മണ്ണോത്തുരുത്തിൽ പശു, ആട് എന്നിവയുടെ വളർത്തലിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട് എങ്കിലും കാള, പോത്ത് എന്നിവയിൽ വലിയ കുറവാണ് ഉണ്ടായത്. കൃത്രിമ ബീജസങ്കലപരിപാടി നടപ്പിൽവരുത്തിയതിനാലും, കാർഷികവൃത്തിയിൽ മൃഗങ്ങളുടെ ഉപോയോഗം കുറഞ്ഞതുമൂലമാണ് പൊതുവെ കാള, പോത്ത് എന്നിവയിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുള്ളത്.

വളർത്തുമൃഗങ്ങളും പക്ഷികളും

Cattle	Cross bread	Male	82
		Female	868
	Non-Descript	Male	62
		Female	528
Baffaloes	Male	1	
	Female	23	
Goats	Male	344	
	Female	1008	
Dogs	772		
Hens	8730		
Ducks	398		

പശു

ഇവിടുത്തെ കന്നുകാലിവളർത്തലിൽ പ്രമുഖ സ്ഥാനം പശുവിനാണ്. സിന്ധി, ജേഴ്സി, സ്വിസ്ബ്രൗൺ തുടങ്ങിയ സങ്കരയിനങ്ങളും മറ്റ് നാടൻ ഇനങ്ങളുമാണ് ഇവിടെ പ്രധാനമായും വളർത്തിവരുന്നത്. കൂടുതൽ ലാഭത്തിനുവേണ്ടി ആളുകൾ ഇന്ന് സങ്കരയിനം കന്നുകാലികളെയാണ് ആശ്രയിക്കുന്നത്. എന്നാൽ ഇവയ്ക്ക് കൃത്യമായ പരിപാലനവും വളരെ ശുചിത്വമുള്ള ചുറ്റുപാടുകളും ആവശ്യമാണ്. എന്നാൽ ഇവയെക്കുറിച്ച് വേണ്ടത്ര അറിവില്ലാത്തതുകൊണ്ടോ സാഹചര്യമില്ലാത്തതുകൊണ്ടോ ഇത് വേണ്ടരീതിയിൽ കർഷകർ പരിപാലിക്കപ്പെടുന്നില്ല. ഇതുകാരണം പലവിധത്തിലുള്ള ജന്തുജന്യരോഗങ്ങൾക്കും കാലികൾ അടിമപ്പെടുകയും ഉൽപ്പാദനം പെട്ടെന്ന് മന്ദഗതിയിലാവുകയും മിക്കപ്പോഴും മരണം തന്നെ സംഭവിക്കുകയും ചെയ്യുന്നു. ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ച് കർഷകരിൽ വേണ്ടരീതിയിൽ അവബോധം സൃഷ്ടിക്കുന്നതിനും വേണ്ട സമയത്ത് പരിചരണം ലഭ്യമാക്കുന്നതിനും കർഷകർക്ക് ശ്രദ്ധിക്കേണ്ടതായുണ്ട്. ഇവിടെ പ്രവർത്തിക്കുന്ന വെറ്റിനറി ഹോസ്പിറ്റലിന്റെയും മറ്റ് ലഭിക്കേണ്ടുന്ന ഗവൺമെന്റ് ഏജൻസികളുടെയും പ്രവർത്തനം തികഞ്ഞ പരാജയമാണ്. ഇവിടെ കന്നുകാലികളെ ഇൻഷ്വർ ചെയ്തവരുടെ എണ്ണം വിരലിലെണ്ണാവുന്നതാണ്. ഇതിനുകാരണം ഇൻഷ്വറൻസ് സംരക്ഷണത്തെക്കുറിച്ചുള്ള അറിവില്ലായ്മയും ഇതുമായി ബന്ധപ്പെട്ട ആഫീസുകൾ വിദൂരസ്ഥലങ്ങളിലായതുമാണ്.

ആട്

ഏറെ ചെലവുകുറഞ്ഞതും വലിയ പരിപാലനവും ശ്രദ്ധയുമൊന്നും ആവശ്യമില്ലാത്തതും വീട്ടമ്മമാർക്കുതന്നെ ചെയ്യാവുന്നതുമായ ഒരു കൃഷിയാണ് ആടുവളർത്തൽ. ഒരു കുടുംബത്തിൽ കുറഞ്ഞത് ഒരാടിനെയെങ്കിലും വളർത്താൻ ശ്രമിച്ചാൽ പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് കഴിയുന്നതാണ്. ആടുകളുടെ പ്രധാനഭക്ഷണം പച്ചില ആയതിനാലും ഇത് ഇവിടെ സുലഭമായി ലഭിക്കുന്നതിനാലും ആടുവളർത്തൽ ഇവിടെ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഇതിന്റെ പാൽ ഔഷധഗുണമേറിയതാകയാൽത്തന്നെ ആടുവളർത്തൽ ഇവിടെ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു.

എരുമ

ധാരാളം തോടുകളും ഇടതോടുകളുമുള്ള ഈ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളനുസരിച്ച് വളരെ അനുയോജ്യമായതും വളരെയേറെ ആദായം ലഭിക്കുന്നതുമായ ഒന്നാണ് എരുമവളർത്തൽ. ഏതാണ്ട് 18 മാസത്തോളം കറവയെടുക്കാനാവുന്നതും പശുവിനെക്കാൾ ഇരട്ടിയോളം പാൽ ലഭിക്കുന്നതും പാലിൽ കൊഴുപ്പിന്റെ അളവ് കൂടുതലാണ് എന്നുള്ളതുമാണ് ഇതിന്റെ വിജയരഹസ്യം. എന്നാൽ, ഇതിനെക്കുറിച്ച് ഇനിയും ഇവിടെ പ്രചാരം ലഭിച്ചിട്ടില്ല എന്നതാണ് വസ്തുത. ജനങ്ങൾക്ക് ഈ കൃഷിയെക്കുറിച്ചുള്ള തെറ്റായ ധാരണകളും ഈ കൃഷിയ്ക്ക് ഇവിടെ പ്രചാരം ലഭിക്കുന്നതിന് തടസ്സമായി നിൽക്കുന്നുണ്ട്.

കോഴി, താറാവ്

മുട്ടക്കോഴി, ഇറച്ചിക്കോഴി, താറാവ് എന്നിവയുടെ വളർത്തൽ ഈ പഞ്ചായത്തിൽനിന്ന് കുറഞ്ഞുവരുന്നതായിക്കാണാം. ഇറച്ചിക്കോഴി വളർത്തുന്ന 5 യൂണിറ്റ് ഇവിടെ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ ഇതിൽ 3 യൂണിറ്റുകളും പ്രവർത്തനക്ഷമമല്ല. എന്നാൽ വ്യാവസായികമായി മുട്ടക്കോഴി വളർത്തുന്ന ഒരു യൂണിറ്റുപോലുമില്ല. ഓരോ വീടിനോടും ചേർന്ന് 5 കോഴികളെങ്കിലുമുള്ള ഒരു ചെറിയ യൂണിറ്റ് വളരെ അദ്ധ്വാനമോ ചെലവോ കൂടാതെ ഇവിടെ നടത്താവുന്നതാണ്. ആഹാരസാധനങ്ങളും അവശിഷ്ടങ്ങളും മറ്റും ഇതിന് തീറ്റയായി നൽകാവുന്നതാണ്. ഇതുമൂലം പരിസരശുചിത്വം സാദ്ധ്യമാകുന്നതാണ്. വീടുകളിൽത്തന്നെ മുട്ട ഉൽപ്പാദിപ്പിക്കുന്നതുമൂലം ആഹാരക്രമത്തിലെ പോഷകഗുണം വർദ്ധിപ്പിക്കാവുന്നതാണ്. കൂടാതെ കുടുംബത്തിലെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കും.

വെള്ളക്കെട്ടുകൾ നിറഞ്ഞ ഈ പ്രദേശത്ത് ഏറ്റവും ആദായകരമായി ചെയ്യാവുന്ന ഒന്നാണ് താറാവ് വളർത്തൽ മത്സ്യക്കൃഷിയും താറാവ്കൃഷിയും സംയോജിപ്പിച്ച് നടത്താവുന്ന പദ്ധതികളെക്കുറിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു. ഇതുമൂലം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കും.

❖ ❖ ❖

ഈ പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്ന പാൽ വീട്ടാവശ്യങ്ങൾക്കായി അതാത് മേഖലയിലുള്ളവർ വാങ്ങിക്കൊണ്ടുപോകുന്ന ഒരു സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. പഞ്ചായത്തിന്റെ പടിഞ്ഞാറേ അറ്റത്ത് പെരുങ്ങാലത്ത് സ്ഥിതിചെയ്യുന്ന ക്ഷീരസഹകരണസംഘം മാത്രമാണ് ഇപ്പോൾ ഇവിടെ നിലവിലുള്ളത്. കൊല്ലം ജില്ലയിലെതന്നെ ഏറ്റവും കൂടുതൽ ഗുണമേന്മയുള്ള പാൽ വിതരണം നടത്തുന്ന ഒരു സംഘമാണിത്. പ്രതിവർഷം 5000 ലിറ്റർ പാൽ ഉൽപ്പാദനത്തിൽ ഇവിടെ വർദ്ധനവുണ്ടെങ്കിൽ സാമ്പത്തികമായി വളരെ ബുദ്ധിമുട്ടനുഭവപ്പെടുന്നതിനാൽ കർഷകർക്ക് യഥാസമയം ഗ്രാന്റുകൾ നൽകുന്നതിനും കാലിത്തീറ്റ വിതരണം നടത്തുന്നതിനും ഗോരക്ഷാ ക്യാമ്പുകൾ വിപുലമായി നടത്തുന്നതിനോ സാധിക്കുന്നില്ല. കണ്ടാംകാണി, പട്ടംതുരുത്ത് വാർഡുകളിൽ പ്രവർത്തിച്ചിരുന്ന സംഘങ്ങൾ 1989ൽ പ്രവർത്തനം നിലച്ച സാഹചര്യത്തിൽ ഈ പ്രദേശത്തെ ക്ഷീരകർഷകർ അടുത്തപഞ്ചായത്തുകളിലെ ക്ഷീരസംഘങ്ങളിലാണ് ഉൽപ്പാദിപ്പിക്കുന്ന പാൽ വിതരണം നടത്തുന്നത്. അതുകൊണ്ടുതന്നെ ഈ കർഷകർക്ക് ലഭിക്കേണ്ടുന്ന പല ആനുകൂല്യങ്ങളും നഷ്ടപ്പെടുകയാണ്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വെറ്റിനറി ഡിസ്പെൻസറിയുടെ പ്രവർത്തനം തൃപ്തികരമല്ല. പഞ്ചായത്തിന്റെ കിഴക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന ഈ സ്ഥാപനത്തിന്റെ സേവനം കൂടുതൽ കർഷകർക്ക് പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല. 1995ൽ ഡയജസ്റ്റിക് ഡിസോർഡർ, എന്ററിറ്റീസ് ഇംപാക്ഷൻ, ശ്വസനരോഗങ്ങൾ, പ്രസവസംബന്ധമായ അസുഖങ്ങൾ, അസ്ക്കാരിയാസിസ് തുടങ്ങിയ രോഗങ്ങളിലായി ഏകദേശം 220ഓളം പശുക്കളേയും 8 കാളകളേയും 76ഓളം ആടുകളേയും മാത്രമേ ഇവിടെനിന്നും ചികിത്സയ്ക്ക് വിധേയമാക്കിയിട്ടുള്ളൂ. മരുന്നുകളുടെ ദൗർലഭ്യവും കന്നുകാലികളെ ആശുപത്രിയിലെത്തിക്കുവാനുള്ള യാത്രാബുദ്ധിമുട്ടും കാരണം മിക്ക കന്നുകാലികൾക്കും പലപ്പോഴും സമയത്തിന് ചികിത്സ കിട്ടാറില്ല. അതിനാൽ മിക്ക പ്രതിരോധ കുത്തിവയ്പ്പുകളും കാര്യക്ഷമായി നടക്കുന്നില്ല എന്നുതന്നെ പറയാം. ആവശ്യമായ മരുന്നുകളും അതുപോലെതന്നെ ഇത് സമയാസമയങ്ങളിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽവച്ച് വിതരണം നടത്തുന്നതിനും മറ്റും ആവശ്യമായ സംവിധാനങ്ങളെക്കുറിച്ചും ആലോചിക്കാവുന്നതാണ്.

അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായ്ക്കളുടെ ശല്യം കഴിഞ്ഞ 5 വർഷമായി ഇവിടെ വർദ്ധിച്ചിട്ടുണ്ട്. എങ്കിലും ഈ വർഷം പഞ്ചായത്തുവഴി നായ്ക്കളെ പിടിച്ച് കൊന്നു കുഴിച്ചുമൂടിയിട്ടുണ്ട് എന്നിരുന്നാലും ഇവമൂലമുള്ള ശല്യം ഇപ്പോഴും നിലവിലുള്ളതാണ്.

സാധ്യതകൾ

1. വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കുന്ന മില്ലുകൾ ഈ പഞ്ചായത്തിന്റെ പല ഭാഗത്തും ഉണ്ട് എങ്കിൽ അവിടത്തെ ഉപോൽപ്പന്നമായ പിണ്ണാക്ക് ഉപയോഗിച്ച് കാലിത്തീറ്റ നിർമ്മാണം വ്യാപകമാക്കുവാൻ കഴിഞ്ഞിട്ടില്ല.

2. വെറ്റിനറി ഹോസ്പിറ്റലിന്റെ പ്രവർത്തനം പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് ആക്കാവുന്നതാണ്.

3. കാലിത്തീറ്റകൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലില്ല.

4. കന്നുകുട്ടിപരിപാലനത്തിന് പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

5. കർഷകർക്ക് നല്ലയിനം കന്നുകാലികളെ വാങ്ങുന്നതിന് ആവശ്യമായ സാമ്പത്തികസഹായം ലഭ്യമാക്കേണ്ടതായുണ്ട്.

6. തീറ്റപ്പുൽക്കൃഷി ഇവിടെ വ്യാപകമാക്കാവുന്നതാണ്.

7. പട്ടിവളർത്തലിൽ നിലവിലുള്ള ലൈസൻസ് സമ്പ്രദായം പാലിക്കപ്പെടുന്നില്ല. ഇത് കർശനവും ശാസ്ത്രീയവുമാക്കേണ്ടതായുണ്ട്.

8. പെരുങ്ങാലം ക്ഷീരോത്പാദനസഹകരണസംഘത്തിലെ കർഷകർക്ക് പാൽവില കൃത്യമായി നൽകുന്നതിലേയ്ക്ക് വർക്കിംഗ് ക്യാപ്പിറ്റൽ ഗ്രാന്റ് നൽകേണ്ടതായുണ്ട്.

9. നല്ലയിനം എരുമകളെ കർഷകർക്ക് ലഭ്യമാക്കാവുന്നതാണ്.

10. മുട്ടക്കോഴി, ഇറച്ചിക്കോഴി, താറാവ് യൂണിറ്റുകൾ ആരംഭിക്കുന്നതിലേയ്ക്ക് സാമ്പത്തികസഹായവും നല്ലയിനം കുഞ്ഞുങ്ങളെ ലഭ്യമാക്കേണ്ടതുമാണ്.

11. വെറ്റിനറി ഹോസ്പിറ്റിലിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതായുണ്ട്.





വ്യവസായം

മണ്ണ്രോത്തുരുത്തിലെ പരമ്പരാഗത വ്യവസായങ്ങൾ പ്രധാനമായും തെങ്ങുമായി ബന്ധപ്പെട്ട കയർ, കൊപ്ര, വ്യവസായങ്ങളായിരുന്നു. ഇതിന്റെ പ്രധാന വിപണി ആലപ്പുഴയായിരുന്നു. ആലപ്പുഴയുമായി ജല മാർഗ്ഗം ബന്ധപ്പെടുവാനുള്ള സൗകര്യമാണ് മണ്ണ്രോത്തുരുത്തിൽ ഈ വ്യവസായം വളരുവാൻ കാരണമായത്. ഗതാഗതത്തിലുള്ള അസൗകര്യംമൂലം അസംസ്ക്കൃതസാധനങ്ങൾ ഇവിടെ കൊണ്ടുവന്ന് ഇവിടെ വ്യവസായം തുടങ്ങുന്നതിനോ, ഇവിടെയുള്ള അസംസ്ക്കൃത സാധനങ്ങൾ ഉപയോഗിച്ചുണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ പുറത്തുകൊണ്ടുപോയി വിപണനം നടത്തുന്നതിനും സാമ്പത്തികച്ചെലവ് കൂടുതലും ക്ലേശമേറിയതുമാണ്. ഇത് മണ്ണ്രോത്തുരുത്തിന്റെ വ്യവസായവളർച്ചയ്ക്ക് പ്രതികൂലമായി ഭവിച്ചു. കൂടാതെ, തേങ്ങയുടെ വിലയുടെ സ്ഥിരതയില്ലായ്മ ഇതുമായി ബന്ധപ്പെട്ട വ്യവസായികൾക്ക് കൂടുതൽ സാമ്പത്തിക ബാദ്ധ്യത വരുത്തിത്തീർത്തു. കയർ വ്യവസായത്തിലുണ്ടായ മാന്ദ്യം ഈ പരമ്പരാഗത വ്യവസായത്തെ തകർച്ചയിലെത്തിച്ചു.

അദ്ധ്വാനഭാരത്തിന് ആനുപാതികമായി കൂലി ലഭിക്കാത്ത അവസ്ഥ, വ്യവസായത്തിന്റെ ആധുനികവൽക്കരണമില്ലായ്മ, കയറിൽനിന്നും മറ്റുൽപ്പന്നങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കാതിരുന്നത്, ഉൽപ്പാദനച്ചെലവും ഉൽപ്പന്നങ്ങളുടെ വിലയും തമ്മിലുള്ള പൊരുത്തമില്ലായ്മ, ഇടത്തട്ടുകാരുടെ ചൂഷണം തുടങ്ങിയവയാണ് കയർ കൊപ്രാ വ്യവസായ മേഖലയുടെ കാരണായി എടുത്തുപറയാവുന്നത്. കൊപ്രയുടെ രംഗത്ത് തൊഴിലാളികളുടെ അഭാവവും അനുഭവപ്പെടുന്നുണ്ട്.

സ്വകാര്യമേഖലയിൽ ഓടുവ്യവസായം 1981 മുതൽ ഇവിടെയുണ്ടായിരുന്നു. എന്നാൽ ഇതിന്റെ പ്രവർത്തനവും ഇന്ന് നിലച്ചിരിക്കുകയാണ്. അസംസ്ക്കൃതസാധനങ്ങൾ എത്തിക്കുന്നതിനും ഉൽപ്പന്നം വിപണിയിൽ എത്തിക്കുന്നതിനും വരുന്ന അധികച്ചെലവും ബുദ്ധിമുട്ടുകളുമാണ് ഇതിന്റെ പ്രവർത്തനം നിലയ്ക്കുന്നതിന് കാരണമായത്.

മെച്ചപ്പെട്ടരീതിയിൽ പ്രവർത്തിച്ചിരുന്ന ഖാദിവ്യവസായവും ഇന്ന് നിലച്ചിരിക്കുകയാണ്. പരുത്തിനൂൽ, സോപ്പ്, തീപ്പെട്ടി, എന്നിവ ഇവിടെ ഉൽപ്പാദിപ്പിച്ചിരുന്നു. കുറഞ്ഞകൂലിയും അസംസ്ക്കൃതസാധനങ്ങളുടെ ലഭ്യതക്കുറവും ശരിയായ മാനേജ്മെന്റിന്റെ അഭാവവും ഇതിന്റെ തകർച്ചയ്ക്ക് കാരണമായി.

സോപ്പ്, തീപ്പെട്ടി, മെഴുകുതിരി തുടങ്ങിയവ കുടിൽ വ്യവസായമായി പലകാലങ്ങളിലായി ആരംഭിച്ചെങ്കിലും സാങ്കേതികവൈദഗ്ധ്യക്കുറവ് മാനേജ്മെന്റിലുള്ള അഭാവം തുടങ്ങിയവ ഈ കുടിൽ വ്യവസായങ്ങൾ ശൈശവാവസ്ഥയിൽത്തന്നെ മരണപ്പെടുന്നതിന് കാരണമായി.

തഴപ്പായനെയ്ത്ത് ഒരുകാലത്ത് പ്രധാന ഉപജീവനമാർഗ്ഗങ്ങളിൽ ഒന്നായിരുന്നു. അസംസ്ക്കൃതസാധനങ്ങളുടെ ലഭ്യതക്കുറവും, പ്ലാസ്റ്റിക് പായ, മെത്ത, എന്നിവയുടെ കടന്നുകയറ്റവും ഇതിന്റെ തകർച്ചയ്ക്ക് കാരണമായി. ഈറ, വള്ളി ഇവകൾ ഉപയോഗിച്ചുകൊണ്ടുള്ള കുട്ടനെയ്ത്ത് തെക്കേനെന്മേനി പെരുങ്ങാലം ഭാഗങ്ങളിൽ പരമ്പരാഗതമായി ചെയ്തുപോരുന്നു. എന്നാൽ ഈറയുടെയും വള്ളികളുടെയും ലഭ്യതക്കുറവ് ഈ രംഗത്ത് ഇന്ന് പ്രതികൂലഘടകമായിരിക്കുകയാണ്. മീൻ ഉണക്കി വിപണനം നടത്തുന്നത് ഇന്നും ഒറ്റപ്പെട്ട് ചില കേന്ദ്രങ്ങളിൽ നടക്കുന്നുണ്ട്. ആഭ്യന്തര, വിദേശ വിപണികളിൽ വളരെയേറെ സാധ്യതയുള്ള ഈ വ്യവസായം വേണ്ടത്രരീതിയിൽ ഇനിയും ഇവിടെ ആരംഭിച്ചിട്ടില്ലയെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ട ഒന്നാണ്.

നിത്യോപയോഗസാധനങ്ങളുടെ വിപണനസാധ്യതയും മാനേജ്മെന്റിലെ വൈദഗ്ധ്യവും മൂലം ഈ രംഗത്ത് പ്രവർത്തിക്കുന്ന ചെറുകിടകച്ചവട സ്ഥാപനങ്ങൾ ഇന്ന് ലാഭകരമായി നടക്കുന്ന ഈ പഞ്ചായത്തിലെ വ്യവസായങ്ങളാണ്. കയർ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊണ്ട്തല്ല്, ചകിരിപിച്ച് മില്ലുകളും, ധാന്യങ്ങൾ പൊടിക്കുകയും ആട്ടുകയും ചെയ്യുന്ന മില്ലുകളും, തേങ്ങയിൽനിന്ന് വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കുന്ന ചെറു യൂണിറ്റുകളും ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്. തടിയറുപ്പ് മില്ലുകളും ലാഭകരമായിട്ടാണ് പ്രവർത്തിക്കുന്നത്.

സാധ്യതകൾ

- കയർ വ്യവസായരംഗത്താണ് ഏറെ സാധ്യതകൾ
- കയർ ഉൽപ്പാദനരംഗത്ത് ആധുനികവൽക്കരണം നടത്തുകയും തൊഴിലാളികൾക്ക് വേണ്ടത്ര സാങ്കേതികപരിജ്ഞാനം നൽകുകയും ചെയ്യേണ്ടതാണ്.
- അസംസ്ക്കൃതസാധനങ്ങളുടെ ലഭ്യതയ്ക്ക് കേന്ദ്രീകൃതമായ സംവിധാനമുണ്ടാക്കി ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കാനാകണം ഒപ്പം ഇതുവഴി മാർക്കറ്റിംഗിനുള്ള സൗകര്യവും ഉറപ്പാക്കേണ്ടതാണ്.

● കയർ ഉൽപ്പന്നങ്ങളായ പായ, മെത്ത തുടങ്ങിയവയുടെ ഉൽപ്പാദന യൂണിറ്റുകൾ തുടങ്ങുന്നതിനുവേണ്ടി ജനങ്ങളിൽ വേണ്ടത്ര അവബോധം സൃഷ്ടിച്ച് ഈ രംഗത്തേയ്ക്ക് കൂടുതലായി കൊണ്ടുവരാൻ കഴിയണം.

● ഇവിടെ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ തേങ്ങയും ഇവിടെത്തന്നെ സംസ്ക്കരിച്ച് അതുപയോഗിച്ച് മറ്റുൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കാൻ വളരെയേറെ സാധ്യതയുണ്ട്.

● തേങ്ങാവെള്ളം കൊണ്ടുള്ള പാനീയങ്ങൾ, പിണ്ണാക്കുകൊണ്ട് കാലിത്തീറ്റ, ബിസ്ക്കറ്റ്, എന്നിവ നിർമ്മിക്കുന്നതിനുള്ള ചെറുകിട ഫാക്ടറികൾ ആരംഭിക്കാവുന്നതാണ്.

● ചകിരിച്ചോറുകൊണ്ട് വളം നിർമ്മാണ യൂണിറ്റ് ഉണ്ടാക്കാം. ഇതുമൂലം ഇവിടെയുണ്ടാകുന്ന പരിസ്ഥിതിപ്രശ്നം പരിഹരിക്കാവുന്നതുമാണ്. ചകിരിച്ചോറ് ഇന്ധനമാക്കിക്കൊണ്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള സാങ്കേതികവിദ്യകൾ ഇന്ന് ലഭ്യമാണ്. ഇത്തരം യൂണിറ്റുകളുടെ സാധ്യതകൾ അടിയന്തിരപ്രാധാന്യം നൽകി പരിഗണിക്കേണ്ടതാണ്.

● നമ്മുടെ പ്രദേശത്തുതന്നെ ലഭ്യമായ അസംസ്ക്കൃതസാധനങ്ങൾ ഉപയോഗിച്ച് ഒരു മത്സ്യത്തീറ്റ ഫാക്ടറി ആരംഭിക്കാവുന്നതാണ്.

● ചിരട്ടകൊണ്ടുള്ള കരകൗശല വസ്തുക്കളും മറ്റുൽപ്പന്നങ്ങളും നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിക്കാം.

● സോപ്പ്, മെഴുകുതിരി, കറിപ്പൗഡർ, അച്ചാർ, നോട്ട്ബുക്ക്, സ്ക്കൂൾ ബാഗുകൾ എന്നിവയുടെ നിർമ്മാണയൂണിറ്റുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്.

● സഹകരണ നെയ്ത്ത്, യന്ത്രത്തറിയുടെ ഉപയോഗം എന്നിവ പ്രോത്സാഹിപ്പിച്ച് നെയ്ത്ത് വ്യവസായത്തെ പുഷ്ടിപ്പെടുത്താവുന്നതാണ്.

● റെഡിമേയ്ഡ് ഗാർമെന്റ്സ് മേക്കിംഗ് യൂണിറ്റുകളുടെ ഒരു മാസ്റ്റർ യൂണിറ്റുണ്ടാക്കി അതിന്റെ കീഴിൽ തുണികൾ ഉൾപ്പെടെയുള്ള അസംസ്ക്കൃതസാധനങ്ങൾ ശേഖരിച്ച് MU ൽ ഉൾപ്പെടുന്ന അംഗങ്ങളുടെ വീടുകളിലെത്തിച്ച് അവിടെനിന്നും ഉൽപ്പന്നങ്ങൾ ശേഖരിച്ച് വിപണിയിലെത്തിക്കുന്ന തരത്തിലുള്ള വ്യവസായസംരംഭം ആരംഭിക്കാവുന്നതാണ്.

● കുമ്മായ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

● ഇലക്ട്രോണിക് ഉൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

● പാലുൽപ്പന്ന യൂണിറ്റുകൾ വിജയകരമായി നടത്താവുന്നതാണ്.

● വിദേശനാണയം നേടാൻ ഏറെ സാധ്യതയുള്ള ടൂറിസം വ്യവസായം വികസിപ്പിക്കാവുന്നതാണ്. ഭൂമിശാസ്ത്രപരമായ സാധ്യതകളും പ്രകൃതിരമണീയതയും ഇതിന് അനുകൂലഘടകങ്ങളാണ്.

വിദ്യാഭ്യാസം

കേരളത്തിലെ ഇടത്തരം-ദരിദ്ര കുടുംബങ്ങളുടെ ഏറ്റവും വലിയ സ്വപ്നമാണ് കുട്ടികളുടെ വിദ്യാഭ്യാസം. അതുകൊണ്ടുതന്നെ ഇന്ന് സമൂഹത്തിൽ ഏറെ ചർച്ചചെയ്യപ്പെടുന്ന ഒരു വിഷയവും വിദ്യാഭ്യാസം തന്നെ. ഉത്തമബോധമുള്ള പൗരന്മാരെ വളർത്തിയെടുക്കാനുള്ള അടിസ്ഥാനപ്രവർത്തനം എന്നനിലയിൽ ഈ മേഖലയെ ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതുണ്ട്. കേരളസംസ്ഥാന വിദ്യാഭ്യാസചരിത്രത്തിൽ കല്ലടയുടെ അത്യുത്തിയും തുരുത്തുകളും ഉൾപ്പെടുന്ന ഈ പ്രദേശത്തിന്റെ പ്രാധാന്യം വളരെ വലുതാണ്. 1810-ൽ കേണൽ മണ്ട്രോ തിരുവിതാംകൂറിലെ ദിവാനായ കാലംമുതൽതന്നെ മണ്ട്രോത്തുരുത്തിൽ വിദ്യാഭ്യാസപ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു എന്നത് ഏറെ ശ്രദ്ധേയമായ വസ്തുതയാണ്.

കൊല്ലവർഷം 1095-ൽ (1921) കച്ചേരി പള്ളിക്കുടം എന്നപേരിൽ വില്ലിമംഗലത്ത് ആരംഭിച്ച സ്ക്കൂളുകളാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം ഇതാണ് ഇന്നത്തെ ബഥേൽ എൽ.പി.എസ്. പെരുങ്ങാലത്ത് കെ.കെ. എന്നുവിളിച്ചിരുന്ന ദിവാൻമുതലാളി 1099-ൽ സ്ഥാപിച്ച എൽ.പി.സ്ക്കൂളാണ് പിന്നീട് 1977 ൽ ശ്രീ അച്യുതമേനോൻ മന്ത്രിസഭയിൽ വിദ്യാഭ്യാസമന്ത്രിയായിരുന്ന ശ്രീ.ടി.കെ.ദിവാകരന്റെ കാലത്ത് ഹൈസ്ക്കൂളായി ഉയർത്തപ്പെട്ട ഇന്നത്തെ പെരുങ്ങാലം ഗവൺമെന്റ് ഹൈസ്ക്കൂൾ. ഈ സ്ക്കൂളിന്റെ ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ.ഡാനിയൽ ആയിരുന്നു.

1110-ൽ (1936) കാരുത്തറ തയ്യൽക്കടയിൽ ആരംഭിച്ച വിജ്ഞാനസംദായിനി സംസ്ക്കൃതസ്ക്കൂളാണ് ഇന്നത്തെ V.S.U.P. സ്ക്കൂൾ. ഇതിന്റെ സ്ഥാപകൻ ശ്രീ.നാരായണൻ കാരുത്തറയിലും ആദ്യ ഹെഡ്മാസ്റ്റർ ഐവർകാല ശ്രീ.പരമുശാസ്ത്രിയുമായിരുന്നു. തുടർന്ന് ഒരു ഓലഷെഡിൽ പ്രഥമ ദ്വിതീയ ശാസ്ത്രിവരെയുള്ള ക്ലാസ്സുകൾ ഉൾപ്പെടുത്തി. 1112-ൽ ഈ സ്ക്കൂളിന് അംഗീകാരംകിട്ടി. 1116-ൽ മണ്ട്രോത്തുരുത്തിലെ നാനാവിഭാഗം ജനങ്ങളും ഒത്തുചേർന്ന് ശ്രീ.ചിത്തിരത്തിരുനാൾ മഹാരാജാവിന്റെ തിരുനാളിനോടനുബന്ധിച്ച് തുലാം മാസത്തിലെ ദീപാവലിദിവസം ചിത്രോത്സവം ആഘോഷിച്ചു. കൊല്ലം ജില്ല മുഴുവൻ അറിയപ്പെടുന്ന ഈ ഉത്സവത്തിൽ ദിവാനായിരുന്ന സർ.സി.പി. രാമസ്വാമി അയ്യർ പങ്കെടുത്തിരുന്നു. ഈ ചടങ്ങിൽവച്ച് ശ്രീ.പി.കെ.ആര്യദേവൻ സംസ്ക്കൃതത്തിൽ മംഗളപത്രമെഴുതി സർ.സി.പിയ്ക്ക് സമർപ്പിച്ചു. തുടർന്ന് 1122-ൽ ഇത് ന്യൂടൈപ്പ് സംസ്ക്കൃത U.P സ്ക്കൂളായി ഉയർത്തപ്പെട്ടു.

ഇതിന്റെ ആദ്യത്തെ ഹെഡ്മാസ്റ്റർ മങ്ങാട് ശ്രി. ബാഹുലേയൻ സാറായിരുന്നു. വിദ്യാഭ്യാസപരമായി വളരെ പിന്നോക്കമായിരുന്ന ഈ ദ്വീപിൽനിന്നും എട്ടും പത്തും മൈൽ അകലെപ്പോയി പഠിക്കുന്നതിന് സാധിക്കാതിരുന്ന കുട്ടികൾക്ക് വിദ്യ അഭ്യസിക്കുന്നതിന് നല്ലൊരു പങ്ക് വഹിച്ചത് ഈ U.P. സ്ക്കൂളാണ്. ഈ ഗ്രാമത്തിലെ ഒരുപറ്റം ചെറുപ്പക്കാർ ഉന്നത ബിരുദധാരികളായതിന്റെ ചവിട്ടുപടിയും ഈ സ്ക്കൂളത്രേ. ഇന്ന് അറിയപ്പെടുന്ന പല പണ്ഡിതന്മാരും കവികളും വാഗ്മികളും എഴുത്തുകാരും ഈ സ്ക്കൂളിന്റെ സന്തതികളാണ് ഒരു കാലഘട്ടത്തിൽ തിരുവിതാംകൂറിൽ സംസ്ക്കൃതവിദ്യാഭ്യാസം പുരോഗതി പ്രാപിച്ചതിൽ V.S.U.P സ്ക്കൂൾ തനതായ സംഭാവന നൽകിയിട്ടുണ്ട്.

1921-ൽ രൂപപ്പെട്ട ജനകീയസമിതിയുടെ നേതൃത്വത്തിൽ കാവിൽ ശ്രീ.ഗോവിന്ദൻ അവർകൾ മാനേജരും ചിറ്റൂർ ശ്രീ.കൃഷ്ണപിള്ള ഹെഡ്മാസ്റ്ററുമായി ആരംഭിച്ച എൽ.പി.സ്ക്കൂളാണ് ഇന്നത്തെ ഗവൺമെന്റ് എൽ.പി.എസ്. തുടർന്ന് വിളക്കുംതറ ശ്രീ. നാരായണൻ മാനേജരായിരുന്ന കാലത്ത് ഈ സ്ക്കൂൾ ഗവൺമെന്റ് ഏറ്റെടുത്തു. ആദ്യകാലത്ത് കാരുത്തറ ശ്രീനാരായണന്റെ വീട്ടിലെ മാലിപ്പുരയിലാണ് പ്രസ്തുത സ്ക്കൂൾ പ്രവർത്തിച്ചിരുന്നത്. എന്നാൽ 1958-ൽ സ്ക്കൂൾ കെട്ടിടം സുരക്ഷിതമല്ലാത്തതിനാൽ തുടർന്ന് ഒരുവർഷക്കാലം സംസ്ക്കൃതസ്ക്കൂളിലും കൊച്ചുട്ടിൽ ശ്രീകൃഷ്ണന്റെ വാടകവീട്ടിലും പ്രവർത്തിച്ചു.

പിന്നീടാണ് 1959 ൽ പുതിയ കെട്ടിടം ഉണ്ടായത്. 1951-ൽ പട്ടംതുരുത്ത്-പേഴുംതുരുത്ത് വാർഡുകളിൽ കൂടിയ ജനകീയസമിതിയാണ് 1951 ജൂൺ 15 ന് പേഴുംതുരുത്ത് എൽ.പി. സ്ക്കൂൾ ആരംഭിച്ചത്. ഇതിന്റെ ആദ്യ കാല മാനേജർ അഡ്വ: മുരളീധരനും ആദ്യ ഹെഡ്മാസ്റ്റർ ശ്രീ.നീലകണ്ഠനുമായിരുന്നു. പ്രസ്തുത വിദ്യാലയങ്ങൾ ആരംഭിക്കുന്നതിനുമുമ്പ് നമ്മുടെ പഞ്ചായത്തിലെ കിഴക്കൻ പ്രദേശത്തുള്ളവർ കിഴക്കേക്കല്ലട, പടിഞ്ഞാറേക്കല്ലട സ്ക്കൂളുകളേയും പട്ടംതുരുത്ത്-പേഴുംതുരുത്ത്-പെരുങ്ങാലം-കിടപ്രം പ്രദേശങ്ങളിലുള്ളവർ പ്രാക്കുളം, അഞ്ചാലുംമൂട്, ചവറ, തേവലക്കര എന്നീ പ്രദേശങ്ങളിലെ വിദ്യാലയങ്ങളെയുമായിരുന്നു ആശ്രയിച്ചിരുന്നത്.

കേണൽ മബ്രേടാ തിരുവിതാംകൂർ ദിവാനായിരുന്നപ്പോൾ കല്ലടയ്ക്കടുത്തുള്ള ഈ തുരുത്തും 20,000 രൂപയും കോട്ടയം സെമിനാരിക്ക് വിട്ടുകൊടുത്തിരുന്നു. എന്നാൽ ഈ മിഷനറി പ്രവർത്തനംകൊണ്ട് മബ്രേടാത്തുരുത്ത് നിവാസികൾക്ക് വിദ്യാഭ്യാസരംഗത്തോ ആതുര ശുശ്രൂഷാരംഗത്തോ യാതൊരു നേട്ടവും ഉണ്ടായില്ല. മാത്രവുമല്ല, 1907-ൽ കേണൽ മബ്രേടാ കരം പിരിക്കുന്നതിനായി കൂടുതൽ സ്റ്റാഫിനെ നിയമിക്കുകയും ചെയ്തു. ചകിരിക്കമ്പ്കൊണ്ട് ദണ്ഡ് അളന്ന് ഭൂമിയുടെ വിസ്തീർണ്ണം നിർണ്ണയിച്ച് രൂപ, ചക്രം, കാശ് അടിസ്ഥാനത്തിൽ കരം നിശ്ചയിച്ചു. എന്നാൽ ഇപ്രകാരം സ്വരൂപിച്ച സമ്പത്ത് കോട്ടയം മിഷൻ സെമിനാരിയിൽ പഠിക്കുന്ന ക്രിസ്ത്യൻ കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടിയാണ് ഉപയോഗിച്ചത്. ഈ ചൂഷണം മനസ്സിലാക്കിയ അന്നത്തെ പൗരപ്രമുഖർ തിരുവിതാംകൂർ ചീഫ് സെക്രട്ടറിനുപരിഹാരമായി ചീഫ് സെക്രട്ടറി നിർദ്ദേശിച്ചത്. ഇതിൻപ്രകാരം ആശ്രമസ്ത്രീകളെ കല്ലെറിഞ്ഞും വിരട്ടിയും പ്രശ്നമുണ്ടാക്കിയതിന്റെ ഫലമായി കല്ലട അതിർത്തിയുടെ പ്രശ്നം തിരുവിതാംകൂർ ഭരണസഭയിൽ ഉയർന്നവന്നു. തുടർന്ന് 1105 ൽ ശ്രീചിത്തിരത്തിരുനാൾ മഹാരാജാവിന്റെ തീട്ടൂരം വഴി മബ്രേടാത്തുരുത്തുകാരെ തിരുവിതാംകൂർ പ്രജകളായി അംഗീകരിച്ചു; മാത്രവുമല്ല, അന്നത്തെ കവനന്റിലെ വ്യവസ്ഥയനുസരിച്ച് ഇവിടുത്തെ കരം പിരിച്ച് പ്രതിവർഷം 5000 രൂപ കോട്ടയത്തെ മിഷൻ പ്രവർത്തനങ്ങൾക്കായി കൊടുത്തുകൊള്ളണമെന്ന് വ്യവസ്ഥചെയ്യുകയും ചെയ്തു. 1962-ൽ ഉണ്ടായ വെള്ളപ്പൊക്കകാലത്ത് ഇവിടം സന്ദർശിച്ച അന്നത്തെ ലോക്സഭയിലെ പ്രതിപക്ഷനേതാവായിരുന്ന ശ്രീ. ഏ.കെ.ഗോപാലന്റെ ശ്രദ്ധയിൽ ഇവിടത്തുകാർ ഈ വിഷയം കൊണ്ടുവരികയുണ്ടായി. അദ്ദേഹം ഇത് പാർലമെന്റിൽ അവതരിപ്പിച്ചതിന്റെ ഫലമായി ഈ കരം പിരിവ് അവസാനിപ്പിക്കുകയും ചെയ്തു.

കേരളസംസ്ഥാന രൂപീകരണത്തിനുശേഷം അപ്ഗ്രേഡ് ചെയ്യപ്പെട്ട പഞ്ചായത്തിലെ ഏകവിദ്യാലയം പെരുങ്ങാലം ഗവൺമെന്റ് ഹൈസ്ക്കൂളാണ്. 1977നുശേഷം പുതിയ വിദ്യാലയങ്ങൾ ആരംഭിക്കുന്നതിനോ നിലവിലുള്ളവ മെച്ചപ്പെടുത്തുന്നതിനോ കഴിഞ്ഞിട്ടില്ല. 1948-ൽ കൊല്ലം ശ്രീനാരായണാ കോളേജ് ആരംഭിച്ചതിനുശേഷം മാത്രമാണ് യാത്രാസൗകര്യം കുറഞ്ഞ മബ്രേടാത്തുരുത്തിലെ കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസത്തിനുള്ള സൗകര്യം ലഭിച്ചത്.

ഇതിനുപുറമേ ഇരുന്നൂറോളം വിദ്യാർത്ഥികൾ സമീപപ്രദേശങ്ങളായ പെരുമൺ, പ്രാക്കുളം, അഞ്ചാലുംമൂട്, തേവലക്കര, കിഴക്കേ കല്ലട, പടിഞ്ഞാറേ കല്ലട എന്നീ പ്രദേശങ്ങളിലെ സ്ക്കൂളുകളിലും പഠിക്കുന്നുണ്ട്. കൂടാതെ സാമ്പത്തികമായി എല്ലാ മേഖലയിലുമുള്ള ഒരു വിഭാഗം കുട്ടികൾ ഇംഗ്ലീഷ്മീഡിയം വിദ്യാഭ്യാസത്തെ ആശ്രയിക്കുന്നു. ഈ പഞ്ചായത്തിൽത്തന്നെ യാതൊരുവിധമായ അംഗീകാരവും ഇല്ലാതെ പ്രവർത്തിക്കുന്ന സാൻജോസ് ഫാമിന്റെ അധീനതയിലുള്ള ഇംഗ്ലീഷ് മീഡിയം സ്ക്കൂളിൽ ഇത്തരത്തിലുള്ള 250-ഓളം കുട്ടികൾ പഠിക്കുന്നുണ്ട്.

വിദ്യാലയ വിവരങ്ങൾ

			കുട്ടികളുടെ എണ്ണം			അധ്യപകരുടെ എണ്ണം			യോഗ്യത	
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	B.Ex.	T.T.C
1.	ഗവ.H.S. പെരുങ്ങാലം	സർക്കാർ	159	143	302	3	11	14	6	8
2	ഗവ: L.P. മബ്രേടാത്തുരുത്ത്	സർക്കാർ	102	105	207	1	10	11	–	11
3.	V.S.U.P.S.	എയിഡഡ്	110	94	204	1	9	10	–	10
	L.P.S. പേഴുംതുരുത്ത്	"	55	51	106	–	4	4	1	3
4.	ബഥേൽ L.P.S.	"	62	46	108	–	4	4	–	4
	ആകെ		488	439	927	5	38	43	7	36

STD	ആകെ കുട്ടികൾ			
	ആൺ	പെൺ	ആകെ	SC/ST കുട്ടികൾ
I	23	19	42	1
II	26	15	41	-
III	22	13	35	-
IV	18	17	35	-
L.K.G	14	20	34	-
U.K.G	27	24	51	-
ആകെ	130	108	238	1

കഴിഞ്ഞ ഏതാനും വർഷങ്ങളിലെ കണക്ക് പരിശോധിച്ചാൽ മിക്ക വിദ്യാലയങ്ങളിലും ക്രമാതീതമായി കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു. ജനനനിരക്കിലുള്ള കുറവ്, സമീപസ്ഥ പഞ്ചായത്തുകളിലെ മെച്ചപ്പെട്ട വിദ്യാലയങ്ങളുടെ ആകർഷണം, യാത്രാസൗകര്യത്തിലുള്ള ബുദ്ധിമുട്ട്, ഇംഗ്ലീഷ്മീഡിയം ഭ്രമം, ഇവയൊക്കെ പ്രധാനകാരണങ്ങളാണ്. മറ്റുപ്രദേശങ്ങളുമായി കരമാർഗ്ഗം യാതൊരു ബന്ധവുമില്ലാത്ത പെരുങ്ങാലം വാർഡിലാണ് പഞ്ചായത്തിലെ ഏക ഹൈസ്ക്കൂൾ സ്ഥിതിചെയ്യുന്നത് എന്നതുകൊണ്ട് മറ്റു വാർഡുകളിലെ കുട്ടികൾക്ക് ഈ സ്ക്കൂളിനെ ആശ്രയിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. ഹൈസ്ക്കൂളായി അപ്ഗ്രേഡ് ചെയ്തതിൽപ്പിന്നെ ഇന്നുവരെ എല്ലാവിഷയങ്ങളും കൈകാര്യം ചെയ്യാൻ ഹൈസ്ക്കൂൾ തലത്തിൽ സ്ഥിരമായി അദ്ധ്യാപകരില്ലാത്ത സ്ഥിതിവിശേഷമാണുള്ളത്. ഇത് സ്ക്കൂളിന്റെ പഠനനിലവാരം കുറയാൻ കാരണമായിട്ടുണ്ട്. യാത്രാസൗകര്യമില്ലായ്മയാണ് അദ്ധ്യാപകരെ ഈ സ്ക്കൂളിൽ സ്ഥിരമായി നിലനിർത്തുന്നതിന് തടസ്സമായിട്ടുള്ളത്. പി.ടി.എ.യുടെ പ്രവർത്തനവും ഇവിടെ തൃപ്തികരമല്ല.

വിദ്യാലയസർവ്വേയുടെ അടിസ്ഥാനത്തൽ വിദ്യാലയത്തിലെ ബഹുഭൂരിപക്ഷം അദ്ധ്യാപകരും സ്ത്രീകളാണ്. (43/38) അദ്ധ്യാപകരിൽ നല്ലൊരുഭാഗവും ഇൻസർവ്വീസ് കോഴ്സ് ലഭിച്ചിട്ടില്ലാത്തവരാണ്. വിദ്യാലയസൗകര്യങ്ങളുമായി ബന്ധപ്പെട്ട പട്ടികകൾ 44-ാം പേജിൽ ചേർത്തിരിക്കുന്നു.

വിദ്യാലയങ്ങളിലെ പഠനനിലവാരത്തെക്കുറിച്ച് നടത്തിയ വിശദമായ പഠനത്തിൽ 3-ാം ക്ലാസ്സുമുതൽ 10-ാം ക്ലാസ്സുവരെയുള്ള (762) ആകെ കുട്ടികളിൽ 37.53% (286) പേർ പ്രതീക്ഷിത മിനിമം നിലവാരത്തിലും താഴെയാണെന്ന് കാണുന്നു.

ചാർട്ട് 45-ാം പേജിൽ ചേർത്തിരിക്കുന്നു.

സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ 11 അംഗൻവാടികൾ നമ്മുടെ പഞ്ചായത്ത് അതിർത്തിയിലുണ്ട്. ഇതിൽ പെരുങ്ങാലം വാർഡിലെ 2 അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടമില്ല. അംഗൻവാടികളിൽ കുട്ടികൾക്കാവശ്യമായ മാനസിക-ശാരീരികവികാസം നേടുന്നതിനുള്ള കളിക്കോപ്പുകളോ പഠനോപകരണങ്ങളോ ഇല്ല. പോഷകാഹാരവിതരണക്രമവും തൃപ്തികരമല്ല. ശരിയായ മോണിറ്ററിംഗും നടക്കുന്നില്ല. ഇവയൊക്കെ ഈ പഞ്ചായത്തിലെ വിദ്യാഭ്യാസമേഖലയിലെ മുഖ്യപ്രശ്നങ്ങളാണ്.

പരിഹാരമാർഗ്ഗങ്ങൾ

1. പെരുങ്ങാലം ഹൈസ്ക്കൂളിനെ വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളായും റസിഡൻഷ്യൽ സ്ക്കൂളായും ഉയർത്തുക.

2. പഞ്ചായത്തിലെ മുഴുവൻ സ്ക്കൂളുകളേയും പരസ്പരം ബന്ധിപ്പിച്ചുകൊണ്ടുള്ള സ്ക്കൂൾ കോംപ്ലക്സിന് രൂപംനൽകുക.

3. പേഴുംതുരുത്ത് LPS - UPS ആയി ഉയർത്തുക.

4. സ്ക്കൂളുകളുടെ ഭൗതികസാഹചര്യവും ആവശ്യമായ പഠനോപകരണങ്ങളുടെ ലഭ്യതയും ഉറപ്പുവരുത്തുക.

5. ഹെഡ്മാസ്റ്റർമാരും രക്ഷിതാക്കളും വിദ്യാഭ്യാസതൽപ്പരരായ മറ്റ് ആളുകളും ഉൾപ്പെടുന്ന വിദ്യാഭ്യാസ സമിതി രൂപീകരിക്കുക.

6. പി.ടി.എ. പ്രസിഡന്റുമാർ, കമ്മിറ്റി അംഗങ്ങൾ, അദ്ധ്യാപകർ, പ്രാദേശിക വിദ്യാഭ്യാസ വിചക്ഷണർ, ജനപ്രതിനിധികൾ, വിദ്യാർത്ഥി- യുവജനസംഘടനാ പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്ന വിദ്യാഭ്യാസ വികസനസമിതിയും ആലോചിക്കാം.

7. ഓരോ സ്ക്കൂളിലേയും വികസന പ്രശ്നങ്ങളും പാഠ്യാനുബന്ധ-പാഠ്യേതരപ്രശ്നങ്ങളും ഈ യോഗങ്ങളിൽ ചർച്ചചെയ്യുകയും വിപുലമായ പരിപാടികൾ പ്ലാൻ ചെയ്യുകയും ചെയ്യണം.

8. പഠനപ്രവർത്തനങ്ങളോടൊപ്പം വിദ്യാർത്ഥികളുടെ ആരോഗ്യം, കായിക വിനോദപ്രവർത്തനങ്ങൾ എന്നിവ മെച്ചപ്പെടുത്തുവാനും വികസിപ്പിക്കുവാനും ഉതകുന്നതരത്തിലുള്ള കർമ്മപരിപാടികളും ആലോചിക്കണം. സൗജന്യ ആരോഗ്യപരിശോധന, ശുചിത്വബോധവൽക്കരണപ്രവർത്തനങ്ങൾ, സിനിമാ പ്രദർശനങ്ങൾ എന്നിവ ഉദാഹരണങ്ങൾ.

9. ഉച്ചഭക്ഷണം കൂടുതൽ മെച്ചപ്പെടുത്തി നൽകുവാൻ കഴിയണം.

10. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സ്ക്കൂൾ സമയം കഴിഞ്ഞ് ക്ലാസ്സുകൾ നൽകുന്ന രീതി ഏർപ്പെടുത്തണം. ഇവർക്ക് ലഘുഭക്ഷണം നൽകുന്നതിനും സംവിധാനമുണ്ടാകണം.

11. LSS, USS, SSLC എന്നീ പരീക്ഷ

കൾക്കായി പ്രത്യേക കോച്ചിംഗ് ക്ലാസ്സുകൾ സംഘടിപ്പിക്കുക.

12. സ്ക്കൂൾ ലൈബ്രറി, ലബോറട്ടറി എന്നിവ പരമാവധി പ്രയോജനപ്പെടുത്തുക.

13. ഓരോ ടേമിലും ഒരു പ്രാവശ്യമെങ്കിലും വിദ്യാഭ്യാസവികസനസമിതി വിളിച്ചുചേർത്ത് നടപ്പിലാക്കിയ കാര്യങ്ങൾ റിവ്യു ചെയ്യുകയും ചർച്ചകളിലൂടെ തുടർ പ്രവർത്തനങ്ങൾക്ക് രൂപംനൽകുകയും ചെയ്യണം. മദ്ധ്യവേനൽ അവധിക്ക് കൂടുന്ന യോഗത്തിൽ വച്ച് നേട്ടകോട്ടങ്ങൾ വിലയിരുത്തി വരുംവർഷത്തെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കണം.

14. സർക്കാർസ്ക്കൂളുകളിൽ ഇംഗ്ലീഷ് മീഡിയത്തിന് പ്രത്യേകവിഭാഗം ഉണ്ടാക്കുക.

15. അനൗപചാരികവിദ്യാഭ്യാസത്തിന് ആസൂത്രിതമായ പരിപാടികൾ ആലോചിക്കുക.

16. കലാ-കായിക പ്രവർത്തനങ്ങളും അക്കാഡമിക് പ്രവർത്തനങ്ങളും കാര്യക്ഷമമാക്കുക.

17. പഠനബോധന സമ്പ്രദായത്തിലെ കാലോചിതമായ മാറ്റങ്ങൾ അദ്ധ്യാപകർ വേണ്ടത്ര ഉൾക്കൊള്ളുക.

18. തൊഴിലധിഷ്ഠിതമോ സാങ്കേതികമോ ആയ പരിശീലനം നൽകുന്ന ഒരു വിദ്യാഭ്യാസസ്ഥാപനം പോലും ഈ പഞ്ചായത്തിലില്ലാത്തനിലാൽ ITI പോലുള്ള തൊഴിൽ പരിശീലന സ്ഥാപനങ്ങൾ ആരംഭിക്കുക.

19. പഞ്ചായത്തിലെ മുഴുവൻ കുട്ടികളേയും അതാത് പ്രദേശങ്ങളിലുള്ള സ്ക്കൂളുകളിൽ നിലനിർത്തി പഠിപ്പിക്കുവാൻ കഴിയുമാറ് രക്ഷിതാക്കളെ സന്നദ്ധരാക്കാൻ കഴിയുന്ന തരത്തിലുള്ള ശക്തമായ ജനകീയ ഇടപെടൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

കേരളത്തിലെ ജനങ്ങളിൽ അഞ്ചിലൊന്ന് പേർ വിദ്യാർത്ഥികളാണ്. പകുതിയോളംപേർ രക്ഷിതാക്കളും. ഇങ്ങനെ സമൂഹത്തിലെ ഏറിയപങ്ക് ആളുകളും ഒന്നല്ലെങ്കിൽ മറ്റൊരുതരത്തിൽ ബന്ധപ്പെട്ടുകൊണ്ടിരിക്കുന്ന മേഖലയാണ് വിദ്യാഭ്യാസം. ഈ രംഗത്ത് ഇന്നുള്ള അശാസ്ത്രീയതകൾ പരിഹരിച്ച് വേണ്ട വിദഗ്ധ നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സംസ്ഥാന സർക്കാരിനും നൽകുന്നതിനായി കേരളശാസ്ത്രസാഹിത്യപരിഷത്ത് ഒരു വിദ്യാഭ്യാസ കമ്മീഷനെ നിയമിച്ചിരിക്കുന്നത് ഏറെ ആശയ്ക്ക് വകനൽകുന്നു. പശ്ചിമ ബംഗാളിലെ മുൻധനകാര്യമന്ത്രിയും സാമ്പത്തികശാസ്ത്രകാരനും വിദ്യാഭ്യാസവിദഗ്ധനുമായ ഡോ. അശോക് മിത്രയുടെ നേതൃത്വത്തിലുള്ള ഈ കമ്മീഷന്റെ പ്രാഥമിക റിപ്പോർട്ട് 1996 ഡിസംബറിൽ വരാൻ പോവുകയാണ്. ഇതിലൂടെ വിദ്യാഭ്യാസത്തിലെ ഇന്നത്തെ പോരായ്മകൾ പരിഹരിച്ചുകൊണ്ട് മുന്നോട്ടുപോകുവാനുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നമുക്ക് ലഭിക്കുമെന്ന് ആശിക്കാം.

LP, UP, HS വിഭാഗങ്ങളിലെ സമഗ്രവികസനത്തെ ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു കർമ്മപരിപാടിയുമായി രംഗത്തിറങ്ങുകയാണ്. ഈ ലക്ഷ്യം പൂർത്തിയാക്കുവാൻ നമ്മുടെ വിദ്യാലയം, അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും മാത്രമല്ല, ഈ നാട്ടിലെ മുഴുവൻ ജനങ്ങളുടേതും കൂടിയാണെന്ന ഉത്തമബോധത്തോടെ പ്രവർത്തിക്കുന്ന ഒരു ബഹുജന പ്രസ്ഥാനമായി ഇതിനെ മാറ്റുവാൻ നമുക്ക് കൂട്ടായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

"പട്ടിണിയായ മനുഷ്യാ നീ
പുസ്തകം കൈയ്യിലെടുത്തോളൂ....
പുത്തനൊരായുധമാണ് നിനക്കത്
പുസ്തകം കൈയ്യിലെടുത്തോളൂ...."



മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്ത്

9.3 സ്ക്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

സ്ക്കൂളിന്റെ പേര്	ആകെ ഡിവിഷനുകളുടെ എണ്ണം	കെട്ടിടങ്ങൾ എണ്ണം			മുറികൾ എണ്ണം			ഇന്നു മുറികൾ ആവശ്യമുള്ളതിന്റെ എണ്ണം	ഇന്നു മുറികൾ/കെട്ടിടങ്ങൾ ആവശ്യമുള്ളതിന്റെ കാരണം വിശദമാക്കുക/ഇല്ല	ടോയ്ലറ്റ് സൗകര്യമുള്ള മുറികളുടെ എണ്ണം	ട്രീക്ഷണ്ണം ഉപയോഗപ്രദമായ മുറികളുടെ എണ്ണം	ഇന്റർനെറ്റ് സൗകര്യമുള്ള മുറികൾ	ഭിന്നശേഷി സൗഹൃദ ടോയ്ലറ്റുകൾ എണ്ണം	കുടിവെള്ളസംവിധാനം ഉണ്ട്/ഇല്ല -ക്ലിനർ ടൈപ്പ്	വൈദ്യുതീകരണം ഉണ്ട്/ഇല്ല	പാചകമുറി	സ്റ്റാഫ് റൂം	നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുമോ? അധികം വേണ്ടവയുടെ വിവരം/ഇല്ല	ഇനി ആവശ്യമായവയുടെ എണ്ണം				ഓഫീസ് ഫർണിച്ചർ
		സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം	സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം												ഡസ്ക്ക്	ബഞ്ച്	മേശ	കസേര	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25
ഗവ H.S	10	2	–	1	–	7	3	8	ഉണ്ട്	2	4	4	ഇല്ല	1	ഉണ്ട് കിണർ	ഉണ്ട്	ഇല്ല	1	ഇല്ല	50	40	5	10	അലമാര–5 ഫാൻ –3 ക്ലോക്ക് –5
ഗവ L.P.S	7	1	–	1	1	–	1	4	ഉണ്ട്	1	7	1	1	–	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	–	10	2	4	അലമാര–1 ഷെൽഫ്–1 ക്ലോക്ക് –1
L.P.S. പേഴുംതുരുത്ത്	5	5	–	–	8	–	–	–	ഉണ്ട്	2	2	2	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	25	10	2	–	അലമാര–1
V.S.U.P.S	6	2	–	1	10	–	2	ഇല്ല	ഇല്ല	3	1	3	ഇല്ല	ഇല്ല	ഉണ്ട് വൈദ്യുതി	ഉണ്ട്	ഇല്ല	1	ഇല്ല	50	–	2	10	അലമാര–1
ബഥേൽ L.P.S	4	1	–	–	4	–	–	ഉണ്ട്	ഉണ്ട്	2	4	ഇല്ല	2	1	ഉണ്ട് കിണർ	ഇല്ല	ഉണ്ട്	ഇല്ല	മതിയാകും	–	–	5	5	അലമാര–1 ഫാൻ –1

കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

സ്റ്റാൻഡേർഡ്	ആകെ കുട്ടികൾ			SC/ST കുട്ടികളുടെ എണ്ണം			തോറ്റു പഠിക്കുന്നവവർ						പഠനം നിർത്തയവർ						
							SC/ST കുട്ടികൾ			മറ്റുള്ളള്ളവവർ			SC/ST കുട്ടികൾ			മറ്റുള്ളള്ളവവർ			പഠനം നിർത്തിയ വരുടെ എണ്ണം
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
I	59	44	103	6	5	11	-	-	-	-	-	-	-	-	-	-	-	-	-
II	63	64	127	10	8	18	-	1	1	4	4	8	-	-	-	-	-	-	-
III	62	71	133	6	7	13	-	2	2	3	4	7	-	-	-	-	-	-	-
IV	68	64	132	6	8	14	-	1	1	4	5	9	-	-	-	-	-	-	-
V	61	50	111	12	7	19	-	1	1	3	1	4	-	-	-	-	-	-	-
VI	60	44	104	7	9	16	2	-	2	1	-	1	-	-	-	-	-	-	-
VII	59	59	118	11	11	22	-	-	-	1	1	2	-	-	-	-	1	1	1
VIII	22	15	35	4	3	7	-	1	1	-	-	1	-	-	-	-	-	-	-
IX	18	15	33	5	2	7	2	-	2	1	-	1	-	-	-	-	-	-	-
X	18	13	31	4	2	6	-	-	-	-	-	-	-	-	-	-	-	-	-
ആകെ	490	439	929	71	62	133	4	6	10	18	15	33	-	-	-	-	1	1	1

അക്കാദമിക് സൗകര്യങ്ങൾ

സ്ക്കൂളിന്റെ പേര്	ലൈബ്രറി ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല	ലബോറട്ടറി/സയൻസ് കോർണർ ഉണ്ട്/ഇല്ല	പഠനോപകരണങ്ങൾ (മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ) ഉണ്ട്/ഇല്ല	മേഡിയോ	ദൃശ്യ-ശ്രാവ്യ ഉപകരണങ്ങളുടെ എണ്ണം							ബ്ലാക്ക് ബോർഡ്		ഭിന്നശേഷിക്കുട്ടികൾക്കുള്ള സൗകര്യങ്ങൾ/ടോയ്ലറ്റ് സൗകര്യം	ഭിന്നശേഷിക്കുട്ടികൾക്കുള്ള സൗകര്യങ്ങൾ/റാമ്പ് സൗകര്യം
					ടേപ്പ് റിക്കാർഡ്	ടി.വി. സെറ്റ്	വി.സി.ആർ./വി.സി.പി.	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	ഓവർഹെഡ് പ്രൊജക്ടർ	കമ്പ്യൂട്ടർ	ശരിയായവ	ശരിയല്ലാത്തവ		
1	2	3	4	5	6	7	8	9	10	11	12	13	14	15	16
ഗവ H.S	ഉണ്ട് പ്രവർത്തിക്കുന്നില്ല	ഇല്ല	ഇല്ല	ഇല്ല	ഉപയോഗശൂന്യം	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട് ഉപയോഗശൂന്യം	ഇല്ല	5	10	സജീവമല്ല	പ്രവർത്തിക്കുന്നില്ല
ഗവ L.P.S	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	2	7	സജീവം	പ്രവർത്തിക്കുന്നു
L.P.S. പേഴുംതുരുത്ത്	പ്രവർത്തിക്കുന്നു	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	5	5	സജീവം	പ്രവർത്തിക്കുന്നു
V.S.U.P.S	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	4	6	സജീവമല്ല	പ്രവർത്തിക്കുന്നു
ബഥേൽ L.P.S	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	–	4	സജീവമല്ല	പ്രവർത്തിക്കുന്നു

കുടിവെള്ളവും പൊതുജനാരോഗ്യവും പരിസരശുചിത്വവും

നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ടതാണെങ്കിലും കുടിവെള്ളക്ഷാമം വളരെ രൂക്ഷമായി അനുഭവപ്പെടുന്ന ഒരു പ്രദേശമാണ് മണ്ട്രോത്തുരുത്ത്. വില്ലിമംഗലം, പട്ടംതുരുത്ത് വാർഡുകളിലുള്ള രണ്ട് ട്യൂബ്‌വെല്ലുകളെയാണ് പഞ്ചായത്തിലെ നാലിൽമൂന്ന് ഭാഗം കുടുംബങ്ങളും കുടിവെള്ളത്തിനെ ആശ്രയിക്കുന്നത്. കൂടാതെ, ശാസ്താംകോട്ട കായലിൽനിന്നുള്ള വെള്ളം പടി.കല്ലട പഞ്ചായത്ത് വഴി ഭാഗികമായി ഇവിടെ കിട്ടുന്നുണ്ട്. പഞ്ചായത്തിന്റെ ഉയർന്ന ഭാഗങ്ങളായ വില്ലിമംഗലം വാർഡിലെ 57ഓളം കുടുംബങ്ങളും പട്ടംതുരുത്തു വാർഡിലെ 62ഓളം കുടുംബങ്ങളും പെരുങ്ങാലം വാർഡിലെ 60ഓളം കുടുംബങ്ങളും സ്വന്തം കിണറുകളെ ആശ്രയിക്കുന്നവരാണ്. ചുരുക്കത്തിൽ 75% കുടുംബങ്ങളും കുടിവെള്ളത്തിനായി മുകളിൽപ്പറഞ്ഞ രണ്ട് ട്യൂബ്‌വെല്ലുകളെയും ശാസ്താംകോട്ട കായലിൽനിന്നെത്തുന്ന ജലത്തേയും ആശ്രയിക്കുമ്പോൾ 10% കുടുംബങ്ങൾ സ്വന്തം കിണറുകളെയും 15% കുടുംബങ്ങൾ ദൂരസ്ഥലങ്ങളിൽ ലഭ്യമാകുന്ന ജലത്തെയുമാണ് ആശ്രയിക്കുന്നത്.

കുടിവെള്ള പ്രശ്നം രൂക്ഷമായി അനുഭവപ്പെടുന്നത് 3, 4, 5, 6, 8 എന്നീ വാർഡുകളിലാണ്. സ്വന്തമായി കിണറില്ലാത്തവരും വീടിനടുത്തായി പൊതു ടാപ്പോ, പൊതു കിണറോ ഇല്ലാത്തവരും ഈ വാർഡുകളിലാണ് അധികവും ഈ ക്ഷാമത്തിന്റെ പ്രധാനകാരണം ജലദൗർല്ലഭ്യം മാത്രമല്ല, പലഭാഗങ്ങളിലും വർഷങ്ങൾക്കു മുമ്പ് സ്ഥാപിച്ച പൈപ്പ് ലൈനുകൾക്ക് നിരന്തരം കേടുപാടുകൾ സംഭവിക്കുന്നതുമൂലം ജലം വലിയ അളവിൽ പാഴായി പോകുന്നതും പട്ടംതുരുത്തിലെ കുഴൽക്കിണറിന് ഓവർഹെഡ് ടാങ്ക് ഇല്ലാത്തതുമാണ്. 1965 ൽ സ്ഥാപിച്ച ഏകദേശം 4000 മീറ്ററോളം AC പൈപ്പ് ലൈനുകളും തുടർന്ന് വിവിധ വാർഡുകളിലായി കാലാകാലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഇത്തരത്തിലുള്ള പൈപ്പ് ലൈനുകളും ഓരുകയറി അടഞ്ഞുപോവുകയും ചെയ്തിട്ടുണ്ട്. ഈ പൈപ്പുലൈനുകൾ പൂർണ്ണമായും നീക്കം ചെയ്ത് ഈ ഭാഗങ്ങളിൽ PVC പൈപ്പ് ലൈനുകൾ സ്ഥാപിച്ചാൽ 25%ത്തോളം വരുന്ന പൊതുടാപ്പുകളിൽ സുലഭമായി കുടിവെള്ളമെത്തിക്കാൻ സാധിക്കും. 4, 5, 8 വാർഡുകളിലെ പ്രശ്നപരിഹാരത്തിന് ശാസ്താംകോട്ടയിലെ ജലത്തെത്തന്നെ ആശ്രയിക്കാം. എന്നാൽ പടി.കല്ലയിലൂടെ എത്തുന്ന പദ്ധതിയിൽനിന്നും വേർപെടുത്തി മണ്ട്രോത്തുരുത്തിലേയ്ക്ക് മാത്രമായി ശാസ്താംകോട്ടയിൽനിന്ന് നേരിട്ട് ഏകദേശം 5 കിലോമീറ്ററോളം പുതിയ പൈപ്പ് ലൈനുകളും ഒരു ഓവർഹെഡ് ടാങ്കും സ്ഥാപിക്കാൻകഴിയണം.

പൈപ്പ് ലൈനുകൾ നശിച്ചുപോകുന്നതിന്റെ പ്രധാനകാരണം ഓരുകയറ്റമാണ്. കൂടാതെ ഇതുമൂലം നിലവിലുള്ള ട്യൂബ്‌വെല്ലുകളുടെ പമ്പും മോട്ടോറും നശിച്ചുപോകുന്നതുകാരണം ട്യൂബ്‌വെല്ലുകൾക്ക് പരമാവധി ഈ പഞ്ചായത്തിൽ മൂന്ന് വർഷത്തിൽക്കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ കഴിയാത്ത അവസ്ഥയുണ്ട്. പലപ്പോഴും ട്യൂബ്‌വെല്ലുകൾ നശിക്കുന്നത് വേനൽക്കാലത്തായതിനാൽ കുടിവെള്ളക്ഷാമം കൂടുതൽ രൂക്ഷമാവുകയും ചെയ്യും. യാത്രാസൗകര്യം പരിമിതമായ ഈ പഞ്ചയത്തിൽ വാഹനങ്ങളിൽ ശുദ്ധജലം എത്തിച്ചുകൊടുക്കുവാനും കഴിയാതെവരുന്നു. ഈ സമയങ്ങളിൽ ജനങ്ങൾ വള്ളങ്ങളിൽ പാത്രങ്ങളുമായി ദൂരസ്ഥലങ്ങളിൽപ്പോയി കുടിവെള്ളം ശേഖരിക്കേണ്ട ക്ലേശമേറിയ അവസ്ഥ സംജാതമാകുന്നു.

വിവിധഭാഗങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് നിലവിലുള്ള ശുദ്ധജലപദ്ധതികൾ വ്യാപിപ്പിക്കുകയും പുതുതായി കിണറുകളും കുഴൽ കിണറുകളും നിർമ്മിക്കുന്നതോടൊപ്പം ഇപ്പോൾ പഞ്ചായത്തിന്റെ കിഴക്കനതിർത്തിയായ കിഴക്കേ കല്ലട പഞ്ചായത്തുവരെ എത്തിനിൽക്കുന്ന "കുണ്ടറ ശുദ്ധജലവിതരണപദ്ധതി"യിൽ ഈ പഞ്ചായത്തിനെക്കൂടി ബന്ധിപ്പിക്കുവാനും കഴിയണം.

പൊതുജനാരോഗ്യത്തിൽ ശുദ്ധമായ കുടിവെള്ളം, മെച്ചപ്പെട്ട കക്കൂസ് സൗകര്യം, പരിസര ശുചിത്വം എന്നിവ മുഖ്യഘടകങ്ങളാണ്. നമ്മുടെ പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിലെ കക്കൂസ് സൗകര്യങ്ങൾ ഒരു പരിധിവരെ തൃപ്തികരമാണ്. ഈ ഭാഗങ്ങളിലെ ഏതാണ്ട് 70%ത്തോളം കുടുംബങ്ങൾക്കും

ശാസ്ത്രീയമായ രീതിയിൽ നിർമ്മിച്ച കക്കൂസ് ഉണ്ട്. എന്നാൽ, താഴ്ന്ന പ്രദേശങ്ങളിലെ 30% ത്തോളം കുടുംബങ്ങളുടെയും അവസ്ഥ വളരെ പിന്നോക്കമാണ്. ഈ പ്രദേശങ്ങളിൽ സെപ്റ്റിക് ടാങ്ക് കക്കൂസുകളോ, ഇരുകുഴി കക്കൂസുകളോ വ്യാപകമാക്കാനുള്ള പദ്ധതികൾ തയ്യാറാക്കേണ്ടിയിരിക്കുന്നു. ഈ പ്രദേശങ്ങൾ തീരസമതലങ്ങളാകയാൽ വർഷകാലത്ത് വെള്ളക്കെട്ട് അനുഭവപ്പെടുന്നതിനാലും വേനൽക്കാലത്ത് വേലിയേറ്റം മൂലവും ESP കക്കൂസുകൾ പ്രായോഗികമല്ല. ആകയാൽ ഇവിടങ്ങളിലെ സാമ്പത്തികശേഷിയുള്ള കുടുംബങ്ങളെ സ്വന്തമായി സെപ്റ്റിക് ടാങ്ക് കക്കൂസുകൾ നിർമ്മിക്കുവാൻ പ്രേരിപ്പിക്കുകയും മറ്റുള്ളവർക്ക് ഇത്തരം കക്കൂസുകൾ നിർമ്മിക്കുവാൻ ആവശ്യമായ ധനസഹായമോ സബ്സിഡിയോ നൽകുന്നതിനുവേണ്ട പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യാവുന്നതാണ്. കക്കൂസുകളിൽനിന്നുള്ള വിസർജ്യവസ്തുക്കളും മലിനജലവും അടുത്തുള്ള തോടുകളിലേയ്ക്ക് ഒഴുക്കിവിടുന്നതുമൂലമുണ്ടാകുന്ന പരിസരമലിനീകരണവും ശുദ്ധമായ കുടിവെള്ളത്തിന്റെ ദൗർലഭ്യവും വർഷകാലത്തെ വെള്ളക്കെട്ടും ഈ പ്രദേശങ്ങളിൽ വയറിളക്ക രോഗങ്ങളും മറ്റ് സാംക്രമികരോഗങ്ങളും വളരെവേഗം പടർന്നുപിടിക്കുന്നതിനുള്ള സാധ്യതയുള്ളതാണ്. ഈ പ്രദേശത്തെ 90% വീടുകൾക്കും പാഴ്ജലം ഉപയോഗപ്പെടുത്തുവാൻ യാതൊരു സംവിധാനവും നിലവിലില്ല. ഈ ജലം അടുത്തുള്ള തെങ്ങിൻതടങ്ങളിലേയ്ക്കോ കൈത്തോടുകളിലേയ്ക്കോ ഒഴുക്കിവിടുന്ന രീതിയാണ് ഇന്നുള്ളത്. ഇത്തരത്തിൽ ഒഴുക്കിക്കളയുന്ന പാഴ്ജലം ഉപയോഗപ്പെടുത്തി പുരയിട കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ ഒരു പദ്ധതിയെക്കുറിച്ച് ചിന്തിക്കാവുന്നതാണ്.

മണ്ടോത്തുരുത്ത് പ്രാഥമികാരോഗ്യകേന്ദ്രമാണ് പഞ്ചായത്തിലെ മുഖ്യ ആരോഗ്യസ്ഥാപനം. പട്ടംതുരുത്ത് വില്ലിമംഗലം എന്നിവടങ്ങളിലായി രണ്ട് സബ്സെന്ററുകളും ഉൾപ്പെടുന്ന ഈ പബ്ലിക് ഹെൽത്ത് സെന്ററിൽ ഒരു മെഡിക്കൽ ഓഫീസർ അടക്കം 16 ആരോഗ്യപ്രവർത്തകരാണുള്ളത്. എന്നാൽ, ഒരു ആയുർവേദ ഡിസ്പെൻസറിയുടേയും ഹോമിയോ ഡിസ്പെൻസറിയുടേയോ സേവനം നാളിതുവരെ ലഭ്യമായിട്ടില്ല. 1988ൽ പെരുമൺ ട്രെയിൻ ദുരന്തത്തിൽ രക്ഷാപ്രവർത്തനം നടത്തിയതിൽ മണ്ടോത്തുരുത്തുകാർ നൽകിയ സംഭാവന പരിഗണിച്ച് പാരിതോഷികമായി അനുവദിച്ച തുക ഉപയോഗിച്ച് പഞ്ചായത്തിലെ ഏതാണ്ട് മദ്ധ്യഭാഗത്ത് പുതുതായി പണിതുകൊണ്ടിരിക്കുന്ന PHC യുടെ കെട്ടിടം നാളിതുവരെ പൂർത്തിയാക്കുവാനും കഴിഞ്ഞിട്ടില്ല. അതിനാൽ ഇപ്പോൾ PHC പ്രവർത്തിക്കുന്നത് ഈ കെട്ടിടവുമായി ബന്ധപ്പെട്ടിരിക്കുന്ന കയർ വാർഡിലാണ്. ഇപ്പോൾ പണിതുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ സാനിട്ടേഷൻ പണികളും ചുറ്റുമതിലുകളും ഫർണിച്ചറും പൂർത്തിയാക്കിയാൽ PHCയുടെ പ്രവർത്തനം പ്രസ്തുത കെട്ടിടത്തിലേക്ക് മാറ്റാനാകും. എന്നാൽ ഇവിടെ എത്താനുള്ള റോഡിന്റെ സ്ഥിതി തികച്ചും മോശമാണ്. പഞ്ചായത്തിലെ എല്ലാപ്രദേശങ്ങളിൽ നിന്നും പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക് ആളുകൾക്ക് എത്തിച്ചേരുവാനുള്ള സൗകര്യമില്ലായ്മയും ആവശ്യമരുന്നുകളുടെ ദൗർലഭ്യവും ഒരു മെഡിക്കൽആഫീസർ മത്രമുള്ള അവസ്ഥയും നിലനിൽക്കുന്നതിനാൽ ഈ സ്ഥാപനത്തിന്റെ സേവനം ജനങ്ങൾക്ക് വേണ്ടത്ര പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല.

നിശ്ചിത ഇടവേളകളിൽ കുട്ടികൾക്കും മുതിർന്നവർക്കും ആരോഗ്യപരിശോധന നടത്തിയും വദ്ധജനങ്ങളുടെ ക്ഷേമത്തിനായി ഒരു പ്രത്യേക സംവിധാനം നടപ്പിലാക്കുകയും സ്കൂൾ ആരോഗ്യപരിപാടി ഫലപ്രദമായി നടപ്പിലാക്കുവാനുള്ള പദ്ധതികൾ രൂപപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. ഒപ്പം കൂടുതലായി കണ്ടുവരുന്ന നേത്ര,ദന്ത ചികിൽസകൾക്കായി പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും മുലയൂട്ടലിന്റെ പ്രാധാന്യം അമ്മമാരെ ബോധ്യപ്പെടുത്തുന്നതിനാവിശ്യമായി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും പ്രാധാന്യം നൽകേണ്ടതുണ്ട്. ജോലിക്കായി പുറംനാടുകളിൽ പോയി തിരുകെയെത്തുന്നവർക്ക് മലമ്പനി,ടൈഫോയിഡ്,പ്ലേഗ് തുടങ്ങിയ രോഗങ്ങൾ വ്യാപകമായി കണ്ടുവരുന്നു. ഇത് ഒഴിവാക്കുന്നതിനായി ഇങ്ങനെ എത്തുന്നവർക്കായി ആരോഗ്യപരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്താൻ കഴിയേണ്ടതുണ്ട്. കൂടാതെ പകർച്ചവ്യാധികളെ കുറിച്ച് വേണ്ടത്ര ബോധം ജനങ്ങൾക്ക് നൽകുന്നതിനാവിശ്യമായ വ്യാപകമായ പ്രവർത്തനങ്ങൾ നടത്തി ഒരു പുതിയ ആരോഗ്യസംസ്കാരം വളർത്തിയെടുക്കാവുന്നതാണ്.

പ്രശ്നങ്ങൾ

1. കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനാവിശ്യമായ ശാസ്താംകോട്ടയിൽനിന്നുമുള്ള പ്രത്യേക പദ്ധതിയും കുണ്ടറ ശുദ്ധജലവിതരണപദ്ധതിയും ഇവിടെ ആരംഭിച്ചിട്ടില്ല.

2. കുടിവെള്ളം ഇതുവരെയും എത്താത്ത പ്രദേശങ്ങളിൽ പൈപ്പുലൈനുകൾ നീട്ടുവാനുള്ള ആവിശ്യം പരിഗണിക്കപ്പെടുന്നില്ല.

3. വേനൽക്കാലത്ത് പൊതുടാപ്പുകളിൽ ആവശ്യത്തിന് ജലം ലഭിക്കുന്നില്ല.

4. പട്ടംതുരുത്ത് ട്യൂബ് വെല്ലിന് ഓവർഹെഡ് ടാങ്ക് പണിയുവാൻ കഴിഞ്ഞിട്ടില്ല.

5. തെക്കേ നെന്മേനി, കിടപ്രം എന്നീവാർഡുകളിൽ ട്യൂബ് വെൽ

സ്ഥാപിക്കുന്നതിനുള്ള ആവശ്യം പരിഗണിക്കപ്പെട്ടിട്ടില്ല.

6.പ്രാഥമികാരോഗ്യത്തിന് അനുവദിച്ച പുതിയ കെട്ടിടത്തിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

7. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ മുഴുവൻ സമയം ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല.

8. ആയുർവേദ ആശുപത്രിയുടേയും ഹോമിയോപതിയുടേയും സേവനം നാളിതുവരേയും ലഭിമല്ല.

9. യാത്രാസൗകര്യം തീരെ ഇല്ലാത്ത സാഹചര്യത്തിൽ സബ്സെന്ററുകളുടെ എണ്ണം വർദ്ധിപ്പിക്കണം എന്ന ആവശ്യം അനുവദിക്കപ്പെട്ടിട്ടില്ല.

10. താഴ്ന്ന പ്രദേശങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ ഒരു കക്കൂസ് മാതൃക നടപ്പിലാക്കേണ്ടതുണ്ട്.

11. കൊതുക്,പാമ്പ്,പട്ടി എന്നിവയുടെ ശല്യം വ്യാപകമായി അനുഭവപ്പെടുന്നു.

12. സ്കൂൾ ആരോഗ്യപരിപാടിയും വൃദ്ധജന സംരക്ഷണപരിപാടിയും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

13. വിവിധ വൈദ്യശാഖകളെ കുറിച്ച് വേണ്ടത്ര അവബോധം ജനങ്ങൾക്ക് നൽകുവാൻ കഴിഞ്ഞിട്ടില്ല.



ഗതാഗതവും ഊർജ്ജവും

മണ്ട്രോത്തുരുത്ത് പഞ്ചായത്തിൽ വരുന്ന ദശകങ്ങളിൽ നടത്തേണ്ട ഏറ്റവു പ്രധാന വികസന പ്രവർത്തനം ഗ്രാമീണ റോഡുകളുടെ നിർമ്മാണമായിരിക്കും. ഒരുപക്ഷേ, ഒരിഞ്ച് PWD റോഡില്ലാത്ത കേരളത്തിലെ ഏക പഞ്ചായത്തായിരിക്കും ഇത്. ഈ പഞ്ചായത്തിൽ 18.75 കി.മി നടപ്പാതകളും 2.27 കി.മി മറ്റൽ റോഡും 2 കി.മി ടാർചെയ്ത റോഡും മാത്രമാണുള്ളത്. 1967 ൽ ഇടിയക്കടവ് പാലം വന്നതുമുലമാണ് മറുകരയുമായി ബന്ധപ്പെടാൻതന്നെ കഴിഞ്ഞത്. 1977ൽ ഗ്രാമവികസനസമിതിയുടെ നേതൃത്വത്തിൽ കാനറാബാങ്ക് ജംഗ്ഷൻ മുതൽ പേഴുംതുരുത്ത് വരെ 4.5 കി.മി ദൂരത്തിൽ 8 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുവാനായി 1500ഓളം തെങ്ങുകൾ മുറിച്ചുമാറ്റി രൂപീകരിച്ചതാണ് ഈ റോഡ്. മണ്ട്രോത്തുരുത്തിലെ മിക്ക വാർഡുകളേയും ഒന്നിപ്പിക്കുന്ന റോഡാണിത്. (വില്ലിമംഗലം, നെന്മേനിവടക്ക്, തെക്ക്, കണ്ട്രോംകാണി, പട്ടംതുരുത്ത്, പേഴുംതുരുത്ത്) മണ്ട്രോത്തുരുത്തിന്റെ തെക്കേയറ്റത്തുള്ള പേഴുംതുരുത്ത് വാർഡിൽ അവസാനിക്കുന്ന രീതിയിലാണ്. ഈ റോഡിന് അന്ന് രൂപം നൽകിയത്. എന്നാൽ ഇന്നും ഇടച്ചാൽ പാലം സ്വപ്നമായി അവശേഷിക്കുന്നു.

ഇപ്പോൾ നിലവിലുള്ള ടാർചെയ്ത ഇടിയക്കടവ് കാരുത്തറംക്കടവ് റോഡിന് ആവശ്യത്തിനുള്ള വീതിയോ മറ്റ് സൗകര്യങ്ങളോ ഇല്ല. പഞ്ചായത്തിലെ എല്ലാ വാർഡുകളും പരസ്പരം ബന്ധിപ്പിക്കുന്ന തരത്തിൽ ഇനിയും ഗതാഗതസൗകര്യങ്ങൾ വികസിക്കേണ്ടിയിരിക്കുന്നു.

മണ്ട്രോത്തുരുത്തിന് വളരെ വിപുലമായ ഒരു ജലഗതാഗത പാരമ്പര്യം തന്നെയുണ്ടായിരുന്നു. ജലഗതാഗതമായിരുന്നു മണ്ട്രോത്തുരുത്ത് നിവാസികളെ മണ്ട്രോത്തുരുത്ത് നിവാസികളെ മറ്റു പ്രദേശങ്ങളുമായി ബന്ധപ്പെടുത്തിയിരുന്നത്. കുതിരമുനമ്പ്-കൊല്ലം, ഓണമ്പലം-കൊല്ലം, പട്ടകടവ്-കൊല്ലം, കൊല്ലം-കടപുഴ തുടങ്ങിയ നിരവധി റൂട്ടുകളിൽ ധാരാളം ബോട്ടുകൾ വളരെ ലാഭകരമായി സർവ്വീസ് നടത്തിയിരുന്നു. എന്നാൽ, കരമാർഗ്ഗമുള്ള ഗതാഗത സൗകര്യങ്ങൾ മറ്റു പ്രദേശങ്ങളിൽ വികസിച്ചപ്പോൾ ഈ ബോട്ട് സർവ്വീസുകളെ ആശ്രയിക്കുന്നത് മണ്ട്രോത്തുരുത്ത് നിവാസികൾ മാത്രമായി മാറുകയും പല സർവ്വീസുകളും നിർത്തലാക്കുകയും ചെയ്തു. ഇപ്പോൾ മുതിരപ്പറമ്പ്- കൊല്ലം, മണ്ട്രോത്തുരുത്ത്-കൊല്ലം എന്നീ രണ്ട് ബോട്ട് സർവ്വീസുകൾ മാത്രമേ അവശേഷിക്കുന്നുള്ളു. ഈ രീതിയിൽ ഈ പ്രദേശത്തുകാർക്ക് ജലഗതാഗതസൗകര്യം നഷ്ടമായ്പ്പോൾ അതിനനുസരണമായി കരമാർഗ്ഗമുള്ള ഗതാഗതം വികസിച്ചതുമില്ല. മറ്റ് പ്രദേശങ്ങൾ വികസിതോന്മുഖമാകുമ്പോൾ കേവലം നോക്കുകുത്തികളെപ്പോലെ നിൽക്കുവാനേ മണ്ട്രോത്തുരുത്ത് നിവാസികൾക്ക് ഇന്നും കഴിയുന്നുള്ളു. ഭൂമിശാസ്ത്രപരമായ സവിശേഷതകൾവച്ച് നോക്കുമ്പോൾ മണ്ട്രോത്തുരുത്തിൽ ജലഗതാഗതത്തിനാണ് ഇന്നും ഏറെ സാധ്യത. കരമാർഗ്ഗത്തേക്കാൾ സുരക്ഷിതവും സൗകര്യവും എന്തുകൊണ്ടും ജലഗതാഗതത്തിനാണ്. ആയതിനാൽ, കൊല്ലം-മണ്ട്രോത്തുരുത്ത് ജലപ്പാത വാട്ടർ ഫൈവേ ആക്കി ഉയർത്തി ഈ പ്രദേശത്തെ ജനങ്ങളുടെ ഗതാഗത സൗകര്യവും അതോടൊപ്പം ടൂറിസം വികസനവും സാധ്യമാകുന്നതാണ്.

1958 ജനുവരിയിലാണ് കൊല്ലം-എറണാകുളം റെയിൽവേ ലൈൻ പണി പൂർത്തിയായത്. ഇതിൽ 3.36 കി.മി. ദൂരം പാത ഈ പഞ്ചായത്തിൽക്കൂടിയാണ് കടന്നു പോകുന്നത്. ഇതിനുവേണ്ടി നിർമ്മിക്കപ്പെട്ടിട്ടുള്ള പാലം ഈ ദ്വീപ് നിവാസികൾക്ക് പടിഞ്ഞാറേ കല്ലട പെരിനാട് പ്രദേശങ്ങളിൽ കരമാർഗ്ഗം നടന്നുപോകുന്നതിന് ഒരുപാതയായി ഇതിനെ ഉപയോഗിക്കാനാവുന്നുണ്ട്. 1962 ൽ മണ്ട്രോത്തുരുത്ത് ഒരു ഹാൾട്ട് സ്റ്റേഷൻ സ്ഥാപിച്ചതിനുശേഷം മാത്രമാണ് മണ്ട്രോത്തുരുത്തുകാർക്ക് ട്രെയിൻഗതാഗത സൗകര്യം ലഭ്യമായത്. എന്നാൽ ഇന്നും ഈ ഹാൾട്ട് സ്റ്റേഷൻ സിഗ്നൽ സ്റ്റേഷനാക്കി ഉയർത്തപ്പെട്ടിട്ടില്ല. 1996 ൽ പൂർത്തീകരിച്ച ഡബിൾ ലൈൻ മണ്ട്രോത്തുരുത്തിന്റെ കിഴക്കൻ പ്രദേശങ്ങളും പടിഞ്ഞാറൻ പ്രദേശങ്ങളും തമ്മിൽ ഒറ്റപ്പെട്ട നിലയിലാക്കി. കൊല്ലം ജില്ലയിൽ ഏറ്റവും കൂടുതൽ യാത്രക്കാർ ഉപയോഗിക്കുന്ന റെയിൽവേസ്റ്റേഷനുകളിലൊന്നാണ് മണ്ട്രോത്തുരുത്ത് റെയിൽവേ സ്റ്റേഷൻ. എന്നാൽ, ഇവിടെ മലബാർ എക്സ്പ്രസ്, പുഷ്പുൾ, ഷട്ടിൽ ട്രെയിനുകൾ എന്നിവ മാത്രമാണ് നിർത്തുന്നത്. രാവിലെ 8.30 ന് ശേഷവും വൈകിട്ട് 5.30നു മിടയ്ക്ക് ഒരു ട്രെയിനിനുപോലും ഇവിടെ സ്റ്റോപ്പില്ലായെന്നത് ഈ ദ്വീപ് നിവാസികളുടെ യാത്രാസൗകര്യത്തോടുകാട്ടുന്ന കടുത്ത അനീതിയാണ്. കൂടാതെ, യാത്രക്കാർക്ക് സൗകര്യപ്രദമായി പ്ലാറ്റ്ഫോമോ മേൽക്കൂരയോ പണിയു

ന്നതിന് റെയിൽവേ ഇനിയും തയ്യാറായിട്ടില്ല.

കടത്ത്

മണ്ണോത്തുരുത്തിലെ പ്രാചീനമായ ഗതാഗതസൗകര്യമെന്നുപറയുന്നത് കടത്തുവള്ളങ്ങളാണ്. ഇന്ന് ഈ പഞ്ചായത്തിൽ 11 കടത്തുകളാണുള്ളത്. വിവിധ വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഏക ഗതാഗതമാർഗ്ഗം കടത്തുവള്ളങ്ങളാണ്. രാത്രികാലങ്ങളിൽ കടത്തുസൗകര്യമില്ലാത്തതിനാൽ പെരുങ്ങാലം പ്രദേശം മറ്റുഭാഗങ്ങളിൽനിന്ന് തികച്ചും ഒറ്റപ്പെടുന്നു. അതിനാൽ അവശ്യസ്ഥലങ്ങളിൽ രാത്രികാലങ്ങളിൽക്കൂടി കടത്ത് ഏർപ്പെടുത്തേണ്ടത് അനിവാര്യമാണ്.

മണ്ണോത്തുരുത്തിലെ ഏക ഹൈസ്ക്കൂളായ പെരുങ്ങാലം ഗവ: ഹൈസ്ക്കൂൾ സ്ഥിതിചെയ്യുന്ന പ്രദേശം റോഡ് ഗതാഗതമാർഗ്ഗമില്ലാത്ത അവസ്ഥയിലാണ്. നല്ല നടപ്പാതകൾപോലും ഈ പ്രദേശത്തില്ല. ടി സ്ക്കൂളിന്റെ വിദ്യാഭ്യാസനിലവാരത്ത കർച്ചതന്നെ യാത്രയുടെ അസൗകര്യം മൂലമാണ് എന്നുള്ളതാണ് വസ്തുത. ഇവയുടെയൊക്കെ പരിഹാരത്തിന് ആവശ്യമായ പദ്ധതികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

സാധ്യതകൾ

*പെരുമൺ-കണ്ണങ്കാട് റോഡ് പൂർത്തീകരിക്കുക.

* പെരുങ്ങാലം-കോയിവിള ബണ്ടിനോട് ചേർന്ന് റോഡും അനുബന്ധ പാലങ്ങളും നിർമ്മിക്കുക.

* ഇടിയക്കടവ്-പേഴംതുരുത്ത് ലിങ്ക് റോഡ് പൂർത്തീകരിച്ച് ടാർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

* കാരുത്തറക്കടവ്-റെയിൽവേസ്റ്റേഷൻ റോഡ് നിർമ്മിക്കുക.

* കാരുത്തറക്കടവ്-പി.എച്ച്.സി. റോഡ് പണിയുക.

* റെയിൽവേസ്റ്റേഷൻ-പെരുങ്ങാലം ഹൈസ്ക്കൂൾ റോഡ് നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

* കക്കാട്ടുകടവ്-റെയിൽവേസ്റ്റേഷൻ റോഡ് നിർമ്മിക്കുക.

* അയ്യപ്പൻ കലുങ്ക്-റെയിൽവേസ്റ്റേഷൻ റോഡ് നിർമ്മിക്കുക.

* ഇടിയക്കടവ്-തൂമ്പുമുഖം വഴി കാരുത്തറക്കട് റോഡ് നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

* മണക്കടവ് ശ്മശാനം-കല്ലുവിളക്കടവ് വഴി വാഴയിൽ റോഡ് നിർമ്മിക്കുക.

* ഇടച്ചാൽ-കൊച്ചുകിടപ്രം റോഡ് നിർമ്മിക്കുക.

* തോപ്പിൽമുക്ക്-മുട്ടം റോഡ് നിർമ്മിക്കുക.

* കോച്ചുമാട്ടയിൽ-എക്കപ്പുറം റോഡ് നിർമ്മിക്കുക.

* മണക്കടവ് ബണ്ട് വഴി നീറ്റും തുരുത്ത് റോഡ് നിർമ്മിക്കുക

* പെരുങ്ങാലം ബോട്ടുജെട്ടി-അരിനല്ലൂർ റോഡ് (കൊന്നയിൽക്കടവു വഴി) നിർമ്മിക്കുക.

* പെരുങ്ങാലം H.S -മലയിൽക്കടവ് റോഡ് നിർമ്മിക്കുക.

* ചെറുകാവിൽക്കാട്ടിൽ-കാരുത്തറക്കടവ് റോഡ് നിർമ്മിക്കുക.

* പുല്ലന്തറ-മേനിത്തോട് റോഡ് നിർമ്മിക്കുക.

* സാൻജോസ്ഫാം-നീറ്റുംതുരുത്ത് റോഡ് നിർമ്മിക്കുക.

* ഇടിയക്കടവ്-മുതിരപ്പറമ്പ് വഴി കരാലഴികത്ത് റോഡ് നിർമ്മിക്കുക.

* പെരുങ്ങാലം-അരിനല്ലൂർ റോഡ് ലക്ഷംവീടുവഴി നിർമ്മിക്കുക.

* അരിനല്ലൂർ-കോതപുരം റോഡ് നിർമ്മിക്കുക.

* ടെലഫോൺ എക്സ്ചേഞ്ച് സമീപം വഴി ഇടച്ചാൽ റോഡ് നിർമ്മിക്കുക.

ഊർജ്ജം

ഊർജ്ജത്തിൽ, വൈദ്യുതിയുടെ ഉപഭോഗത്തിൽ ഈ പഞ്ചായത്ത് വളരെ പിന്നിലാണ്. ഗാർഹിക-കാർഷിക-വാണിജ്യ-വ്യാവസായികമേഖലകളിൽ ഊർജ്ജം ഉപയോഗിക്കുന്നുവെങ്കിലും വ്യാവസായികമായി ഊർജ്ജോപയോഗം മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് കുറവാണ്. ഇവിടുത്തെ ഭൂരിഭാഗം വീടുകളിലും ഏകദേശം 85% വീടുകളിലും ഗാർഹികാവശ്യത്തിനായി വിറക്, തെങ്ങിന്റെ ഉൽപ്പന്നങ്ങൾ മുതലായവ ഇന്ധനമായി ഉപയോഗിക്കുന്നു. 12% വീടുകളിൽ മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുന്നുവെങ്കിൽ ബാക്കി 3% വീടുകളിൽ മാത്രമേ ഇലക്ട്രിക് ഹീറ്ററും ഗ്യാസ് അടുപ്പുകളും ഉപയോഗിക്കുന്നുള്ളു. ഏകദേശം 10 വീടുകളിൽ ഗോബർ ഗ്യാസ് അടുപ്പുകളും ഉപയോഗിക്കുന്നുണ്ട്. ഒരു വീട്ടിൽ മാത്രമാണ് സൗരോർജ്ജം ഉപയോഗിച്ചുകൊണ്ടുള്ള വൈദ്യുതി ഉപയോഗിക്കുന്നത്.

മണ്ണോത്തുരുത്ത് പഞ്ചായത്തിലെ 80% ഭാഗത്ത് വൈദ്യുതി വിതരണം സാധ്യമാക്കുന്നത് കുണ്ടറ 110 കെ.വി. സബ്ബ് സ്റ്റേഷൻ വഴിയാണ്. ബാക്കിഭാഗത്ത് ശാസ്താംകോട്ട സബ്ബ് സ്റ്റേഷനിൽനിന്നുമാണ് വൈദ്യുതിവിതരണം നടത്തുന്നത്. ഈ പഞ്ചായത്തിൽ ഗാർഹികാവശ്യത്തിന് 1740 കുടുംബങ്ങളും വ്യാപാരത്തിന് 126 സ്ഥലത്തും വ്യവസായത്തിന് 49 സ്ഥലത്തും കാർഷികരംഗത്ത് 25 സ്ഥലത്തും വൈദ്യുതി ഉപഭോഗം നടക്കുന്നുണ്ട്. ഈ വർഷം ഇതുവരെ 190 പേർക്ക് ഇലക്ട്രിക് കണക്ഷൻ ലഭിക്കുകയും കൂടാതെ, 104 ഓളം അപേക്ഷകർ കണക്ഷനുവേണ്ടി കാത്തുനിൽക്കുകയും ചെയ്യുന്നുണ്ട്. പഞ്ചായത്തിന്റെ പരിധിയിൽ 9 ട്രാൻസ്ഫോർമറുകൾ വഴിയാണ് വൈദ്യുതി വിതരണം നടത്തുന്നത്. എന്നാൽ ഉപഭോക്താക്കളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിരിക്കുന്ന സാഹചര്യത്തിൽ മിക്ക ട്രാൻസ്ഫോർമറുകളും അധികഭാരം വഹിക്കുന്ന ഒരു സാഹചര്യമാണ്

ഇന്ന് നിലവിലുള്ളത്. മിക്ക വാർഡുകളിലും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു. കൂടാതെ, ഇതുമൂലം കാർഷിക വ്യാവസായിക മേഖലയിലെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ കഴിയുന്നില്ല.

പഞ്ചായത്തിൽ 390 ടങ്സ്റ്റൻ ലാംബുകളും 12 ട്യൂബുകളുമാണ് സ്ട്രീറ്റ് ലൈറ്റുകളായി നിലവിലുള്ളത്. ഏകദേശം 4 കി.മി നീളമുള്ള ലിങ്ക് റോഡും പഞ്ചായത്തിലെ മറ്റ് റോഡുകളിലും അവശ്യമായിടത്ത് പുതുതായി ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടത് അത്യാവശ്യമാണ്. പഞ്ചായത്ത് പ്രതിവർഷം തെരുവുവിളക്കുകളുടെ കറണ്ടുചാർജ്ജിനത്തിൽ 52,936.00 രൂപ അടയ്ക്കുന്നുണ്ട്. എങ്കിലും മിക്കപ്പോഴും തെരുവുവിളക്കുകൾ കത്താറില്ല എന്നതാണ് യാഥാർത്ഥ്യം. മെച്ചപ്പെട്ടയിനം ട്യൂബ് ലൈറ്റുകളും ഫ്ളൂറസെന്റ് ലാംബുകളും വഴിവിളക്കിനായി വ്യാപകമായി ഉപയോഗിക്കണം. ഇപ്പോൾ വഴിവിളക്കുകളും മെയിന്റനൻസും മറ്റും നടത്തുന്നത് ഇലക്ട്രിക്സിറ്റി ബോർഡാണ്. ഇത് കാര്യക്ഷമമല്ല എന്നതാണ് അനുഭവം. ഇതിനു പരിഹാരമായി മെയിന്റനൻസ് ജോലികൾ ഉൾപ്പെടെ ഇതിന്റെ മാനേജ്മെന്റ് പഞ്ചായത്തിനെ ഏൽപ്പിക്കുന്നത് നല്ലതായിരിക്കും.

ഊർജ്ജ പ്രതിസന്ധി നേരിടുന്ന നമ്മുടെ രാജ്യത്ത് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ വികസിപ്പിച്ചെടുക്കേണ്ടത് അത്യാവശ്യമാണ്. പാരമ്പര്യേതര ഊർജ്ജം ഉൽപ്പാദിപ്പിക്കുവാനുള്ള സാധ്യത ഈ പഞ്ചായത്തിൽ ധാരാളമുണ്ട്. ധാരളം സൂര്യപ്രകാശം കിട്ടുന്ന ഒരു പ്രദേശമായതിനാൽ സൗരോർജ്ജത്തിൽനിന്നും മറ്റ് ഊർജ്ജങ്ങൾ ഉൽപ്പാദിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. അതുപോലെതന്നെ അഷ്ടമുടിക്കായലിൽനിന്നും ലഭിക്കുന്ന കാറ്റിന്റെ ഊർജ്ജം ഉപയോഗിക്കുന്നതിനുള്ള പദ്ധതികളും ലാഭകരമായി നടപ്പാക്കാവുന്നതാണ്.

വൈദ്യുതി എത്താത നിരവധി പ്രദേശങ്ങൾ ഈ പഞ്ചായത്തിന്റെ 8 വാർഡുകളിലും നിലവിലുണ്ട്. ഈ പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിന് സംവിധാനമുണ്ടാക്കുകയും പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വൈദ്യുതിവിതരണം കാര്യക്ഷമമാക്കുന്നതിന് നടപടിയുണ്ടാകണം. പട്ടംതുരുത്തിലും തെക്കേനെന്മേനിയിലും സ്ഥിതിചെയ്യുന്ന ലക്ഷംവീട്, ജയന്തി കോളനികളിൽ ഹരിജനങ്ങൾ കൂടുതലായി അധിവസിക്കുന്ന പ്രദേശങ്ങളാണ്. ഇവിടെ അടിയന്തിരമായി വൈദ്യുതി എത്തിക്കേണ്ടതാണ്. പഞ്ചായത്തിൽ വൈദ്യുതി വിതരണ സംവിധാനത്തിൽ തട്ടിക്കിടക്കുന്ന വൃക്ഷശിഖരങ്ങൾ വൈദ്യുതപ്രസരണനഷ്ടത്തിന് കാരണമാകുന്നു. ഇത്തരത്തിലുള്ള ഊർജ്ജനഷ്ടങ്ങൾ ഒഴിവാക്കുന്നതിന് നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

തെങ്ങൻതോപ്പുകളിലൂടെയാണ് ഇവിടെ ഭൂരിഭാഗം വൈദ്യുതി ലൈനുകൾ കടന്നുപോകുന്നത്. ഇത് പലപ്പോഴും അപകടങ്ങൾക്ക് കാരണമാകാറുണ്ട്. ഇത്തരം അപകടങ്ങൾ ഉണ്ടാകുമ്പോൾ യഥാസമയം വൈദ്യുതി ജീവനക്കാരെ അറിയിക്കുന്നതിനും അറിഞ്ഞാൽത്തന്നെ അവർക്ക് യഥാസമയം സ്ഥലത്തെത്തുന്നതിനും മൺറോത്തുരുത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾകാരണം കഴിയാറില്ല. ഇത് പരിഗണിച്ച് വൈദ്യുതിബോർഡിന്റെ ഒരു സെക്ഷൻ ആഫീസ് മൺറോത്തുരുത്ത് കേന്ദ്രമായി സ്ഥാപിക്കേണ്ടത് അനിവാര്യമാണ്.

സാധ്യതകൾ

* കേന്ദ്രഗവൺമെന്റിന്റെ പാരമ്പര്യേതര ഊർജ്ജ പ്രോത്സാഹന പദ്ധതിയായ NREP യിൽ മൺറോത്തുരുത്ത് പഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തേണ്ടതാണ്.

* പഴകിദ്രവിച്ച ഇലക്ട്രിക് ലൈനുകളിൽക്കൂടിയാണ് വൈദ്യുതിവിതരണം നടത്തുന്നത്. ഇത് അപകടങ്ങൾ സൃഷ്ടിക്കുന്നു. അടിയന്തിരമായി ഇവമാറ്റി പുതിയവ സ്ഥാപിക്കുന്നതിന് നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

* വോൾട്ടേജ്ക്ഷാമം അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

* പാരമ്പര്യേതര ഊർജ്ജം പ്രയോഗത്തിൽ കൊണ്ടുവരേണ്ടതാണ്.

* പൊതുവഴിയിൽനിന്നും അകലെ നിൽക്കുന്ന ഇലക്ട്രിക് ലൈനുകളും പോസ്റ്റുകളും റോഡിന്റെ ഓരം ചേർത്ത് സ്ഥാപിച്ച് വഴിവിളക്കുകൾ പിടിപ്പിക്കേണ്ടതാണ്.

* ഇവിടെ ധാരാളമായി ലഭിക്കുന്ന ചകിരിച്ചോർ ഇന്ധനമായി ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഒരു പദ്ധതി നടപ്പാക്കാവുന്നതാണ്.

* ഗോബർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനപദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

* കാറ്റിൽനിന്നും, സൂര്യപ്രകാശത്തിൽനിന്നും ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

പാർപ്പിടവും സാമൂഹ്യക്ഷേമവും

മണ്ണാർക്കാത്തുരുത്ത് പഞ്ചായത്തിലെ ആവാസസൗകര്യം മറ്റ് ഗ്രാമപ്രദേശങ്ങളെ അപേക്ഷിച്ച്. മെച്ചമാണെങ്കിലും കാലാകാലങ്ങളിലുണ്ടാകുന്ന വെള്ളപ്പൊക്കവും കടുത്ത ഉപ്പുവേലിയും ഭൂമി താഴുന്ന പ്രതിഭാസവും അതിജീവിക്കത്തക്കതരത്തിലുള്ള പാർപ്പിടങ്ങളല്ല പല പ്രദേശങ്ങളിലും നിലവിലുള്ളത്. എന്നാൽ പെരുങ്ങാലം പേഴംതുരുത്ത് പ്രദേശങ്ങളിൽ വാഹനസൗകര്യം ലഭ്യമല്ലാത്തതുകൊണ്ട് പാർപ്പിടനിർമ്മാണത്തിൽ ഉയർന്ന കൂലിച്ചെലവ് നേരിടുകയാണ്. എന്നാൽ ഇതിൽനിന്നൊക്കെ ഏറെ വ്യത്യസ്തമായ ഒരവസ്ഥയാണ് പഞ്ചായത്തിലെ ജയന്തി കോളനി, ലക്ഷംവീട് കോളനി, IHDP കോളനി എന്നിവിടങ്ങളിലേത്. ഇന്നും ഇവിടെ പിന്നോക്കവിഭാഗത്തിൽപ്പെട്ട ജനങ്ങൾ ചെറ്റപ്പുരയിൽ വസിക്കുന്ന ഒരവസ്ഥയാണുള്ളത്. കൂടാതെ ലക്ഷം വീടുകളും ഇടിഞ്ഞുപൊളിഞ്ഞ അപകടാവസ്ഥയിലാണ്. കോളനികളിലെ ഈ പിന്നോക്കവിഭാഗക്കാർക്ക് പാർപ്പിടസൗകര്യം ഒരുക്കിക്കൊടുക്കുന്നതോടൊപ്പം കോളനികളിൽനിന്നും വേർപെട്ട് മറ്റ് പ്രദേശങ്ങളിൽ അധിവസിക്കുന്ന നിർദ്ധന കുടുംബങ്ങൾക്ക് പാർപ്പിടം പണിയുന്നതിനുള്ള ഗ്രാന്റുകളും മറ്റ് ധനസഹായങ്ങളും നൽകുന്നതിനെക്കുറിച്ചുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിലെ മൊത്തം വീടുകളിൽ 11% കോൺക്രീറ്റും 55% ഓടും 34% ഓലമേഞ്ഞ വീടുകളുമാണുള്ളത് പഞ്ചായത്തുകളിലെ മൊത്തം വീടുകളിലെ ഗണ്യമായ ഒരു ഭാഗം കഴിഞ്ഞ 15 വർഷത്തിനുള്ളിൽ നിർമ്മിച്ചവയാണ് മണൽവാരൽ മേഖലയിലുണ്ടായ വർദ്ധിച്ച തൊഴിലവസരങ്ങളും വിവിധ ഭവനനിർമ്മാണ ഏജൻസികൾവഴിയുള്ള ധനസഹായവും ഗൾഫ് മേഖലയുമായി ബന്ധപ്പെട്ട സമ്പത്തിന്റെ വരവുമാണ്. പാർപ്പിടരംഗത്തുണ്ടായ പ്രകടമായ ഈ മാറ്റത്തിന് കാരണമായത്.

1995 ലെ IRDP സർവ്വേ പ്രകാരം പഞ്ചായത്തിലെ 337 ഓളം കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് ആവശ്യമായുണ്ട്. കഴിഞ്ഞ 5 വർഷമായി വിവിധ സ്ക്കീമുകൾ വഴി 51 കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകിയെങ്കിലും 34ഓളം വീടുകൾ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. ഗവൺമെന്റിൽനിന്നുകിട്ടുന്ന ധനസഹായം വളരെ കുറവായതുകൊണ്ടുമാത്രമാണ്. പലർക്കും. വീട് പൂർത്തീകരിക്കുവാൻ സാധിക്കാതെവരുന്നത്.

ഈ പഞ്ചായത്തിൽ ഭവനനിർമ്മാണ ഏജൻസികൾ ഒന്നും നിലവിലില്ല. ബാങ്കുകൾ വഴി വായ്പ വാങ്ങി വീടുവയ്ക്കുവാൻ കഴിയാത്തവരാണ് ഏറിയ പങ്കും. കാരണം, വായ്പ ലഭിക്കുന്നതിന് ആവശ്യമായ ഈടട് വയ്ക്കുന്നതിന് സാഹചര്യമില്ലാത്തതുതന്നെ. കൂടാതെ, വായ്പ വാങ്ങി വീടുവച്ചവരിൽ പലരും തിരിച്ചടയ്ക്കാൻ സാധിക്കാതിരുന്നതുമൂലം മിക്ക ബാങ്കുകളും ഇപ്പോൾ വായ്പ നൽകുന്നതുമില്ല.

ഭൂരഹിതർക്ക് 4 സെന്റ് ഭൂമി നൽകുന്നതിനുള്ള പദ്ധതിപ്രകാരം പഞ്ചായത്തിലെ പട്ടംതുരുത്ത്, തെക്കേനെന്മേനി പ്രദേശങ്ങളിൽ സ്ഥലമെടുത്ത് ഭൂമിവിതരണം നടത്തിയെങ്കിലും നാളിതുവരെയായി ഇതിൽ ഭൂരിഭാഗം പ്ലോട്ടുകളും ഒഴിഞ്ഞുകിടക്കുകയാണ്. എന്തെന്നാൽ വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്നതും ചതുപ്പുനിറഞ്ഞതുമായ ഈ ഭാഗങ്ങളിൽ വീടു പണിതാൽ മുകളിൽപ്പറഞ്ഞ വെള്ളപ്പൊക്കഭീഷണി, ഉപ്പുവേലി ഭീഷണി ഭൂമി താഴ്ന്നുപോകുന്ന പ്രതിഭാസം ഇവ നിലനിൽക്കുന്നിടത്തോളംകാലം ഈ പ്രദേശങ്ങളിലെ വീടുകൾക്ക് സുരക്ഷിതത്വം ഇല്ലാത്ത ഒരു സാഹചര്യമാണുള്ളത്. അതിനാൽ ഈ പ്രദേശങ്ങൾ ഉയർത്ത് ഉപ്പുവേലിയിൽനിന്നുമുള്ള ഭീഷണി ഒഴിവാക്കി ആളുകളെ പുനരധിവസിപ്പിക്കുവാൻ ആവശ്യമാപദ്ധതികളെക്കുറിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു. പാർപ്പിടനിർമ്മാണരംഗത്ത് ഈ പ്രദേശത്തെ ഏറ്റവും ഗുരുതരമായ പ്രശ്നം ഭൂമി താഴേയ്ക്ക് ഇരുത്തിപ്പോകുന്ന പ്രതിഭാസമാണ്. ഇതിനെക്കുറിച്ച് വിശദമായ പഠനങ്ങളും ഇതിനെ അതിജീവിക്കുന്ന തരത്തിലുള്ള ഭവനനിർമ്മാണ രീതികളും അവലംബിക്കേണ്ടിയിരിക്കുന്നു.

1996-97 IRDP സർവ്വേ പ്രകാരം ഈ പഞ്ചായത്തിൽ ജനറൽ വിഭാഗത്തിൽ 99 കുടുംബങ്ങളും ഹരിജൻ വിഭാഗത്തിൽ 25 കുടുംബങ്ങളേയുമാണ് ധനസഹായം നൽകുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽത്തന്നെ ഫാമിലി ക്രെഡിറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 4 കുടുംബങ്ങളെ മാത്രമേ ധനസഹായം നൽകു

ന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളൂ. IRDP പദ്ധതി ആനുകൂല്യത്തിന് അർഹതയുള്ള ഏറെയുണ്ടെങ്കിലും ഇവയിൽ ചെറിയൊരു വിഭാഗത്തിനു മാത്രമേ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുള്ളൂ.

1996 ലെ കണക്കനുസരിച്ച് പഞ്ചായത്തിൽ 244പേർക്ക് കയർത്തൊഴിലാളി പെൻഷനും 139 പേർക്ക് കർഷകത്തൊഴിലാളി പെൻഷനും 354 പേർക്ക് തൊഴിലില്ലായ്മാവേതനവും 12 പേർക്ക് വികലാംഗ പെൻഷനും 82 പേർക്ക് വിധവാ പെൻഷനും ലഭിക്കുന്നുണ്ട്. പ്രാഥമിക പരിശോധനയിൽ ഈ ആനുകൂല്യം ലഭിക്കുന്നവരെല്ലാം അർഹതയുള്ളവരാണെങ്കിലും അർഹതയുള്ള എല്ലാവർക്കും ഈ ആനുകൂല്യം ലഭിക്കുന്നില്ല എന്നുള്ളതാണ് വസ്തുത. കൂടാതെ, നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയുടെയും കർഷകത്തൊഴിലാളി ക്ഷേമനിധിയുടെയും നടത്തിപ്പ് ഈ പഞ്ചായത്തിൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

ഈ പഞ്ചായത്തിൽ ആകെ 9 പൊതുവിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 3-ാം വാർഡിൽ പൊതുവിതരണകേന്ദ്രങ്ങൾ ഒന്നുംതന്നെയില്ല. ഓരോ വാർഡിലും കുറഞ്ഞത് രണ്ട് പൊതുവിതരണകേന്ദ്രങ്ങൾ അനുവദിക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. കൂടാതെ ഈ പഞ്ചായത്തിൽ മാവേലിസ്റ്റോറുകൾ നിലവിലില്ല. കുറഞ്ഞത് 2 വാർഡുകളെ കേന്ദ്രീകരിച്ച് ഒരു മാവേലി സ്റ്റോർ എന്ന നിലയിലെങ്കിലും അനുവദിക്കേണ്ടിയിരിക്കുന്നു.

അങ്കൻവാടികളുടെ പ്രവർത്തനം ഈ പഞ്ചായത്തിൽ ഫലപ്രദമാണ്. 8 വാർഡുകളുകളിലായി 11 അംഗൻവാടികൾ ഈ പഞ്ചായത്തിലുണ്ടെങ്കിലും പല അംഗൻവാടികൾക്കും. സ്വന്തമായി കെട്ടിടമില്ലാത്ത അവസ്ഥയും പല അംഗൻവാടികളിലും ഫർണിച്ചർ സൗകര്യങ്ങളും കളിസ്ഥലങ്ങളും ഇല്ലാത്തവയുമാണ്. ഇതൊക്കെ പരിഹരിക്കപ്പെടേണ്ടതായുണ്ട്.

സാധ്യതകൾ

* പഞ്ചായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഭവനനിർമ്മാണത്തിന് കൂടുതൽ സാമ്പത്തികസഹായങ്ങൾ ലഭ്യമാക്കുന്ന പദ്ധതികൾ ആരംഭിക്കുക.

* ഉപ്പുവേലി, വെള്ളപ്പൊക്കം, ഇവയുടെ ഭീഷണികളിൽനിന്നും വീടുകളെ സംരക്ഷിക്കുന്നതിനുതകുന്ന രീതിയിലുള്ള നിർമ്മാണരീതികൾ പ്രചരിപ്പിക്കുക.

* ദുർബ്ബലവിഭാഗക്കാർക്ക് വീടുവയ്ക്കുന്നതിന് അനുവദിക്കുന്ന സാമ്പത്തികസഹായം നിർമ്മാണച്ചെലവുമായി പൊരുത്തപ്പെടുന്നതരത്തിലാക്കുക.

* IRDP ലിസ്റ്റിലുള്ള എല്ലാ ആളുകൾക്കും ധനസഹായം ലഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.

* ക്ഷേമപദ്ധതികൾ അർഹരായ എല്ലാപേർക്കും ലഭിക്കത്തക്കതരത്തിൽ സംവിധാനം പഞ്ചായത്തുതലത്തിൽ ഏർപ്പെടുത്തുക.

* കെട്ടിടം നിർമ്മിക്കുമ്പോൾ പൊതുവഴിയിൽനിന്നും നിശ്ചയിച്ചുള്ള നിശ്ചിതദൂരപരിധി 3 മീറ്റർ നിർബന്ധമാക്കുന്നതിൽനിന്ന് നാമമാത്രഭൂവുടമകളെ ഒഴിവാക്കുക.

* നിർമ്മാണസാമഗ്രികൾ പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുക.

* ചെലവുകുറഞ്ഞ ഭവനനിർമ്മാണ പദ്ധതികൾ പ്രചരിപ്പിക്കുക.

സംസ്ക്കാരം

നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ട ഈ ദ്വീപിലെ നിവാസികൾക്ക് സമീപസ്ഥ പ്രദേശങ്ങളിൽനിന്നും വ്യത്യസ്തമായതും മഹത്തരമായതുമായ ഒരു സാംസ്ക്കാരികപൈതൃകമുണ്ടായിരുന്നുവെന്ന് കാണാവുന്നതാണ്. പ്രകൃതിയോട് നിരന്തരം മല്ലടിച്ച് ജീവിക്കേണ്ട സാഹചര്യമാണുള്ളത് എന്നതുകൊണ്ട് ഇവിടത്തുകാർക്ക് ഏത് പ്രതികൂല സാഹചര്യത്തെയും തരണംചെയ്യാനുള്ള ഒരു തനതായ കഴിവ് ഉണ്ടായിരുന്നതായും അത് ഇപ്പോഴും നിലനിൽക്കുന്നതായും കാണാവുന്നതാണ്. ഇതിനെ ഒരു പ്രത്യേക 'ദ്വീപ് സംസ്ക്കാര'മായി നമുക്ക് വിശേഷിപ്പിക്കാവുന്നതാണ്. അയിത്താചരണവും അതിന്റെ ഭാഗമായി പിന്നോക്കജാതിക്കാരായുള്ള സ്ത്രീകൾ മാറ് മറയ്ക്കുന്നതിനെതിരായും മുടി പുറകുവശം കെട്ടിവയ്ക്കുന്നതിനെതിരായുമുള്ള വിലക്കുകൾ കേരളത്തിലാകെ നിലനിന്നിരുന്ന സമയത്ത് ഇത്തരം അനാചാരങ്ങൾ ഈ പ്രദേശത്ത് അനുവദിച്ചിരുന്നില്ല എന്നുമാത്രമല്ല പുറംപ്രദേശങ്ങളിൽ പോകുന്ന ആളുകൾക്ക് ഉണ്ടാകുന്ന പീഢനങ്ങൾക്കെതിരായി സംഘടിതമായി പ്രതികരിച്ചുകൊണ്ട് അനാചാരങ്ങൾക്കെതിരായ പോരാട്ടം വളരെക്കാലംമുമ്പുതന്നെ ഇവിടെയുള്ളവർ ആരംഭിച്ചിരുന്നു. ജാതീയമായ അസമത്വങ്ങൾ അറിയാതെ സ്വതന്ത്രരായി കഴിഞ്ഞിരുന്ന ഇവിടുത്തെ ജനങ്ങളിൽ ഭൂരിഭാഗവും ഈഴവസമുദായത്തിൽപ്പെട്ടവരായിരുന്നു. ഒരു ചെറിയവിഭാഗം ഹരിജൻ വിഭാഗത്തിൽപ്പെട്ടവരും, നായർ സമുദായത്തിൽപ്പെട്ടവരും, കൃസ്ത്യൻ സമുദായത്തിൽപ്പെട്ടവരും ഇവിടെയുണ്ടായിരുന്നു. പേരിനെങ്കിലും അയിത്തം നിലനിന്നിരുന്നത് വില്ലിമംഗലം ഭാഗത്ത് മാത്രമായിരുന്നു.

ഇവിടത്തെ പൂർവ്വികർ ദൈവവിശ്വാസികളായിരുന്നുവെങ്കിലും അതുമായി ബന്ധപ്പെട്ട് ഒരു സാംസ്ക്കാരികപാരമ്പര്യം ഇവിടെ അഭിവൃദ്ധിപ്പെട്ടിട്ടില്ല. നൂറ്റാണ്ടുകൾക്കുമുമ്പേ പെരുങ്ങാലംകുന്നിന്റെ മദ്ധ്യഭാഗത്ത് സ്ഥിതിചെയ്തിരുന്ന പേക്കാവും അതുമായി ബന്ധപ്പെട്ട് അവിടെ 'വൃച്ചകളി' എന്ന നാടൻ കലാരൂപം അരങ്ങേറാറുണ്ടായിരുന്നു. തെക്കേനെന്മേനിയിലുള്ള പറയർകാവും, കൺട്രാംകാണി, പട്ടംതുരുത്ത് എന്നിവിടങ്ങളിലെ മാടൻ കാവുകളും ഈ കാവുകളുമായി ബന്ധപ്പെട്ട് നടക്കാറുണ്ടായിരുന്ന കാവുത്സവങ്ങളും ഇവിടുത്തെ പൂർവ്വികരുടെ ആരാധനകളെയും സാസംക്കാരിക പാരമ്പര്യത്തേയും വിളിച്ചോതുന്നതാണ്. ഇവിടെ സീതകളിയും, കമ്പടികളിയും, വില്ലടിച്ചാൻ പാട്ടും വളരെ മനോഹരമായി അവതരിപ്പിക്കുമായിരുന്നു.

നെന്മേനിയിലുണ്ടായിരുന്ന ഒരു കാവും അതുമായി ബന്ധപ്പെട്ട് പിന്നീട് ഉയർന്നുവന്ന ഒരു പീഠപ്രതിഷ്ഠയുമാണ് ഇപ്പോഴത്തെ മുളച്ചന്തറ ദേവീക്ഷേത്രം. ഈ പ്രദേശത്ത് മുൻകാലങ്ങളിലുണ്ടായിരുന്ന ഏറ്റവും പ്രസിദ്ധമായ ഹൈന്ദവാരാധനാകേന്ദ്രമാണിത്. ഒരു കുടുംബക്ഷേത്രമായി രൂപംകൊണ്ട ഈ ആരാധനാലയം ക്രമേണ മണ്ട്രോത്തുരുത്തിലെ മുഴുവൻ ആളുകളുടേയും ആരാധനാകേന്ദ്രമായിമാറുകയാണുണ്ടായത്. ഈ ക്ഷേത്രത്തിലെ ഉത്സവത്തിലെ ഏറ്റവും പ്രധാനയിനം സമാപനദിവസം നടക്കുന്ന കുതിരയെടുപ്പാണ്. കുതിരയെടുപ്പിൽ മണ്ട്രോത്തുരുത്തിലെ മുഴുവൻ ആണുങ്ങൾക്കും മത്സരബുദ്ധിയോടെ പങ്കെടുക്കത്തക്കവിധം കുതിരയുടെ ചട്ടങ്ങൾ വിവിധകരക്കാർക്ക് വിട്ടുനൽകുമായിരുന്നു. ഈ ഉത്സവം ഇവിടുത്തെ ആളുകളുടെയിടയിൽ പരസ്പരസ്നേഹത്തിന്റെയും വൈകാരിക അടുപ്പത്തിന്റെയും വേദിയായി മാറുമായിരുന്നു.

ഇവിടെ ആദ്യമുണ്ടായ ക്രിസ്തീയ ദേവാലയം 1898 ൽ ഡച്ചുകാർ പട്ടംതുരുത്തിൽ നിർമ്മിച്ചതാണ്. പള്ളി നിർമ്മിച്ച് മതപരിവർത്തനത്തിനായുള്ള ശ്രമങ്ങൾ ക്രിസ്ത്യൻ മിഷനറിമാർ നടത്തുകയും അതുമായി ബന്ധപ്പെട്ട് കുറച്ചു കുടുംബങ്ങളെ ക്രൈസ്തവസമുദായത്തിൽ ചേർക്കുകയും ചെയ്തു. എന്നാൽ 1936 ൽ നടന്ന ക്ഷേത്രപ്രവേശനവിളംബരം വഴി ഇവർ ഹിന്ദുമതത്തിലേയ്ക്ക് തിരിച്ചുപോവുകയാണുണ്ടായത്. ഇന്നും ഈ പള്ളിയിൽ ആരാധന നടത്തുന്നതും പെരുനാൾ കഴിക്കുന്നതും ഹിന്ദുസമുദായത്തിൽപ്പെട്ടവരാണ്. പുറംപ്രദേശങ്ങളിൽ മതങ്ങൾ തമ്മിൽ കലഹിക്കുമ്പോൾ പട്ടംതുരുത്തിലെ ഈ ക്രൈസ്തവദേവാലയം മണ്ട്രോത്തുരുത്തുകാരുടെ ഐക്യബോധത്തിന്റെയും മതസൗഹാർദ്ദത്തിന്റെയും പ്രതീകമായി ഇന്നും നിലകൊള്ളുന്നു.

കലാസാംസ്ക്കാരിക സാമൂഹ്യരംഗങ്ങളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയ ഒട്ടേറെപ്പേർ ഈ നാട്ടിൽ ജീവിച്ചിരുന്നിട്ടുണ്ട്. ശ്രീ. ആര്യദേവൻ എന്ന വളരെ പ്രസിദ്ധനായ ഒരു സാഹിത്യകാരൻ ഇവിടെ ജീവിച്ചിരുന്നു. സാസംക്കാരിക രാഷ്ട്രീയപ്രവർത്തനങ്ങളിൽ വളരെ മുൻപന്തിയിൽനിന്നിരുന്ന അദ്ദേഹത്തിന്റെ നേതൃത്വത്തിൽ "ധർമ്മക്കഞ്ഞി" എന്ന അദ്ദേഹത്തിന്റെ

തന്നെ നാടകം അവതരിപ്പിച്ചിട്ടുണ്ട്. സ്റ്റേറ്റ് കോൺഗ്രസിന്റെ നെടുന്തൂണുകളായിരുന്ന സി.കേശവൻ, പട്ടംതാണുപിള്ള, ടി.എം.വർഗ്ഗീസ്, കുമ്പളത്ത് ശങ്കുപ്പിള്ള, എ.അച്യുതൻ തുടങ്ങിയ മഹാരഥന്മാരോടൊപ്പം ശ്രീ.ആര്യദേവനും ജയിൽവാസം അനുഭവിച്ചിട്ടുണ്ട്.

അതിപ്രഗത്ഭരായ രണ്ട് ചെണ്ട വിദ്വാന്മാർ ഇവിടെ ജീവിച്ചിരുന്നു. സഹോദരന്മാരായ ഇവർ കല്ലുംമൂട്ടിൽ കൊച്ചുകുഞ്ഞോതി വലിയ കുഞ്ഞോതി എന്നറിയപ്പെട്ടിരുന്നു. അവരുടെ വൈദഗ്ദ്ധ്യത്തെ വിളിച്ചോതുന്ന ഒരു കഥയും ഇവിടെ പ്രചാരത്തിലുണ്ട്. ഒരിക്കൽ കൊച്ചുകുഞ്ഞോതി കല്ലുംമൂട്ടിൽ ക്ഷേത്രത്തിൽ മത്സരക്കൊട്ട് നടത്തുമ്പോൾ തോറ്റുപോകുമെന്ന് തോന്നുകയും "കൊച്ചാട്ടോ", "കൊച്ചാട്ടോ" എന്ന് ചെണ്ടയിൽ കൊട്ടി ജ്യേഷ്ടനെ വിളിച്ചുവെന്നും പെരുമൺ കായലിന് തെക്കേക്കരയിൽ ഉറങ്ങിക്കിടന്നിരുന്ന വലിയ കുഞ്ഞോതി ഈ വിളികേൾക്കുകയും അവിടെനിന്നും ചെറുവള്ളത്തിൽ കയറി അതിവേഗം തുഴഞ്ഞുവന്ന് അനുജന്റെ കഴുത്തിൽനിന്നും ചെണ്ട ഏറ്റെടുത്ത് കൊട്ടുനടത്തി എതിരാളിയെ തോൽപ്പിച്ചുവെന്നും ചെണ്ട കൈമാറിയ സന്ദർഭത്തിൽ അനുജൻ കൊച്ചുകുഞ്ഞോതി കുഴഞ്ഞുവീണു എന്നുമാണ് കഥ.

ഈ നൂറ്റാണ്ടിനുമുമ്പുതന്നെ ഇവിടെ നാല് ഓടിവള്ളങ്ങൾ ഉണ്ടായിരുന്നുവെന്നത് മണ്ടോത്തുരുത്തിലെ പൂർവ്വികന്മാരുടെ സാംസ്ക്കാരികപാരമ്പര്യത്തെ വിളിച്ചോതുന്നു. ചെറുകാവിൽ ഓടി, കാട്ടിൽ ഓടി, പട്ടംതുരുത്ത്, പേഴംതുരുത്ത് കരക്കാരുടെ വള്ളങ്ങൾ ഇവതമ്മിലുള്ള മത്സരങ്ങളും അന്നേ പ്രചാരമായിരുന്നു. മണ്ടോത്തുരുത്തുകാരുടെ രക്തത്തിൽ അലിഞ്ഞുചേർന്നിട്ടുള്ള വള്ളംകളിയോടുള്ള ഈ അഭിനിവേശമായിരിക്കാം ഇപ്പോൾ കല്ലടയാറ്റിൽ നടക്കുന്ന ജലോത്സവത്തിന്റെ പ്രചോദനം.

മണ്ടോത്തുരുത്തിലെ ഇന്നിന്റെ സാസ്ക്കാരികചരിത്രത്തിൽ മുൻപന്തിയിൽ നിൽക്കുന്നതും ഈ പ്രദേശക്കാർക്ക് അഭിമാനപൂർവ്വം സ്മരിക്കാവുന്നതുമായ ഒന്ന് എന്ന് പറയാവുന്നത് തെക്കൻ കേരളത്തിലെ ഏറ്റവും വലിയ ജലമേളയായ കല്ലടജലോത്സവമാണ്. 28-ാം ഓണനാളിൽ നടക്കുന്ന ഈ ജലമേള നെഹ്രുട്രോഫി വള്ളംകളി കഴിഞ്ഞാൽ കേരളത്തിലെ ഏറ്റവും കൂടുതൽ കളിവള്ളങ്ങൾ പങ്കെടുക്കുന്ന ഒരു ജലമേളയാണ്. ഈ മത്സരം നടക്കുന്ന മുതിരപ്പറമ്പ് കാരുത്തറ നെട്ടായം കാണികൾക്ക് ആദ്യാവസാനം മത്സരം വീക്ഷിക്കുന്നതിനും ആവേശപൂർവ്വം അതിൽ പങ്കാളികളാകുന്നതിനും കഴിയത്തക്കവിധത്തിലുള്ള പ്രകൃതിദത്തമായ ഒരു വരദാനമാണ്. കേരളത്തിലെ മറ്റൊരു ജലമേളകൾക്കും പ്രകൃതി കനിഞ്ഞരുളിയ ഇത്തരം പ്രത്യേകത അവകാശപ്പെടാൻ കഴിയില്ല. എന്നാൽ കേരളത്തിലെ ടൂറിസം മാപ്പിൽപ്പോലും സ്ഥാനം പിടിക്കാതെ അവഗണനയുടെ പ്രതീകമായി കല്ലടയുടെ ആവേശമായി ഇത് ഇന്നും നടന്നുവരുന്നു.

അമ്പലങ്ങളിലെ ഉത്സവാഘോഷങ്ങളിൽ ഒട്ടുംതന്നെ ഈ ദ്വീപ്നിവാസികൾ പിന്നോക്കമല്ല. ഇതിന്റെ തെക്കേയറ്റത്തുള്ള പേഴുംതുരുത്ത് ഭഗവതിക്ഷേത്രത്തിൽ നടത്തിവരുന്ന അനവധി ആനകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഗജമേളയും മുളച്ചന്തറ ദേവീക്ഷേത്രത്തിലെ കുതിരകെട്ടും ഇന്ന് ഇവിടുത്തെ സാംസ്ക്കാരിക പൈതൃകം ഉയർത്തിപ്പിടിക്കുന്നതാണ്.

ഇവിടുത്തെ മുഴുവൻ ജനങ്ങൾക്കും പ്രയോജനപ്രദമാകത്തക്കരീതിയിൽ ഇന്നും ഒരു ഗ്രന്ഥശാല ഇവിടെയില്ല എന്നുതന്നെപറയാം. ഇവിടെയുണ്ടായിരുന്ന പഞ്ചായത്ത് ലൈബ്രറികളുടെ പ്രവർത്തനം നിലച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിരിക്കുകയാണ്. ഇപ്പോൾ ഇവിടെ നാല് ഗ്രന്ഥശാലകൾ മാത്രമാണ് പേരിനെങ്കിലും പ്രവർത്തിക്കുന്നത്. കൊല്ലവർഷം 1114-1115 ൽത്തന്നെ ഇവിടെ വർത്തമാനപ്പത്രവും ഗസറ്റും എത്തിയിരുന്നു. പത്രപാരായണത്തിൽ വളരെമുന്നിലാണ് ഇവിടുള്ളവർ. ശരാശരി 4.5 വീടിന് ഒരു പത്രമുണ്ട് എന്ന് കാണാവുന്നതാണ്.

പത്രപ്രചാരണം ഒറ്റനോട്ടത്തിൽ

മലയാള മനോരമ 150
മാതൃഭൂമി 90
കേരളകൗമുദി 175
ദേശാഭിമാനി 61
ഇന്ത്യൻ എക്സ്പ്രസ് 5

ഇവിടെ ഇപ്പോൾ നിലവിലുള്ള ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ ഈ നാടിന്റെ സാംസ്ക്കാരികപാരമ്പര്യം സംരക്ഷിച്ച് നിലനിർത്തത്തക്കതരത്തിലുള്ള ഒരു പ്രവർത്തനവും നടത്തുന്നുവെന്ന് പറയുവാൻ കഴിയില്ല. സാമ്പത്തിക പരാധീനതയും യുവാക്കളുടെ പങ്കാളിത്തക്കുറവും ഈ സാസ്ക്കാരികസംഘടനകളുടെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. നെഹ്രുയുവകേന്ദ്രയുടെ അംഗീകാരമുള്ള ഒരു ക്ലബ്ബും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ മിക്കക്ലബ്ബുകളും ഓണക്ലബ്ബുകളായിമാത്രം ഒതുങ്ങിയിരിക്കുകയാണ്.

യുവതലമുറയുടെ സ്വഭാവരൂപീകരണം ഉൾപ്പെടെ അവരിലെ കലാകായികവാസനകൾ വികസിപ്പിച്ചെടുക്കുന്നതിനും മൺമറഞ്ഞുപോയ നാടൻകലാരൂപങ്ങൾ പരിപോഷിപ്പിക്കുന്നതിനും സംരക്ഷിച്ചു നിലനിർത്തുന്നതിനും ഉതകുന്ന രീതിയിലുള്ള ഒരു പ്രവർത്തനം നടത്തുന്നതിലേയ്ക്ക് ഇവിടുത്തെ സാംസ്ക്കാരിക രാഷ്ട്രീയ സാമൂഹികരംഗത്ത് യുവാക്കളുടെ ഒരു ഉയർത്തെഴുന്നേൽപ്പ് അനിവാര്യമായിരിക്കുകയാണ്.

വനിതാക്ഷേമം

ഏററവും ഒടുവിൽ ലഭ്യമായ ഈ ഗ്രാമത്തിലെ ജനസംഖ്യാ കണക്കുകൾ പ്രകാരം 50.16% പുരുഷന്മാരും 49.8% സ്ത്രീകളുമാണ് ഉള്ളത് എന്നു കാണാം. ഇത് 0.8% പുരുഷന്മാർ കൂടുതലാണ് എന്നുകാണിക്കുന്നു. വിദ്യാഭ്യാസരംഗത്ത് സ്ത്രീകൾ പുരുഷന്മാരോടൊപ്പം നിൽക്കുന്നുവെങ്കിലും സാമൂഹ്യ-സാംസ്ക്കാരിക- ക്ഷേമപ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തവും നേതൃത്വപരമായ പങ്കും വളരെ കുറവാണ്. ഗൃഹവൃത്തിക്കുപുറമേ മറ്റ് കൈത്തൊഴിലുകളിൽ സ്ത്രീകൾ ധാരാളമായി പങ്കെടുക്കുന്നതും സാമൂഹ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള താൽപ്പര്യക്കുറവും ഇന്ന് നിലനിൽക്കുന്ന സാമൂഹ്യ സ്ഥിതി സ്ത്രീകളുടെ ഇത്തരം പ്രവർത്തനത്തെ നിരുത്സാഹപ്പെടുത്തുന്നതും ഇതിന് കാരണമായി ചൂണ്ടിക്കാണിക്കാവുന്നതാണ്. സ്ത്രീകൾ ഏർപ്പെട്ടിരുന്ന തൊഴിൽ മേഖലകൾ ഇന്ന് പൊതുവേ കുറഞ്ഞുവരികയാണ്. കാർഷികമേഖലയിലുണ്ടായ പിന്നോക്കംപോക്കും കയർ മേഖലയിലെ മാന്ദ്യവും സ്ത്രീകൾക്ക് അനുയോജ്യമായ തൊഴിൽ മേഖല വികസിക്കാതിരുന്നതും അദ്ധ്വാനഭാരം കൂടിയ തൊഴിലുകൾ സ്ത്രീകൾക്ക് ചെയ്യുന്നതിനുള്ള പ്രയാസവും തൊഴിൽ മേഖലയിലെ ലിംഗപരമായ വിവേചനവും ഈ മേഖലയിൽ സ്ത്രീകളുടെ പ്രശ്നങ്ങളായി കാണുന്നു.

കാർഷികമേഖലയിൽ കൂടുതൽ വികാസം സൃഷ്ടിച്ചാൽ സ്ത്രീകളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാൻ കഴിയും. പച്ചക്കറിക്കൃഷി, ഉദ്യാനക്കൃഷി, കൂൺകൃഷി എന്നിവയ്ക്ക് കൂടുതൽ സാദ്ധ്യതയുള്ളതാണ് നമ്മുടെ പ്രദേശം അതീവശ്രദ്ധയും കൃത്രിമ പരിപാലനവും എന്നാൽ അദ്ധ്വാനഭാരം കുറവുമാത്രം വേണ്ടുന്നതുമായ ഈ മേഖലകളിൽ സ്ത്രീകൾക്ക് കൂടുതൽ തിളങ്ങാൻ കഴിയും. എന്നാൽ ഇവയ്ക്ക് ആവശ്യമായ ഗുണനിലവാരമുള്ള വിത്തുകളുടെ ലഭ്യതയെ സംബന്ധിച്ചും ഇതിനുള്ള വിപണി സാധ്യതയെക്കുറിച്ചും വിലയിരുത്തേണ്ടതാണ്.

ഗാർഹികവൃത്തിയോടൊപ്പം നമ്മുടെ പ്രദേശത്തിന്റെ സാധ്യതയ്ക്കനുസൃതമായി ആട്, മാട്, കോഴി,താറാവ്, മത്സ്യം, എന്നീ കൃഷികളുടെ വികസനത്തിലൂടെ സ്ത്രീകളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാവുന്നതാണ്. ഇതിലൂടെ ആഹാരക്രമത്തിലെ പോഷകഗുണം മെച്ചപ്പെടുത്തുവാൻ കഴിയും. വീടുകളുടെ സമീപമുള്ള ചെറുതോടുകളിൽ ചെറിയ രീതിയിൽ മത്സ്യം കൃഷിചെയ്താൽ കുറഞ്ഞപക്ഷം ഓരോ കുടുംബത്തിനും ആവശ്യമായ മത്സ്യത്തിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത നേടാൻ കഴിയും.

സ്ത്രീകൾ ധാരാളമായി ഏർപ്പെട്ടിരുന്ന ഒരു പരമ്പരാഗത തൊഴിൽ മേഖലയാണ് കയർ. എന്നാൽ ഈ മേഖല വളരെ പിന്നോക്കം പോയിരിക്കുന്നു. പരമ്പരാഗത ശൈലിയിൽത്തന്നെ കയർ ഉൽപ്പാദനം നിലനിന്നുപോരുന്നതും കയർകൊണ്ട് ഉണ്ടാക്കാവുന്നതും ഉല്പന്നങ്ങളുടെ മേഖലകൾ വികസിക്കാതിരുന്നതും വിപണിയിലുണ്ടായ മറ്റ് പ്രശ്നങ്ങളും ഈ മേഖലയുടെ പിന്നോക്കംപോക്കിന് കാരണമാകാം. ഈ പ്രശ്നങ്ങൾ പരിഹരിച്ച് സ്ത്രീകളുടെ തൊഴിൽമേഖല വികസിപ്പിക്കാൻ കഴിയും.

നമ്മുടെ ഗ്രാമത്തിലെ ധാരാളം യുവതികൾ തയ്യൽ, പവർലൂ, മറ്റ് കൈത്തൊഴിലുകൾ തുടങ്ങിയവയിൽ വിദഗ്ധ പരിശീലനം ലഭിച്ചവരുണ്ട്. എന്നാൽ ഇവരുടെ കഴിവുകൾ പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ സംരംഭങ്ങൾ ഒന്നും ഉണ്ടായിട്ടില്ല. ഇത് ചെറുകിട തൊഴിൽ മേഖലയിൽ സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങളെ കുറിച്ച് ചിന്തിക്കുമ്പോൾ പ്രത്യേകം പരിഗണിക്കേണ്ടതാണ്. കരകൗശലമേഖലയും സ്ത്രീകളുടെ തൊഴിൽമേഖലയായി വികസിപ്പിക്കാവുന്നരീതിയിൽ വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്.

മത്സ്യബന്ധനത്തിലും മത്സ്യകൃഷിയിലും വളരെയേറെ പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രദേശമാണ് നമ്മുടേത്. ഇന്നിവിടെ ലഭ്യമാകുന്ന മത്സ്യങ്ങൾ പുറം പ്രദേശങ്ങളിൽ കൊണ്ടുപോയാണ് സംസ്ക്കരിക്കപ്പെടുന്നത്. പ്രാഥമികസംസ്ക്കരണമെങ്കിലും നമ്മുടെ പ്രദേശത്ത് നടത്തിയാൽ ഈ മേഖലയിൽ സ്ത്രീകൾക്ക് ധാരാളം തൊഴിൽ ലഭിക്കും. വിലക്കയറ്റത്തിന്റെ ദുരിതം ആദ്യം അനുഭവിക്കുന്നത് സ്ത്രീകളാണ്. വിലക്കയറ്റത്തെ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് വനിതാ കൺസ്യൂമർ സഹകരണസംഘങ്ങൾ രൂപീകരിക്കാവുന്നതാണ്. ഈ സഹകരണസംഘങ്ങൾ

നമ്മുടെ പ്രദേശത്തുതന്നെ ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിനുള്ള കേന്ദ്രമാക്കി മാറ്റാവുന്നതാണ്.

നമ്മുടെ ഗ്രാമത്തിലെ അധികം സ്ത്രീകളും അദ്ധ്വാനഭാരം കൂടിയ കയർമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളാണ്. അതോടൊപ്പം തന്നെ ഗൃഹവൃത്തിയിലും ഏർപ്പെടേണ്ടിയും വരുന്നു. ഇത്തരത്തിലുള്ള അമിതാദ്ധ്വാനംമൂലം സ്ത്രീകൾ ഏകദേശം 40-45 വയസ്സാകുമ്പോൾത്തന്നെ രോഗാതുരകളായിത്തീരുന്നു. പോഷകാഹാർക്കുറവും ഇതിനൊരു കാരണമായിത്തീരുന്നു.

നമ്മുടെ പഞ്ചായത്തിലുള്ള സാമൂഹ്യപ്രശ്നങ്ങളിൽ വളരെ പ്രധാനപ്പെട്ടത് സ്ത്രീധനപ്രശ്നമാണ്. ഇതിന്റെ ദോഷവശങ്ങൾ ഉൾക്കൊണ്ട് ഇതിനെതിരെയുള്ള സാമൂഹ്യപ്രവർത്തനങ്ങൾ നടക്കുന്നുമില്ല. അതുകൊണ്ട് ഈ പ്രശ്നം വളരെ ഗൗരവമായി ചർച്ചചെയ്യേണ്ടിയിരിക്കുന്നു.

ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെയും മറ്റ് പൈങ്കിളി സാഹിത്യങ്ങളുടെ പ്രചാരകരായ മാധ്യമങ്ങളുടെയും പ്രവർത്തനങ്ങൾ നമ്മുടെ യുവതികളിൽ തെറ്റായ സാംസ്ക്കാരിക അവബോധം സൃഷ്ടിക്കുന്നു. ഇതിനെതിരായ പ്രചാരണപ്രവർത്തനങ്ങൾ നാം ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

പുരുഷന്മാരുടെ മദ്യപാനത്തിന്റെ ദുരിതം അനുഭവിക്കുന്നത് സ്ത്രീകളാണ്. വിവിധതരത്തിലുള്ള അദ്ധ്വാനങ്ങൾക്കുശേഷം അവൾ അല്പം വിശ്രമം ആഗ്രഹിക്കുന്ന സമയത്താണ് മദ്യപിച്ച പുരുഷനിൽനിന്നുള്ള പീഢനങ്ങൾക്ക് വിധേയയാകുന്നത്. കുടുംബഭദ്രത തകർക്കുന്ന പുരുഷന്മാരുടെ ഈ ശീലം ഇല്ലാതാക്കുന്നതിന് സ്ത്രീ പങ്കാളിത്തം ഉറപ്പാക്കിയ സാമൂഹ്യപ്രസ്ഥാനം ഉയർന്നുവരേണ്ടിയിരിക്കുന്നു.

ഒരു മനുഷ്യന്റെ സ്വഭാവരൂപീകരണത്തിൽ ഏറ്റവും ശ്രദ്ധിക്കേണ്ടത് ശൈശവദശയിലാണ്. അങ്ങനെ വരുമ്പോൾ അംഗനവാടികളുടെ ഇന്നത്തെ ശോച്യാവസ്ഥയ്ക്ക് അടിയന്തിരപ്രാധാന്യം നൽകി പരിഗണിക്കേണ്ടതാണ്.

വനിതാ സംഘടനകൾ നിലവിലുണ്ടെങ്കിൽപ്പോലും സ്ത്രീപങ്കാളിത്തം കുറവായതിനാൽ ക്രിയാത്മകമായരീതിയിൽ തൃപ്തികരമായ പ്രവർത്തനം നടക്കുന്നില്ല. ഇത്തരം സംഘടനകളിലൂടെ സ്ത്രീകൾ മുന്നോട്ടുവരികയും ഇവയുടെ പ്രവർത്തനങ്ങളിലൂടെ ഇന്ന് അനുഭവിക്കുന്ന ഇരട്ട ചൂഷണത്തിൽനിന്നും മോചനത്തിനുവേണ്ടി പ്രവർത്തിക്കാവുന്നതാണ്.

സഹകരണ മേഖല

സഹകരണപ്രസ്ഥാനത്തിന്റെ പിതാവ് റോബർട്ട് ഓവൻ ആണ്. 1844 ഡിസംബർ 21 ന് 28 നെയ്ത്ത് തൊഴിലാളികൾ റേയ്ച്ച്ഡേയിൽ സംഘടിപ്പിച്ച കൺസ്യൂമർ സ്റ്റോറാണ് ലോകത്തിലെ ആദ്യത്തെ സഹകരണസ്ഥാപനം.

1904ൽ ഇംപീരിയൽ ലജിസ്ലേറ്റീവ് കൗൺസിൽ പാസ്സാക്കിയ നിയമമാണ് ഇന്ത്യയിലെ ആദ്യത്തെ സഹകരണനിയമം. നോൺ ക്രെഡിറ്റ് സൊസൈറ്റികളും കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും രൂപീകരിക്കാൻ വ്യവസ്ഥചെയ്യുന്ന കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് 1912 ൽ നിലവിൽ വന്നു. ഈ നിയമമാണ് ഇന്നത്തെ സഹകരണനിയമങ്ങൾക്ക് അടിത്തറ പാകിയത്. 1956-ൽ ഭാഷാടിസ്ഥാനത്തിൽ കേരളസംസ്ഥാനം രൂപീകരിച്ചെങ്കിലും കേരളത്തിന് ആകെ ബാധകമായ നിയമം പാസായത് 14-5-1969ലാണ്. 14-7-1969 ലെ സഹകരണചട്ടങ്ങൾ ഉണ്ടായതോടുകൂടി സഹകരണനിയമം നടപ്പിൽവന്നു. 1969-ലെ ആക്ടാണ് ഇന്ന് സംസ്ഥാനമൊട്ടാകെ സഹകരണസംഘങ്ങൾക്ക് ബാധകമായുള്ളത്.

നമ്മുടെ പഞ്ചായത്തിൽ സഹകരണമേഖലയിൽ ആദ്യമായി സഹകരണസ്ഥാപനമുണ്ടാകുന്നത് പരമ്പരാഗത വ്യവസായമായ കയർ മേഖലയിലാണ്. നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ സഹകരണപ്രസ്ഥാനം മുതിർപ്പറമ്പിൽ 6-ാം നമ്പർ കയർ വ്യവസായ സഹകരണസംഘമാണ് അതിനുശേഷം 1956ൽ ആരംഭിച്ച മണ്ടോത്തുരുത്ത് സർവ്വീസ് സഹകരണ ബാങ്കും പേഴും തുരുത്ത് കയർ വ്യവസായ സഹകരണസംഘവുമാണ്. രണ്ടാമതായി നിലവിൽവന്ന സഹകരണസ്ഥാപനങ്ങൾ. ഇപ്പോൾ ഈ പ്രദേശത്ത് ഒരു സർവ്വീസ് സഹകരണ ബാങ്കും 7 കയർവ്യവസായ സഹകരണ സംഘങ്ങളും 3 ക്ഷീരോത്പാദക സഹകരണസംഘങ്ങളും ഒരു വനിതാ കൺസ്യൂമർ സഹകരണസംഘവും ഒരു സെറി കൾച്ചറൽ സൊസൈറ്റിയും ഒരു ഹരിജൻ സഹകരണസംഘവുമാണ് നിലവിലുള്ളത്. ഈ പഞ്ചായത്തിലെ ആകെ 75% ആൾക്കാരും സർവ്വീസ് സഹകരണ ബാങ്കിലെ അംഗങ്ങളാണ്. ഏകദേശം 7631 പേർ ഈ ബാങ്കിൽ അംഗങ്ങളായിട്ടുണ്ട്. ക്രെഡിറ്റ് മേഖലയിൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക ബാങ്കാണ് മണ്ടോത്തുരുത്ത് സർവ്വീസ് സഹകരണ ബാങ്ക്.

മണ്ടോത്തുരുത്ത് സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം നമ്പർ 3977)

ഈ പ്രദേശത്ത് പ്രവർത്തിക്കുന്ന ഏക വായ്പാ സഹകരണസ്ഥാപനമാണ് മണ്ടോത്തുരുത്ത് സർവ്വീസ് സഹകരണ ബാങ്ക്. ഇതിന്റെ പ്രവർത്തന പരിധി മണ്ടോത്തുരുത്ത് ഗ്രാമപഞ്ചായത്ത് പ്രദേശമാണ്. ഈ പഞ്ചായത്തിലെ 85% കുടുംബങ്ങളിലെ അംഗങ്ങൾ ഈ സ്ഥാപനത്തിൽ സഹകാരികളായിട്ടുണ്ട്. ഈ സ്ഥാപനത്തിൽനിന്നും കർഷകർക്ക് ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല കാർഷികവായ്പകളും, സ്വന്തം ഫണ്ട് വായ്പകൾ കാർഷികേതരവായ്പകൾ, സ്വർണ്ണപ്പണയവായ്പകൾ IRDP വായ്പകൾ എന്നിവ നൽകിവരുന്നു. എന്നാൽ വായ്പകൾ വിതരണം നടത്തുന്നതിന് ജില്ലാ ബാങ്കിനെ ആശ്രയിക്കുന്ന സ്ഥിതിയാണുള്ളത്. നിക്ഷേപത്തോത് വർദ്ധിച്ചാൽ മാത്രമേ യഥേഷ്ടം വായ്പകൾ സഹകാരികൾക്ക് നൽകാൻ കഴിയുകയുള്ളൂ. പഞ്ചായത്തിന്റെയും പഞ്ചായത്ത് പ്രദേശത്തുള്ള ഇതരസ്ഥാപനങ്ങളുടെയും ഫണ്ട് ഈ ബാങ്കിൽ നിക്ഷേപിച്ചാൽ വായ്പാ വിതരണം കുറച്ചുകൂടി മെച്ചപ്പെടുത്തി ബാങ്കിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുവാൻ കഴിയും.

ഇപ്പോഴുള്ള വായ്പാ വിതരണസംവിധാനത്തിൽ 2000 രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് രജിസ്ട്രാർ ആഫീസിൽ പോയി ബോണ്ട് രജിസ്റ്റർ ചെയ്തെങ്കിലേ വായ്പകൾ നൽകുന്നതിന് സാധിക്കുകയുള്ളൂ കാർഷിക വായ്പാ വിതരണം നടത്തുന്നത് 10 സെന്റിന് മുകളിൽ ഭൂമിയുള്ളവർക്ക് മാത്രമാണ്. എന്നാൽ 10 സെന്റിന് താഴെ ഭൂമിയുള്ള ആൾക്കാരാണ് ബഹുഭൂരിപക്ഷവും ഇവിടെ അംഗങ്ങളായുള്ളത്. കാർഷിക വായ്പാ വിതരണം നടത്തുമ്പോൾ കാർഷികമേഖലയിലെ ഉൽപ്പാദനച്ചെലവും, ഉൽപ്പാദനക്ഷമതയും പരിഗണിച്ച് കാർഷിക വായ്പാ തോത് ഇന്നുള്ളതിൽനിന്നും ഉയർത്തേണ്ടിയിരിക്കുന്നു. നല്ലൊരു ശതമാനം വിദേശമലയാളികളുള്ള

ഈ പ്രദേശത്ത് വിദേശമലയാളികളുടെ നിക്ഷേപങ്ങളൊന്നും തന്നെ ഈ ബാങ്കിൽ ലഭിക്കുന്നില്ല. NRI അക്കൗണ്ടുകൾ സർവ്വീസ് സഹകരണബാങ്കുകൾ വഴി തുടങ്ങുന്നതിനുള്ള സമ്പ്രദായം നടപ്പിൽവരുത്തിയാൽ അതുവഴി ലഭിക്കുന്ന നിക്ഷേപം വർദ്ധിപ്പിക്കുവാൻ കഴിയും. ഇതുമുഖേന നിലവിലുള്ള വായ്പാവിതരണം ശക്തിപ്പെടുത്താവുന്നതുമാണ്.

കയർ സഹകരണ സംഘങ്ങൾ

ഈ പ്രദേശത്തെ പരമ്പരാഗത വ്യവസായമേഖലയിൽ സഹകരണപ്രസ്ഥാനം ആദ്യമായി ആരംഭിച്ചത് കയർ മേഖലയിലാണ്. ഈ പ്രദേശത്തെ 65% ആളുകളും കയർമേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നു. അതിൽത്തന്നെ 4650 പേർ കയർ സഹകരണ സംഘങ്ങളിലെ അംഗങ്ങളാണ്. മുതിരപ്പറമ്പ് 6-ാം നമ്പർ കയർ സഹകരണസംഘമാണ് ആദ്യമായി ഈ പ്രദേശത്ത് ആരംഭിച്ച കയർ സഹകരണസംഘം. അതിനുശേഷം 1956 ൽ ആരംഭിച്ച പേഴുംതുരുത്ത് 163-ാം നമ്പർ കയർ വ്യവസായ സഹകരണസംഘമാണ് രണ്ടാമത് നിലവിൽവന്നത്. അതിനുശേഷം നിലവിൽവന്ന സംഘം പെരുങ്ങാലം 301-ാം നമ്പർ കയർ വ്യവസായ സഹകരണസംഘമാണ്. കയർ പുനഃസംഘടനാ സ്ക്കീമിൽ 1975ന് ശേഷം നിലവിൽവന്ന സംഘങ്ങളാണ് പട്ടംതുരുത്ത് ക്യു. 640, കണ്ടാംകാണി ക്യു. 628, നെന്മേനി തെക്ക് ക്യു. 630, കിടപ്രം എന്നിവയാണ് മറ്റ് കയർ സഹകരണസംഘങ്ങൾ.

ആദ്യകാലസംഘങ്ങളായ മുതിരപ്പറമ്പ് പേഴുംതുരുത്ത്, പെരുങ്ങാലം എന്നിവ. യൂണിറ്റ് സമ്പ്രദായത്തിൽ കയർ ഉൽപ്പാദനം നടത്തിയിരുന്ന സഹകരണസംഘങ്ങളാണ്. കയർ പുനഃസംഘടനാ സംഘങ്ങൾ നിലവിൽവന്നതിനുശേഷം ഈ മേഖലയിലെ ആദ്യകാലസംഘങ്ങളും തുടർന്ന് നിലവിൽവന്ന സംഘങ്ങളും നേരിട്ട് കയർ ഉൽപ്പാദിപ്പിക്കുന്ന സംഘങ്ങളായി മാറി. ഈ സംഘങ്ങളിൽ എല്ലാംകൂടി ഇപ്പോൾ 750ഓളം തൊഴിലാളികൾക്ക് നേരിട്ട് തൊഴിൽ കൊടുക്കുന്നുണ്ട്. നമ്മുടെ മേഖലയിൽ പ്രധാനമായി ഉൽപ്പാദിപ്പിക്കുന്നത്. "മങ്ങാടൻ" ഇനത്തിൽപ്പെട്ട കയറാണ്. ഇപ്പോൾ ഈ മേഖലയിലെ കയർ ഉൽപ്പാദനം പൊള്ളാച്ചിയിൽനിന്നും വരുന്ന ചകിരിയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. കയർ വ്യവസായ സഹകരണസംഘങ്ങൾ സഹകരണനിയമത്തിന്റെ പരിധിയിലാണ് വരുന്നതെങ്കിലും വ്യവസായ വകുപ്പിന്റെ കീഴിലുള്ള കയർ വികസനവകുപ്പിന്റെ നിയന്ത്രണങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായാണ് പ്രവർത്തിക്കുന്നത്.

തൊണ്ടിന്റെ ലഭ്യതക്കുറവ്, അഴുക്കൽ, മൂടൽ എന്നീ തൊഴിലുകളിൽ ഏർപ്പെടുന്ന തൊഴിലാളികളുടെ ദൗർല്ലഭ്യം, സാമൂഹ്യചുറ്റുപാടുകൾ എന്നിവ ഈ മേഖലയിൽ തൊണ്ടഴുക്കൽ വളരെ കുറയുവാനിടയായിട്ടുണ്ട്. തൊണ്ടിന്റെ ലെവി സമ്പ്രദായം എടുത്തുകളഞ്ഞതിനുശേഷം നിയന്ത്രിതവിലയ്ക്ക് തൊണ്ടോ, ചകിരിയോ, ലഭിക്കുന്ന സാഹചര്യം നിലവിലില്ല. തൊണ്ടഴുക്കൽ കുറഞ്ഞതിന്റെ ഫലമായി ഗുണമേന്മയുള്ള കയറിന്റെ ഉൽപ്പാദനം കുറയുകയും ചെയ്തിട്ടുണ്ട്. ഈ പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറ് (പേഴും തുരുത്ത്, പട്ടംതുരുത്ത്, കണ്ടാംകാണി, പെരുങ്ങാലം) തെക്കുകിഴക്ക് (നെന്മേനി തെക്ക്, വില്ലിമംഗലം) എന്നിവ പ്രധാനപ്പെട്ട കയർ ഉൽപ്പാദന മേഖലകളാണ്. ഈ മേഖലകളിലാണ് കയർ സഹകരണസംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നത്. കയർ പുനഃസംഘടനാകാലത്ത് 5.10 രൂപ ലഭിച്ചിരുന്ന സ്ഥാനത്ത് ഇന്ന് 36.00 രൂപ കൂലിയിനത്തിൽ കയർ പിരിപ്പ് തൊഴിലാളിക്ക് ലഭിച്ചുവരുന്നു. ഇത് സാധിച്ചത് കയർ സംഘങ്ങളുടെയും, സംഘടിത ട്രേഡ് യൂണിയനുകളുടെയും പ്രവർത്തന ഫലമായാണ്. ഈ മേഖലയിൽ കയർ സംഘങ്ങൾ 100-180 ദിവസംവരെ തൊഴിൽ ദിനങ്ങൾ പ്രദാനം ചെയ്യുന്നുണ്ട്.

കയർ സംഘങ്ങളുടെ പ്രവർത്തനത്തെ ആശ്രയിച്ചാണ് പല തൊഴിലാളി കുടുംബങ്ങളുടെയും ജീവിതനിലവാരം പലപ്പോഴും മെച്ചപ്പെട്ടിട്ടുള്ളത്. ഈ മേഖലയിലെ കയർ സംഘങ്ങളെല്ലാംതന്നെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഉൽപ്പാദനച്ചെലവിലുള്ള വർദ്ധനവും പ്രവർത്തനച്ചെലവും ആനുപാതികമായി ഉൽപ്പന്നവിലയിൽ വർദ്ധനവുണ്ടാകാത്തതും അസംസ്ക്യതവസ്തുക്കളായ തൊണ്ടിന്റെയും, ചകിരിയുടെയും വിലയിലുണ്ടാകുന്ന വർദ്ധനവും ഉൽപ്പന്ന വിപണന മാന്ദ്യവും ഈ വ്യവസായത്തിൽ സഹകരണസംഘങ്ങൾ നേരിടുന്ന പ്രതിസന്ധികളാണ്. മറ്റ് കയർ മേഖലയിലെ സഹകരണസംഘങ്ങളെ അപേക്ഷിച്ച് ഈ മേഖലയിലെ കയർ വ്യവസായ സഹകരണ സംഘങ്ങൾക്ക് ഉൽപ്പന്നം വിപണനകേന്ദ്രത്തിലെത്തിക്കുന്നതിന് അധികച്ചെലവ് നേരിടുന്നുണ്ട്. ഇതും പ്രതിസ്ധിക്ക് കാരണമാണ്. ഈ മേഖലയിൽ ചെറുകിട കയർ ഉൽപ്പാദകർക്ക് ഗണ്യമായ സ്വാധീനമാണുള്ളത്. ഈ മേഖലയിലെ കയർ സംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കണമെങ്കിൽ റാട്ടിന്റെ അടിസ്ഥാനത്തിൽ തൊണ്ടോ ചകിരിയോ ലഭ്യമാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയും അവശ്യമായ മൂലധനം നൽകുകയും ഇപ്പോൾ വരെയുള്ള എല്ലാ സംഘങ്ങളുടെയും പ്രവർത്തന നഷ്ടം ഗ്രാന്റായി നൽകിയും കയർ സഹകരണസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താവുന്നതാണ്. ഈ മേഖലയിൽ ഉൽപ്പാ

ദിപ്പിക്കുന്ന കയർ നേരിട്ട് ശേഖരിക്കുന്നതിനോ മെച്ചപ്പെട്ട വില നൽകുന്നതിനോ സംവിധാനമില്ല. അതിനാൽ ഈ പ്രവർത്തനനഷ്ടമായ കയർ സംഘങ്ങളോടുചേർന്ന് കയർ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കുകയും ഇവ നേരിട്ട് സംഭരിച്ച് വിതരണം നടത്തുന്നതിന് കയർ മാർക്കറ്റിംഗ് ഫെഡറേഷന്റെ ഒരു റീജിയണൽ ഡിപ്പോ മണ്ടോത്തുരുത്ത് കേന്ദ്രീകരിച്ച് ആരംഭിക്കേണ്ടിയിരിക്കുന്നു. തൊണ്ടിന്റെ ഉപോൽപ്പന്നമായ ചകിരിച്ചോറ് ഉപയോഗിച്ച് വളം നിർമ്മിച്ച് വിതരണം ചെയ്യുന്നതിനുള്ള ഒരു കേന്ദ്രവും ആരംഭിക്കേണ്ടതാണ്. കയർ സഹകരണമേഖലയിലെ തൊഴിൽദിനങ്ങൾ വർദ്ധിച്ചെങ്കിൽ മാത്രമേ ഈ മേഖലയിലെ തൊഴിലാളി കുടുംബങ്ങൾക്ക് ആശ്വാസമുണ്ടാവുകയുള്ളൂ.

ക്ഷീരോൽപ്പാദക സഹകരണസംഘം

ക്ഷീരോൽപ്പാദനമേഖലയിൽ ഈ പ്രദേശത്ത് പെരുങ്ങാലം ക്ഷീരോൽപ്പാദക സഹകരണസംഘം ക്യു.-72 (D), കണ്ടാംകാണി ക്ഷീരോൽപ്പാദക സഹകരണസംഘം ക്യു.-80 (D) പട്ടംതുരുത്ത് ക്ഷീരോൽപ്പാദക സഹകരണസംഘം ക്യു.-83 (D) എന്നിവയാണ് നിലവിലുള്ളത്. ഇവയിൽ പെരുങ്ങാലം ക്ഷീരോൽപ്പാദക സഹകരണസംഘം മിൽമയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളതാണ്. ടി സംഘത്തിലൂടെ 30,000 ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. ക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾക്ക് ലാഭകരമായി പ്രവർത്തിക്കാൻ പറ്റിയ സാഹചര്യമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്.

എന്നാൽ ഉൽപ്പാദിപ്പിച്ച പാൽ വിതരണം നടത്തുന്നതിനുള്ള സൗകര്യമില്ല. ഗതാഗതസൗകര്യത്തിന്റെ അപര്യാപ്തത ഉൽപ്പാദിപ്പിക്കുന്ന പാൽ വിതരണം ചെയ്യുന്നതിന് തടസ്സമായി നിൽക്കുന്നു. പ്രദേശത്ത് വിതരണം ചെയ്തതിനുശേഷം അധികം വരുന്ന പാൽ മിൽമയിൽ എത്തിക്കുന്നതിനുള്ള ഗതാഗതസൗകര്യമില്ലാത്തത് ഈ മേഖലയിലെ പ്രതിസന്ധിക്ക് കാരണമാണ്.

പ്രവർത്തനം മന്ദീഭവിച്ചുകിടക്കുന്ന സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നമ്മുടെ പ്രദേശത്തെ പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിലേയ്ക്കും സങ്കരയിനം കന്നുകാലികളെ സംഘാംഗങ്ങളായ കർഷകർക്ക് വിതരണം ചെയ്യണം. കന്നുകാലികളുടെ സംരക്ഷണത്തിനായി കന്നുകാലി പുരകൾ കെട്ടാനുള്ള സബ്സിഡി സഹകരണസ്ഥാപനങ്ങൾ മുഖാന്തിരം വിതരണം ചെയ്യുകയും കന്നുകാലിത്തീറ്റ ലഭിക്കുന്നതിലേയ്ക്ക് ആവശ്യമാ സംവിധാനം ഏർപ്പെടുത്തിയും തരിശ്ശുഭൂമിയിൽ പുൽ വളർത്തി കന്നുകാലി തീറ്റ ഉൽപ്പാദിപ്പിച്ചും കന്നുകാലികളുടെ എണ്ണം നിലവിലുള്ളതിന്റെ 100% വർദ്ധിപ്പിക്കുന്നതിന് സാധിച്ചാൽ പാൽ ഉൽപ്പാദനത്തിൽ നമുക്ക് മിച്ച പ്രദേശമായി മാറാൻ കഴിയും.

കന്നുകാലികളുടെ ആരോഗ്യപരിപാലനത്തിനായി പട്ടംതുരുത്തിലും, പെരുങ്ങാലത്തും ഓരോ വെറ്റിനറി സബ്സെന്ററുകൾ സ്ഥാപിച്ച് കന്നുകാലി കൃഷിയെ പ്രോത്സാഹിപ്പിക്കാവുന്നതാണ്. സഹകരണാടിസ്ഥാനത്തിൽ സംഭരിക്കുന്ന പാൽ സംസ്ക്കരിക്കുന്നതിനുള്ള ഒരു കേന്ദ്രം പഞ്ചായത്തിലുണ്ടാകേണ്ടത് അത്യാവശ്യമാണ്.

ഹരിജൻ സർവ്വീസ് സഹകരണസംഘം

ഈ പഞ്ചായത്തിൽ ഒരു ഹരിജൻ സർവ്വീസ് സഹകരണസംഘമുണ്ട്. പ്രദേശത്തെ എല്ലാ ഹരിജൻ കുടുംബത്തിന്റെയും പ്രാതിനിധ്യം ഇല്ല എന്നത് ഒരു പോരായ്മയായി നിലനിൽക്കുന്നു. ഏകദേശം 100 ഓളം അംഗങ്ങൾക്ക് ഈ സ്ഥാപനംവഴി വായ്പ കൊടുത്തിട്ടുണ്ട്. ഇപ്പോൾ ഇതിന്റെ പ്രവർത്തനം ഇല്ല എന്നു തന്നെ പറയാം. കൂടുതൽ ഹരിജൻ കുടുംബങ്ങളിൽനിന്നും അംഗങ്ങളെ ഈ സംഘത്തിൽ അംഗങ്ങളാക്കുകയും ശക്തമായ ഒരു മാനേജ്മെന്റ് ഉണ്ടാക്കുകയും ചെയ്താൽ കാര്യക്ഷമമായി ഈ സംഘത്തിന് പ്രവർത്തിക്കാൻ കഴിയും.

ഈ പ്രദേശത്ത് സഹകരണമേഖലയെ കക്കാവാരൽ തൊഴിലാളി സഹകരണസംഘങ്ങളും കേരകർഷകർഷകർ അംഗങ്ങളായുള്ള കേരകർഷക സഹകരണസംഘങ്ങളും രൂപീകരിച്ച് പ്രവർത്തിച്ചാൽ ഏറെക്കുറെ സാമ്പത്തികനേട്ടം ആ മേഖലയിലും ഉണ്ടാക്കാൻ സാധിക്കും.

സാധ്യതകൾ

* പഞ്ചായത്തിന്റെയും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഇതരസ്ഥാപനങ്ങളുടെ ഫണ്ട് സഹകരണ ബാങ്കിൽ നിക്ഷേപിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടതുണ്ട്.

* കാർഷികവായ്പകൾ നാമമാത്രകർഷകർക്കുകൂടി ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.

* കാർഷികവായ്പകൾ അനുവദിക്കുമ്പോൾ കൃഷിച്ചെലവുകൾ കാലികമായി വിലയിരുത്തുന്നതിന് സംവിധാനങ്ങൾ ഉണ്ടാകണം.

* 10,000 രൂപവരെ വായ്പ അനുവദിക്കുമ്പോൾ രജിസ്റ്റർ കച്ചേരിയിൽ ബോണ്ട് രജിസ്റ്റർ ചെയ്യണം എന്ന നിബന്ധന ഒഴിവാക്കാൻ ശ്രദ്ധിക്കണം.

* NRI അക്കൗണ്ടുകൾ സഹകരണ ബാങ്കിൽ തുറക്കാൻ നടപടികൾ സ്വീകരിക്കുക.

* ശാസ്ത്രീയ തൊണ്ട് സംസ്ക്കരണ രീതികൾ പ്രചാരത്തിൽ കൊണ്ടുവരിക.

* കയർ സഹകരണസംഘങ്ങ

ളുടെ ഇന്നുവരെയുള്ള പ്രവർത്തന നഷ്ടം ഗ്രാന്റായി നൽകുന്നതിന് ഗവൺമെന്റ് തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. കയർ സഹകരണസംഘങ്ങളോട് ചേർന്ന് കയറുൽപ്പന്ന യൂണിറ്റുകൾ ആരംഭിക്കുകയും സഹകരണസംഘങ്ങളുടെ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിന് കയർ മാർക്കറ്റിംഗ് ഫെഡറേഷന്റെ ഒരു റീജിയണൽ ഡിപ്പോ മൺറോത്തുരുത്തിൽ ആരംഭിക്കുകയും ചെയ്യണം.

* ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾക്കുവേണ്ടിവരുന്ന അധിക പ്രവർത്തനച്ചെലവ് നേരിടുന്നതിന് ഗ്രാന്റ് അനുവദിക്കുക. ക്ഷീരോൽപ്പാദകസഹകരണസംഘങ്ങൾക്ക് കുറഞ്ഞത് 50,000 രൂപയെങ്കിലും പ്രവർത്തനമൂലധനമായി നൽകുക.

* ഹരിജൻസർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനമേഖലകൾ വിപുലീകരിക്കുകയും നല്ല ഒരു മാനേജ്മെന്റ് ഉണ്ടാക്കുകയും ചെയ്യുക.

* മറ്റ് സംഘടിത മേഖലകളിലെ കർഷകരെയും തൊഴിലാളികളെയും അതത് മേഖലകളിലായി സഹകരണസംഘങ്ങൾ രൂപീകരിച്ച് ക്ഷേമപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് സജ്ജരാക്കേണ്ടതാണ്.

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

ഈ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 12.76% പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. ഏകദേശം 270ഓളം കുടുംബങ്ങൾ ഈ പഞ്ചായത്തിൽ അധിവസിക്കുന്നുണ്ട്. പേഴും തുരുത്ത് വാർഡ് ഒഴികെയുള്ള മറ്റ് 7 വാർഡുകളിലുമായി 13 കോളനികൾ ആണ് ഇവിടെയുള്ളത്. ഇതിൽ പട്ടം തുരുത്തിൽ ഒരു IHDP കോളനിയും മറ്റു വാർഡുകളിലായി ചാലപ്പുറം, പുല്ലന്തറ, മൂന്നുമുക്കിൽ, ചെറുകാവിൽക്കാട്ടിൽ, കുണ്ടറവയലിൽ, മണപ്പുറത്ത്, മാതിരംപള്ളിൽ എന്നീ ഹരിജൻ കോളനികളും കൂടാതെ, 5ഓളം പട്ടികജാതി സങ്കേതങ്ങളും ഉൾപ്പെടുന്നു.

പട്ടികജാതി ജനസഖ്യ

അവലംബം 1987 സെൻസസ്

വാ.ന.	ആൺ	പെൺ	ആകെ
1	63	94	157
2	95	95	190
3	84	86	170
4	100	111	211
5	209	174	383
6	24	27	51
7	103	101	204
8	67	63	130
ആകെ	745	751	1490

ഈ പഞ്ചായത്തിലെ പട്ടികവിഭാഗത്തിൽ 5നും 10 നും ഇടയ്ക്ക് വയസ്സുള്ള കുട്ടികളിൽ 147 പേരും വിദ്യാലയങ്ങളിൽ സ്ഥിരമായി പോകുന്നവരാണ്. ഇവരിൽ ഏതാണ്ട് 15% കുട്ടികൾ പ്രതീക്ഷിത വിദ്യാഭ്യാസ ശരാശരിയ്ക്ക് മുകളിലാണ്. മാത്രവുമല്ല, സാക്ഷരതാപ്രവർത്തനംവഴി ഈ വിഭാഗത്തിലെ മുഴുവൻ നിരക്ഷരരെയും സാക്ഷരരാക്കാനും സാധിച്ചു. വിദ്യാഭ്യാസ- ആരോഗ്യമേഖലകളിൽ പറയത്തക്ക ജാതിവ്യത്യാസം ഈ പഞ്ചായത്തിൽ ഇല്ല എന്നുതന്നെ പറയാം. ഉന്നതവിദ്യാഭ്യാസം നേടിയവരും ഔദ്യോഗികതലങ്ങളും സാങ്കേതികരംഗങ്ങളിലും ഉയർന്ന സ്ഥാനം വഹിക്കുന്നവരുമായ ഒരുവിഭാഗം പട്ടികജാതിക്കാർ ഈ പഞ്ചായത്തിലുണ്ട് എന്നാൽ സാമ്പത്തികവും സാമൂഹികവുമായി ഇപ്പോഴും പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളാണ് ഭൂരിപക്ഷവും.

ഈ വിഭാഗത്തിൽപ്പെട്ടവർ കൂടുതലായി ഏർപ്പെട്ടത് കാർഷിക കയർ മേഖലകളിലായിരുന്നു. കാർഷിക മേഖലയിൽ ഏറ്റവും കൂടുതൽ തൊഴിൽദിനങ്ങൾ സംഭാവനചെയ്തിരുന്ന നെൽക്കൃഷി നാമാവശേഷമായതുകൊണ്ടും കയർ മേഖലയിൽ ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന മാന്ദ്യവും ഇവരുടെ വരുമാനമാർഗ്ഗങ്ങളെ പ്രതിസന്ധിയിലെത്തിച്ചിരിക്കുകയാണ്. കൂടാതെ, ഉന്നതവിദ്യാഭ്യാസം നേടിയ ഈ വിഭാഗത്തിൽപ്പെട്ടവരുടെ ഇടയിലും രൂക്ഷമായ തൊഴിലില്ലായ്മ നിലനിൽക്കുന്നു.

സമൂഹത്തിലെ മറ്റ് എല്ലാ വിഭാഗം കുടുംബങ്ങളിലും നടക്കുന്ന ചടങ്ങുകളിൽ പട്ടികജാതി കുടുംബങ്ങളിൽപ്പെട്ടവരെ ക്ഷണിക്കുകയും ആദരിക്കുകയും ചെയ്യുന്ന രീതി ഈ പഞ്ചായത്തിൽ നിലനിൽക്കുന്ന ഒരു സവിശേഷതയാണ്. കൂടാതെ, പട്ടികജാതിക്കാരുടെ ചടങ്ങുകളിൽ മറ്റുവിഭാഗം ജനങ്ങളും ജാതിവ്യത്യാസമില്ലാതെ പങ്കെടുക്കുന്നുണ്ട്. എന്നാൽ സാമൂഹ്യരാഷ്ട്രീയരംഗങ്ങളിൽ നേതൃത്വപരമായ പങ്കാളിത്തം ഇനിയും വേണ്ടരീതിയിൽ ഉണ്ടായിട്ടുണ്ടോ എന്നത് ഇനിയും പരിശോധിക്കേണ്ടിയിരിക്കുന്നു. സാസ്ക്കാരികരംഗങ്ങളിൽ ഈ വിഭാഗക്കാർക്കുണ്ടായിട്ടുള്ള കഴിവുകൾ പരിപോഷിപ്പിക്കപ്പെടാതെ നശിച്ചുപോകുന്നത് നമ്മുടെ സാംസ്ക്കാരികപൈതൃകത്തിലുണ്ടാകുന്ന ഒരു തീരാനഷ്ടമാണ്. ഈ പഞ്ചായത്തിലെ പട്ടികജാതിയിൽപ്പെട്ട 90% കുടുംബങ്ങളും സ്വന്തമായി വീടുള്ളവരാണ്. എന്നാൽ ശേഷിക്കുന്നവർ സ്വന്തമായി വീടോ ഭൂമിയോ ഇല്ലാത്തവരാണ്. ഇവരിൽ ഏറിയകൂറും കുടികിടപ്പായി കിട്ടിയ സ്ഥലത്ത് ഭവനനിർമ്മാണത്തിനായി ബാങ്കുകളും മറ്റും നൽകിയ സഹായം വേണ്ടരീതിയിൽ വിനിയോഗിക്കാത്തതിനാൽ ഇപ്പോഴും വീടോ ഭൂമിയുടെ രേഖയോ ഇല്ലാത്ത അവസ്ഥയിലുള്ളവരാണ്. ഇതിന്റെ വിനിയോഗത്തിൽ വേണ്ടത്ര അവബോധം ഈ വിഭാഗക്കാർക്ക് നൽകാൻ കഴിയാതിരുന്നതാണ് ഇതിനുകാരണം.

സാധ്യതകൾ

* ഹരിജൻകോളനികൾ ഭൂരിപക്ഷവും ചതുപ്പ് പ്രദേശങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. ബാക്കി എല്ലാഭാഗവും ഉപയോഗശൂന്യമാണ്. ഈ ഉപയോഗശൂന്യമായ പ്രദേശങ്ങൾ നികത്തിയെടുക്കുന്നതിന് ആവശ്യ

മായ സഹായം ലഭ്യമാക്കിയാൽ ഈ പ്രദേശം കൃഷിക്ക് ഉപയോഗപ്പെടുത്താൻ സാധിക്കും.

* ആരോഗ്യപ്രശ്നങ്ങൾ ഏറെയുള്ള കോളനി പ്രദേശങ്ങളിൽ ഇത്തരം പ്രശ്നങ്ങൾക്കെതിരെ മുൻകരുതലെടുക്കാൻ കോളനി നിവാസികളെ സന്നദ്ധരാകേണ്ടതുണ്ട്.

* കോളനികളിലെ പ്രാഥമികസൗകര്യങ്ങളും, ശുദ്ധജലവിതരണവും കാര്യക്ഷമമായും പൂർണ്ണമായും നടപ്പിലാക്കേണ്ടതാണ്.

* ഈ വിഭാഗത്തിൽപ്പെട്ടവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി ഒരു മാർഗ്ഗ നിർദ്ദേശകസംഘം രൂപീകരിച്ച് സ്വയംതൊഴിൽ സംഘങ്ങളും മറ്റും തുടങ്ങുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കാവുന്നതാണ്.

* നിലവിലുള്ള ഹരിജൻസഹകരണസംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനുവേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും ധനസഹായങ്ങളും നൽകുന്നതിനുവേണ്ടി പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു അപെക്സ് സംഘം രൂപീകരിക്കാവുന്നതാണ്.

* പുറംപോക്കിൽ താമസിക്കുന്ന പട്ടികവിഭാഗക്കാർക്ക് ഭൂമി പതിച്ചു നൽകുകയോ പകരം ഭൂമി നൽകുകയോ ചെയ്യാവുന്നതാണ്.

* അന്ധവിശ്വാസങ്ങൾക്കും ജാതി ചിന്തകൾക്കുമെതിരെ പ്രചരണവും ബോധവൽക്കരണക്ലാസ്സുകളും സംഘടിപ്പിക്കാവുന്നതാണ്.

* ഈ വിഭാഗത്തിൽപ്പെട്ടവർക്കായി നൂതന തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിനുള്ള സാങ്കേതിക പരിശീലനം നൽകാവുന്നതാണ്.

* ഹരിജൻ കോളനി നിവാസികളുടെ വിനോദത്തിനും വിജ്ഞാനത്തിനും ഉതകുന്ന തരത്തിലുള്ള വിനോദ-വിജ്ഞാന ഉപാധികൾ ഏർപ്പെടുത്താവുന്നതാണ്.

* കോളനികളിലെ പ്രധാനപ്പെട്ട പാതകളുമായി ബന്ധപ്പെടുത്തി റോഡുകൾ പണിയേണ്ടിയിരിക്കുന്നു.

* ഇപ്പോൾ അനുവദിക്കുന്ന ഭവന നിർമ്മാണപദ്ധതികളുടെ തുക വർദ്ധിപ്പിച്ച് ഭവനനിർമ്മാണം പ്രോത്സാഹിപ്പിക്കാവുന്നതാണ്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി ധാരാളം പദ്ധതികൾ ഇപ്പോൾത്തന്നെ ഗവൺമെന്റ് നടപ്പിലാക്കുന്നുണ്ട്. എന്നാൽ, ഇവയെക്കുറിച്ച് ഈ വിഭാഗക്കാർക്ക് വേണ്ടത്ര അറിവില്ല. അറിവുള്ളവയെ കാര്യക്ഷമമായി വിനിയോഗിക്കുന്നതുമില്ല. ഇതിനായി പഞ്ചായത്തുതലത്തിൽ ഒരു ഇൻഫർമേഷൻ & മോണിറ്ററിംഗ് സെന്റർ ആരംഭിക്കേണ്ടിയിരിക്കുന്നു.

വിഭവ സമാഹരണം

ധനപരമായ വരുമാനമാർഗ്ഗങ്ങൾ തുലോം കുറവായ ഒരു പഞ്ചായത്താണ് മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്ത്. അവികസിതമായ ഈ പഞ്ചായത്തിന്റെ നിലനിൽപ്പ് ഗവൺമെന്റിൽനിന്നും കാലാകാലങ്ങളിൽ ലഭിച്ചുവരുന്ന ഗ്രാന്റുകൾ മാത്രമാണ്. എന്നാൽ ഇത്തരം ഗ്രാന്റുകൾ ഒക്കെത്തന്നെ ഇപ്പോഴും ജനസംഖ്യാനുപാതികമായി തുടരുന്നതിനാൽ ഈ പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥ ഇപ്പോഴും നിലനിൽക്കുന്നു.

ഈ പഞ്ചായത്തിലെ ജനങ്ങൾ പ്രധാനമായും ഏർപ്പെടുന്നത് കാർഷികമേഖലയിലും അതുമായി ബന്ധപ്പെട്ട ചെറുകിടവ്യവസായ മേഖലകളായ കയർ, കൊപ്ര എന്നിവയിലുമാണ്. കയർ മേഖലയിലും അതുമായി ബന്ധപ്പെട്ട മറ്റ് മേഖലകളിലും ചെറുകിട വൻകിട വ്യവസായങ്ങൾ ഒന്നുംതന്നെ ഇവിടെ വികസിച്ചിട്ടില്ല. മാത്രമല്ല, പഞ്ചായത്തിലെ വരുമാനം വർദ്ധിക്കുവാൻ സഹായിക്കുന്ന മറ്റു മാർഗ്ഗങ്ങളായ പൊതുചന്തയോ ഷോപ്പിംഗ് കോംപ്ലക്സോ കമ്മ്യൂണിറ്റി ഹാളോ വിനോദശാലകളോ ഇവിടെയില്ലാത്തതും വരുമാനം കുറയുവാൻ കാരണമാകുന്നു. മുമ്പ് ഈ പഞ്ചായത്തിൽ വില്ലിമംഗലം, കണ്ടാംകാണി, എന്നീ വാർഡുകളിൽ സ്ഥിതിചെയ്തിരുന്ന രണ്ട് സിനിമാശാലകൾ പഞ്ചായത്തിന്റെ ഒരു പ്രധാന വരുമാനമാർഗ്ഗമായിരുന്നു. ഈ രണ്ട് സിനിമാശാലകളുടെയും പ്രവർത്തനം നിലച്ചിരിക്കുന്നതിനാൽ വിനോദനികുതി ഇനത്തിൽ ലഭിച്ചിരുന്ന വരുമാനവും ഇല്ലാതായി. നിലവിൽ ഈ പഞ്ചായത്തിന്റെ വരുമാനമാർഗ്ഗങ്ങളും അവയുടെ ഇന്നത്തെ സ്ഥിതിയും ചുടെ അവലോകനം ചെയ്യുന്നു.

കെട്ടിടനികുതി

ഏറ്റവും അശാസ്ത്രീയമായ രീതിയിൽ ഈ പഞ്ചായത്തിലെ ആളുകൾ ധനവിനിയോഗം നടത്തുന്ന ഒരു മേഖലയാണ് കെട്ടിടനിർമ്മാണം. പലരും ആഡംബരത്തിന്റെയും പ്രൗഢിയുടെയും പ്രതീകമായിട്ടാണ് കെട്ടിടം നിർമ്മിക്കുന്നത്. ഈ ധൂർത്ത് ഒഴിവാക്കുന്നതിലേയ്ക്ക് ഇപ്പോൾ കെട്ടിടനികുതി വസൂലാക്കുന്ന നിയമങ്ങളിൽ നിലനിൽക്കുന്ന പഴുതുകൾ ഒഴിവാക്കി കാലോചിതമായ ഒരു ഭേദഗതി ഉണ്ടാകേണ്ടിയിരിക്കുന്നു. കൂടാതെ വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് നികുതി ചുമത്തുമ്പോൾ തറയുടെ വിസ്തീർണ്ണവും വാടകയും ഒരുമിച്ച് പരിഗണിക്കപ്പെടേണ്ടിയിരിക്കുന്നു. ഈ സാമ്പത്തികവർഷം കെട്ടിടനികുതിയിനത്തിൽ പിരിഞ്ഞുകിട്ടേണ്ടിയിരുന്നത് 80,296.00 രൂപയായിരുന്നുവെങ്കിൽ നാളിതുവരെ പിരിഞ്ഞുകിട്ടിയത് 71,167.75 രൂപ മാത്രമാണ്. കെട്ടിടനികുതി വസൂലാക്കുന്ന കാര്യത്തിൽ വരുന്ന കാലതാമസം ഒഴിവാക്കുന്നതിലേയ്ക്കുള്ള നിയമഭേദഗതി നടത്തേണ്ടിയിരിക്കുന്നു.

തൊഴിൽ നികുതി

ഈ പഞ്ചായത്തിൽ പ്രധാനമായും തൊഴിൽ നികുതി ലഭിക്കുന്നത് ഇവിടെ പ്രവർത്തിച്ചുവരുന്ന വിവിധ സർക്കാർ സ്ഥാപനങ്ങളിലെയും എയിഡഡ് സ്ക്കൂളുകളിലെയും സഹകരണമേഖലകളിലെയും ഉദ്യോഗസ്ഥരിൽനിന്നുമാണ്. നടപ്പ് ധനകാര്യവർഷം 54,085 രൂപ തൊഴിൽനികുതിയിനത്തിൽ ലഭിക്കേണ്ടിയിരുന്നതിൽ 51,645.00 രൂപയാണ് പിരിഞ്ഞുകിട്ടിയിട്ടുള്ളത്. സ്വകാര്യമേഖലകളിലെ ചെറുകിട-ഇടത്തരം വിഭാഗങ്ങളിൽ ജോലിനോക്കിവരുന്നവരെക്കൂടി തൊഴിൽനികുതി പരിധിയിൽകൊണ്ടുവരേണ്ടതായുണ്ട്.

വരവ് സംബന്ധിച്ച വിവരങ്ങൾ

ഇനം	പിരിഞ്ഞുകിട്ടേണ്ട തുക	പിരിഞ്ഞുകിട്ടിയ തുക	ബാക്കി
കെട്ടിട നികുതി	80,296.00	71,167.75	9,128.25
സർവ്വീസ് ചാർജ്ജ്	12,715.00	11,254.25	1,460.75
തൊഴിൽ നികുതി	54,085.00	51,645.00	2,440.00
ലൈബ്രറിസെസ്	4,014.80	3,688.95	325.85

ലൈസൻസ് ഫീസ് 9,964.00 5,967.50 3,996.50

വസ്തു കൈമാറ്റ നികുതി (75%) – 22,970 –

സർക്കാർ ഗ്രാന്റുകൾ – 5,59,449 –

ഡിപ്പോസിറ്റ് – 12,150 –

മറ്റുള്ളവ – 9,877.60

ചെലവ് സംബന്ധിച്ച വിവരങ്ങൾ

ചെലവിനത്തിൽ ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ തുക വിനിയോഗിക്കുന്നത് പൊതുഭരണകാര്യങ്ങൾക്കായാണ്. മൊത്തം ചെലവിന്റെ 43.5% ഇതിനായി വിനിയോഗിക്കപ്പെടുന്നതായാണ് കാണുന്നത്. കൂടാതെ, പൊതുമരാമത്ത് പണികൾക്കായി 32.6% തുകയും ജലവിതരണ–പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്കായി 12.3% തുകയും തെരുവുവിളക്കുകൾ കത്തിക്കുന്നതിന് 5.6% തുകയും നീക്കിവയ്ക്കുമ്പോൾ വിദ്യാഭ്യാസത്തിനായി 0.7% തുക മാത്രമേ കഴിഞ്ഞ കാലങ്ങളിൽ നീക്കിവയ്ക്കപ്പെട്ടിരുന്നുള്ളൂ. ഇവിടുത്തെ സ്ക്കൂളുകളുടെ പഠനനിലവാരത്തിലെ പിന്നോക്കാവസ്ഥയ്ക്ക് ഒരുപരിധിവരെ ഇതും കാരണമായിട്ടുണ്ട്.

പഞ്ചായത്തിലെ നടപ്പുസാമ്പത്തികവർഷത്തിലെ വരവുചെലവ് കണക്കുകൾ പരിശോധിച്ചതിൽനിന്നും വരവിനത്തിൽ 7,48,170.05 രൂപയും ചെലവിലനത്തിൽ 9,35,745.00 രൂപയുമാണെന്മാണെന്ന്ണെന് മനസ്സിലാക്കാം.

ധനകാര്യസ്ഥാപനങ്ങൾ

ഈ പഞ്ചായത്തിൽ സഹകരണമേഖലയിൽ ഒരു സർവ്വീസ് സഹകരണബാങ്കും ഒരു പൊതുമേഖലാ ബാങ്കിന്റെ ശാഖയും പ്രവർത്തിച്ചുവരുന്നു. പൊതുവേ നല്ല രീതിയിൽ പ്രവർത്തിക്കുന്ന സഹകരണബാങ്കിനെയാണ് ഏകദേശം 7,631 ഓളം അംഗങ്ങൾ തങ്ങളുടെ സാമ്പത്തിക പരാധീനതകൾ പരിഹരിക്കുന്നതിനു വേണ്ടി സമീപിക്കുന്നത്. എന്നാൽ എല്ലാവരുടെയും ആവശ്യങ്ങൾ നിറവേറ്റത്തക്കരീതിയിൽ ബാങ്കിന്റെ പ്രവർത്തന മേഖല ഇനിയും വികാസം പ്രാപിച്ചിട്ടില്ല. ഇവിടുത്തെ പൊതുമേഖലാ ബാങ്കായ കാനറാ ബാങ്കിലാണ് പഞ്ചായത്ത് വക ഫണ്ടുകൾ ഏറെക്കുറെ നിക്ഷേപിച്ചിരിക്കുന്നത്. നമ്മുടെ പഞ്ചായത്തിന്റെ കിഴക്കേയറ്റത്താണ് ഈ സ്ഥാപനം സ്ഥിതിചെയ്യുന്നത്. ഭൂമിശാസ്ത്രപരമായ പ്രത്യേകതമൂലം പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും ഈ ബാങ്കുമായി ബന്ധപ്പെടുന്നതിനുള്ള സൗകര്യം കുറവാണ്. ഇതുമൂലം വിദേശത്തു ജോലിചെയ്യുന്നവരുൾപ്പെടെയുള്ളവർക്ക് ഈ ബാങ്കിനെ കൂടുതൽ ആശ്രയിക്കാൻ കഴിയാത്ത അവസ്ഥയുമുണ്ട്.

കാലാകാലങ്ങളിലായി ഈ ബാങ്ക് നൽകിയിട്ടുള്ള വായ്പകൾ തിരിച്ചടയ്ക്കുന്നതിനുണ്ടായിട്ടുള്ള വീഴ്ചമൂലം പുതിയ വായ്പകൾ നൽകുന്നതിനും ബാങ്കിന് സാധിക്കുന്നില്ല. വായ്പകൾ കർശനമായി തിരിച്ചടപ്പിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകുന്നതിനോടൊപ്പം സ്വയം തൊഴിൽ ഉൾപ്പെടെയുള്ള കൂടുതൽ മേഖലകളിലേയ്ക്ക് വായ്പകൾ നൽകുന്നതിനുള്ള സംവിധാനവും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇവിടുത്തെ സഹകരണബാങ്കിന്റെ പ്രവർത്തനവും ഇതിൽനിന്നും കൂടുതൽ വ്യത്യസ്തമല്ല. വായ്പകൾ തിരിച്ചടയ്ക്കാത്ത അവസ്ഥ ഈ സ്ഥാപനങ്ങളുടെ നിലനിൽപ്പിനെപ്പോലും ബാധിക്കുന്നതാണ്. പഞ്ചായത്തിന്റെ നാനാവിധമായ വികസനപ്രവർത്തനങ്ങൾക്ക് ഉതകുന്നതരത്തിൽ ഈ സ്ഥാപനങ്ങളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്താനാവശ്യമായ തരത്തിലുള്ള ഗൗരവമായ ചർച്ചകൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

സാധ്യതകൾ

* പ്രകൃതി കനിഞ്ഞരുളിയ ഏറെ സവിശേഷതകളുള്ള ഒരു പ്രദേശമാണിത്. പച്ചപ്പോടെ തലയെടുത്തുനിൽക്കുന്ന തെങ്ങുകളും ഒറ്റപ്പെട്ട ചെറുതുരുത്തുകളും ജലാശയങ്ങളും അങ്ങിങ്ങായുള്ള കുന്നുകളും ഇതിന്റെ സൗന്ദര്യം വർദ്ധിപ്പിക്കുന്നു. ഈ അനുകൂലസാഹചര്യങ്ങളെ വേണ്ടത്ര പ്രയോജനപ്പെടുത്തിക്കൊണ്ട് ടൂറിസം വികസിപ്പിക്കുന്നതിനുള്ള സാഹചര്യം ഇവിടെ ഇന്നുണ്ട്. ടൂറിസ്റ്റുകൾക്ക് താമസിക്കുവാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്തുകൊണ്ട് ഒറ്റപ്പെട്ട ദ്വീപുകളെ ബന്ധിപ്പിക്കുന്നതരത്തിലുള്ള ഒരു ടൂറിസം മാപ്പ് ഉണ്ടാക്കുകയും 28–ാം ഓണദിവസം നടക്കുന്ന കല്ലട ജലോത്സവം കേരളത്തിന്റെ ടൂറിസം കലണ്ടറിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. കൊല്ലത്ത് എത്തുന്ന ടൂറിസ്റ്റുകളെ മണ്ട്രോത്തുരുത്തിൽ എത്തിക്കുന്നതിനാവശ്യമായ യാത്രാസൗകര്യങ്ങളും ഇതോടനുബന്ധിച്ച് ഉണ്ടാകേണ്ടതുണ്ട്. ഇത്തരത്തിൽ ഈ പഞ്ചായത്തിലെ ടൂറിസം മേഖല വികസിപ്പിച്ചുകൊണ്ട് ഈ ഗ്രാമത്തിന്റെ സാമ്പത്തിക അഭിവൃദ്ധി മെച്ചപ്പെടുത്താവുന്നതാണ്.

* ഷോപ്പിംഗ് കോപ്ലക്സുകളും ആഡിറ്റോറിയം, പൊതുമാർക്കറ്റ് പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ എന്നിവയും സ്ഥാപിച്ചാൽ പഞ്ചായത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ കഴിയും. ഇതിന്റെ സാദ്ധ്യതകൾ സ്വകാര്യമേഖലയിലും ആലോചിക്കാവുന്നതാണ്.

* കെട്ടിടനികുതി, തൊഴിൽനികുതി എന്നിവ തിട്ടപ്പെടുത്തുന്നതിലെ

അശാസ്ത്രീയതകൾ പരിഹരിച്ചുകൊണ്ട് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

* വിദേശത്ത് ജോലിചെയ്യുന്ന ഈ പഞ്ചായത്തിലെ ആളുകളുടെ സമ്പത്ത് ഇവിടുത്തെ സാമൂഹ്യപുരോഗതിക്കുകൂടി പ്രയോജനപ്പെടുന്നതരത്തിൽ നിക്ഷേപിക്കുന്നതിനാവശ്യമായ പദ്ധതികളെക്കുറിച്ച് ആലോചിക്കേണ്ടതായുണ്ട്.

ചെലവ് സംബന്ധിച്ച വിവരങ്ങൾ

ഇനം	തുക
ഭരണം	4,07,198.00
പൊതുമരാമത്ത്	3,04,890.00
വിദ്യാഭ്യാസം	6,615.00
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	1,15,458.00
തെരുവ് വിളക്കുകൾ കത്തിക്കുന്നതിന്	5,2,936.00
മറ്റുള്ളവ	48,648.00
ആകെ	9,35,745.00

സന്ദേശം

ഗ്രാമങ്ങളിലാണ് ഭാരതത്തിന്റെ ആത്മാവ് കുടികൊള്ളുന്നത് എന്നു വിശ്വസിച്ച ഗാന്ധിജി, സ്വയംപര്യാപ്തമായ ഗ്രാമങ്ങൾ എന്നും അദ്ദേഹത്തിന്റെ സ്വപ്നമായിരുന്നു. സ്വാതന്ത്ര്യത്തിന്റെ 50 -ാം വാർഷികം ആഘോഷിക്കാൻ നാം തയ്യാറെടുക്കുമ്പോൾ ഭാരത്തിന്റെ ആത്മാവിനെ തൊട്ടറിഞ്ഞ ആ മഹാത്മാവിന്റെ ഭാരതസങ്കൽപ്പം ഇന്നും സ്വപ്നമായി അവശേഷിക്കുന്നു.

8 പദ്ധതികൾ പൂർത്തിയാക്കിയിട്ടും അടിസ്ഥാനപ്രശ്നങ്ങൾ ഒന്നും തന്നെ പരിഹരിക്കപ്പെട്ടിട്ടില്ല എന്ന ദുഃഖസത്യം ഏറെ വേദന ജനിപ്പിക്കുന്നു. വികസനപ്രവർത്തനങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്ന കാര്യത്തിൽ കഴിഞ്ഞ 8 പദ്ധതികളും തികഞ്ഞ പരാജയമായിരുന്നു. ഈ പാഠങ്ങൾ ഉൾക്കൊണ്ടും സമഗ്രപഠനങ്ങളുടെ അടിസ്ഥാനത്തിൽ രൂപം നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് കേരളത്തിന്റെ 9-ാം പദ്ധതി. തികഞ്ഞ ജനകീയ പങ്കാളിത്തത്തോടെ സർവ്വതോന്മുഖമായ പുരോഗതിയിലൂടെ ഗ്രാമങ്ങളെ കഴിയുന്നതും സ്വയം പര്യാപ്തമാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ലോകത്തിനുതന്നെ ഇതൊരു പുതിയ മാതൃകയാണ്.

എല്ലാ വിഭാഗം ജനങ്ങളുടെയും തികഞ്ഞ പങ്കാളിത്തമില്ലാതെ ഈ പരിപാടി വിജയിപ്പിക്കാനാവില്ല. നമ്മുടെ പഞ്ചായത്തിന്റെ സമഗ്രവികസനത്തെക്കുറിച്ച് ചർച്ചചെയ്യുന്ന ഈ അവസരത്തിൽ ഒരു ഉത്തമപൗരനെന്നനിലയിൽ നമുക്കോരോരുത്തർക്കും വിലയേറിയ പങ്കുവഹിക്കാനാകും. മറ്റ് എല്ലാ പരിഗണനകൾക്കും അതീതമായ കൂട്ടായ പ്രവർത്തനത്തിലൂടെ ഈ മഹാ പ്രസ്ഥാനത്തിന്റെ ഭാഗമായി നമുക്ക് അഭിമാനിക്കാം.

അഭിവാദനങ്ങളോടെ.....
അഡ്വ: ബി.ശിവപ്രസാദ്

1200